
KNANAYADEEPAM

# ക്നാനായ ദീപം

Vol: 36 / Issue: 3 March 2025 ₹:10/-




**മൂശയുമേലിയാവും**
**നാല്പതുദിനം നോമ്പെടുത്തു**
**നമ്മുടെ കർത്താവും നോറ്റു**
**ആകൽക്കറുസായേ ജയിച്ചു**



# 15-ാം ചരമ വാർഷികം (29-03-2025)

ദൈവമേ നിന്റെ കൃപയുടെ ബാഹുല്യംപോലെ
എന്നോടു കരുണയുണ്ടാകേണമേ



## ഇ. ജെ. കുറിയാക്കോസ്

ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ ശുദ്ധിമരൊത്തിവനെ പുതുതാക്കീടണമേ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക്ക്, റേച്ചൽ, കുറിയാക്കോസ് & എൽസ)

Advt -O

# ക്നാനായ ദീപം

2025 മാർച്ച് പുസ്തകം 36 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

നോമ്പിന്റെ നമസ്കാരം 08
ഫാ. ജേക്കബ് തോമസ് തോപ്പിൽ

പുതിയ നിയമത്തിലെ കൃപകൾ... 09
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

വിശുദ്ധ സഭയുടെ ഏകത്വം 10
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ചന്തയായ കേരളം, തരിശ്ശണമായ തലമുറ..... 15
സുനിൽ ഡി. കുരുവിള

ഒരു നെഹമിയ ആകാൻ.... 17
പ്രൊഫ. എം. എ. എബ്രഹാം മണിമലേത്ത്

സെന്റ് മേരീസ് കുരിശുപള്ളി 18
കെ. ഒ. മാത്യു കുളമടയിൽ

ക്രിസ്തീയ ജീവിതം... 19
തോമസ് തൈക്കുറിഞ്ഞിയിൽ

ഏവൻഗേലിയോൻ ദീപം 20
വെരി. റവ. ഫാ. റോയി മാത്യു കോർ–എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ

23 എങ്ങോട്ടാണ് ഈ യാത്ര
അമ്മാൾ രാജൻ പുളിമൂട്ടിൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

35 വാർത്താദീപം

36 European Knanaya Churches and Priests

37 മല്പാനോട് ചോദിക്കാം

39 കാൽപ്പാടുകൾ - എബി

40 മാട്രിമോണിയൽ

42 നോഹയുടെ പെട്ടകം
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

43 സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം
അനുബ് ജോൺ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

2025 ലെ വലിയ നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. എല്ലാവരോടും നിരപ്പായതിനുശേഷം നോമ്പു നോൽക്കണമെന്നുള്ള നിയമം അനുസരിച്ച് ശുബക്കോനോ ശുശ്രൂഷ നടത്തി. മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങളും പരിപൂർണ്ണ നിരപ്പു പ്രാപിച്ചതിനുശേഷമാണോ നോമ്പ് നോൽക്കുന്നതെന്നു പരിശോധിക്കേണ്ടതാണ്. വെറും ചടങ്ങായി, പ്രഹസനമായിട്ടോ, മാത്രം ശുബക്കോനോ നടത്തുന്നതുകൊണ്ട് ശാപം ഏറ്റു വാങ്ങുകയാണ്. വിശ്വാസ ജീവിതത്തിൽ വലിയ നോമ്പിനും തുടർന്നുള്ള പീഡാനുഭവവാരത്തിനും ഉള്ള പ്രാധാന്യം അതുല്യമാണ്. ഒരു സഭാംഗത്തിനു ഓരോ ഞായറാഴ്ചയും പ്രധാനമാണ്. അതിനെ പിന്നിട്ടു വരുന്ന ഓരോ ആഴ്ചയും അതതു ഞായറാഴ്ചയുടെ ധ്യാനവിഷയമായി കടത്തിവിടുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് സഭയിൽ ക്രമീകരിച്ചിട്ടുണ്ട്. ക്രിസ്തീയ വളർച്ചക്കാവശ്യമായ എല്ലാ കാര്യങ്ങളും സഭ ക്രമീകരിച്ചിട്ടുണ്ട്. അത് ആരാധന ക്രമപുസ്തകത്തിൽ മാത്രം കിടക്കുവാനുള്ളതല്ല. സഭയുടെ കല്പനകളാണ് ജീവിതത്തിന് നേതൃത്വം നൽകേണ്ടത് അല്ലാതെ നമ്മുടെ സൗകര്യത്തിന് നാം ഉണ്ടാക്കുന്ന വെറും പതിവുകളല്ല. നോമ്പുകൊണ്ടും ശുശ്രൂഷകൾകൊണ്ടും കിട്ടേണ്ടിയ ചില അനുഭവങ്ങൾ ഉണ്ട്. അത് പിൽക്കാല ജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും. എന്നാൽ അനേകരിൽ അതു കാണുന്നില്ലെന്നതാണ് പരമാർത്ഥം. വേണ്ടവിധത്തിൽ ചെയ്യാത്തതുകൊണ്ട് സ്വർഗ്ഗീയമായ ശുശ്രൂഷകൾ പ്രഹസനമായിട്ടോ, ഡ്രാമാ ആയിട്ടോ ആണ് ചിലർക്ക് തോന്നാറുള്ളത്. നാമമാത്രമായ കുമ്പസാരവും കുർബ്ബാന അനുഭവവും ഒരു വ്യക്തിയിലും വ്യതിയാനം വരുത്തുകയില്ല. യേശുക്രിസ്തു നമ്മുടെ കർത്താവും ദൈവവും ആണെന്നും തന്നിൽ ജീവിക്കുന്നവർ പാടേ വ്യത്യാസപ്പെട്ട ഒരു ജീവിത രീതി അവലംബിക്കണമെന്നും ഉള്ള ശക്തിയായ ബോധ്യം ഉണ്ടാകയും, ആ വിധത്തിൽ ജീവിക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്യുന്നതിന് നമ്മുടെ നോമ്പും ശുശ്രൂഷകളും നമ്മേ സഹായിക്കുന്നതായിരിക്കണം. ആ തീരുമാനത്തിൽ എത്താതെ കുമ്പസാരിക്കയും, വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നത് ശരിയല്ല. നോമ്പുകൊണ്ട് നമുക്കെന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അത് നോമ്പിനു ശേഷവും നമ്മിൽ കാണാനിടയാകട്ടെ.

നമ്മുടെ പല ആളുകളിലും സഭാജീവിതചര്യകൾ ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധാർഹമായ ഒരു കാര്യമായിത്തീരണം. സഭയുടെ ശത്രുക്കൾ പുറമേ ഉള്ളവരല്ല. സഭയോടെ അവിശ്വസ്ഥരായി ജീവിച്ചുകൊണ്ട് ഉള്ളിൽ നിൽക്കുന്നവരാണ്. ഒരു സഭയിലെ ഒരംഗം സഭയുടെ താല്പര്യത്തിനും ഡിസിപ്ളിനും എതിരായി ജീവിച്ചാൽ ആ സഭയെ സംബന്ധിച്ചിടത്തോളം തകർച്ചയാണ്. അതിന്റെ പ്രത്യക്ഷ ലക്ഷണമാണ് വി. കുർബ്ബാനയെ അവഗണിച്ചുകൊണ്ടുള്ള ചില പട്ടക്കാരുടെയും ജനങ്ങളുടെയും ജീവിത രീതി. ഞായറാഴ്ച ദിവസങ്ങളിലും മാറാനായ ദിവസങ്ങളിലും വി. കുർബ്ബാന അർപ്പിക്കാതെയും സംബന്ധിക്കാതെയും ഇരുന്നുകൊണ്ട് അത് അനുഭവിക്കാതെയും ഇരുന്നുകൊണ്ട് ജീവിതം ചിലവഴിക്കുന്നത് ഗൗരവതരമായ ഒരു കുറവായി ആരും കണക്കാക്കാതിരിക്കുന്നത് വിശ്വാസത്തിന്റെ നിലപാടിൽ ഉള്ള പാപ്പരത്വത്തെയാണ് കാണിക്കുന്നത്. വി. കുർബ്ബാന സംസർഗ്ഗം ഒരു ഡിസിപ്ളിനു മാത്രംവേണ്ടിയുള്ളതല്ല. അതുകൂടാതെ ക്രിസ്തീയ ജീവിതം അസാധ്യമാണെന്ന് കാതോലിക സഭകൾ പഠിപ്പിക്കുന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരാളിന് ഇതു കൂടാതെ ജീവിക്കുവാൻ സാധ്യമല്ല തന്നെ. അത് സിനിമയോ പ്രഹസനമോ അല്ല. സ്വർഗ്ഗീയ വിരുന്നാണ്. ആയുസ്സിൽ ഒന്നും രണ്ടും പ്രാവശ്യം പള്ളിയകം കണ്ട് ഇറങ്ങുന്നവരും, ആണ്ടിൽ ദുഃഖവെള്ളിയാഴ്ചയും പ്രധാന പെരുന്നാളിലും പള്ളിപറമ്പിൽ വരുന്നവരും ഇന്ന് സഭയിൽ ഉണ്ട്. പക്ഷേ ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന ജീവിതങ്ങളെ നേരായ പന്ഥാവിൽ തിരിച്ചുവിടാനുള്ള ഒരു ഉദ്യമവും ഒരിടത്തും കാണാത്തത് അത്ഭുതകരമായിരിക്കുന്നു. പട്ടക്കാർ ആരാധനയിൽ പാലിക്കേണ്ട ചിട്ടകളും സ്വയ ശിക്ഷണവും വലിയ ബുദ്ധിമുട്ടായി തോന്നിയേക്കാവുന്നവരുണ്ട്. അങ്ങനെ ഇക്കാര്യങ്ങളൊക്കെ ബുദ്ധിമുട്ടായി തോന്നുന്നവർ ഈ സ്ഥാനം പ്രാപിക്കാൻ മുൻപോട്ടു വരാതിരിക്കുന്നതായിരിക്കും ഉത്തമം. ബുദ്ധിമുട്ടുള്ളവരെയാണ് ഇന്ന് സഭയ്ക്ക് ആവശ്യം. സുഖലോലുപത്യവും ലൗകീകത്വവും കക്ഷിപിടുത്തവും കാംക്ഷിക്കുന്ന പട്ടക്കാർ എന്നും സഭയ്ക്ക് കണ്ഠകോടാലിയായിരിക്കും. നോമ്പും നമസ്ക്കാരവും ശിക്ഷണവുമാകുന്ന ഇമ്പമുള്ള നുകും സന്തോഷത്തോടും പിറുപിറുപ്പ് ഇല്ലാതയും വഹിക്കുന്ന വൈദീകരിൽ കൂടെ മാത്രമേ സഭ ഉയരുകയുള്ളു. അവർക്ക് മാത്രമേ ജനങ്ങളെ നടത്തുവാൻ കെൽപ്പുണ്ടാകൂ. നല്ലവണ്ണം ആടുകളെ മേയിക്കുന്ന ഇടയന്മാർക്കു മാത്രമേ ഇടയശ്രേഷ്ഠനായ കർത്താവിൽ നിന്നും പ്രതിഫലം ലഭിക്കുകയുള്ളു.

ചേരിപ്പോരും ചാക്കിട്ടുപ്പിടുത്തവും കാലു മാറ്റവും രാഷ്ട്രീയത്തിലെ തന്നെ മൂന്നാംതരം മുറകളായി ഗണിക്കപ്പെട്ടിരിക്കെ സഭാമക്കളിൽ ഇത് മാന്യമോ. വർത്തമാനപത്രങ്ങളിൽ കൂടിയും മാദ്ധ്യമങ്ങളിൽ കൂടിയും തങ്ങളുടെ ഗ്രൂപ്പിനെ ഉയർത്തിക്കാണിച്ച് മറ്റുള്ളവയെ നശിപ്പിക്കുന്ന പ്രവണത ശരിയല്ല. ഏതു വിധേനയും ദൈവനാമം മഹത്വപ്പെടുകയും നശിച്ചുപോകുന്ന ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്യണമെന്ന ഭാരത്തോടെ ആരംഭിച്ച ആത്മീയ പ്രസ്ഥാനങ്ങൾ പലതും "ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും" എന്നതിനു സമാനമായി ആത്മീയ മരണത്തിന്റെ വക്കിലെത്തിയ ആളുകളുടെ ഒരു കൂട്ടം മാത്രമായി മാറിയിരിക്കുന്നതിലേറെ കഷ്ടം വേറെ എന്തുണ്ട്. പൊതുവേ പറഞ്ഞാൽ ക്നാനായ ഉൾപ്പെടെ യാക്കോബായ, ഓർത്തഡോക്സ് എന്ന പേരുകളിൽ അറിയപ്പെടുന്ന സ്തുതി ചൊവ്വാക്കപ്പെട്ട പരിശുദ്ധ സഭക്ക് ഉണ്ടായിരുന്ന ദർശനം നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടപ്പെടുത്തിയതാണെന്നു തന്നെ വേണമെങ്കിൽ പറയാം. ദൈവത്തെ ഭയവും, മനുഷ്യനെ ശങ്കയും ഇല്ലാത്ത മെത്രാപ്പോലീത്തന്മാരും മേലധികാരികളും പട്ടക്കാരും വർദ്ധിച്ചിരി

*(ശേഷം പേജ് 7-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2025 വർഷത്തിലെ രണ്ട് മാസങ്ങൾ പിന്നിട്ട് പുതിയ മാസത്തിലേക്ക് ദൈവം നമ്മെ എത്തിച്ചുവല്ലോ. ദൈവത്തെ സ്തുതിച്ച് ജീവിതത്തെ നയിക്കാം. വലിയ നോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോകുന്നുവല്ലോ. നോമ്പിന്റെ ദിനങ്ങളിൽ നമ്മുടെ കർത്താവും രക്ഷകനുമായ യേശുനാഥൻ നമ്മെപ്രതി അനുഭവിച്ച് പീഡാസഹനവും, ക്രൂശ്മരണവും നാം ധ്യാനിച്ച് ദൈവവുമായുള്ള ബന്ധം കൂടുതൽ തീക്ഷ്ണതയുള്ളതാക്കണം. ലോകത്തിൽ നാം ആയിരിക്കുമ്പോൾ നിരന്തരമായി പ്രലോഭനങ്ങളിൽ അടിമപ്പെട്ടുപോകാതെ, സാത്താനെതിരായ പോരാട്ടത്തിന്റെ ശക്തമായ സംരക്ഷണ കാലമായി ഈ ദിനങ്ങൾ ആയിത്തീരണം. നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതിലൂടെ പാപത്തിന്റെ അനന്തര ഫലമായി നമ്മുടെ ആത്മാവിൽ ഉണ്ടായിട്ടുള്ള രോഗങ്ങളെ സൗഖ്യമാക്കുവാനും ഇടയാകണം. നോമ്പു ദിനങ്ങൾ വ്രതശുദ്ധിയുടെയും അനുതാപത്തിന്റെയും, പാശ്ചാത്താപത്തിന്റെയും ദിനങ്ങളായി പരിണമിക്കണം. ഈ നോമ്പിൽ പാപജീവിതത്തിൽ നിന്ന് അകലുവാനും, പ്രലോഭനങ്ങളിൽ ദുർബലരാകാതിരിക്കുവാനും, സഹജീവികളോടുള്ള കരുതലിനും ഇടയാകണം. നോമ്പ് അനുഷ്ഠാനത്തിലൂടെ നമ്മെത്തന്നെ വിശുദ്ധിയുടെ അനുഭവത്തിൽ കൂടുതൽ എത്താൻ ഇടയാകണം. നോമ്പ് കാലത്തിൽ കൂടുതൽ ബൈബിൾ വായന വ്യക്തിപരമായും, കുടുംബത്തിലും ഉണ്ടാകുവാൻ ശ്രദ്ധിക്കണം.

മാർച്ച് 5 മുതൽ 9 വരെ 23-ാ മത് ക്നാനായ കൺവൻഷൻ അനുഗ്രഹകരമായി നടത്തുവാൻ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കട്ടെ. വളരെ ചിട്ടയോടും, ആത്മാർത്ഥതയോടും പ്രാർത്ഥനയോടും കൂടെ ഇത് ക്രമീകരിക്കപ്പെട്ടു. പ്രസംഗകർ കടന്നുവന്ന് ദൈവത്തിന്റെ നിർമ്മല സുവിശേഷം നമ്മോടു പങ്കുവച്ചു. പരിശുദ്ധാത്മാവിൽ തന്നെ അത് ശ്രവിക്കുവാനും, സ്വീകരിക്കുവാനും നമുക്ക് സാധിച്ചു. കൺവൻഷന്റെ അനുഗ്രഹമെന്നതും അവയ്ക്ക് എത്രമാത്രം നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും, കുടുംബജീവിതത്തിലും സ്വാധീനം ചെലുത്തുവാൻ സാധിച്ചു എന്നതും, നമ്മുടെ ജീവിതത്തെ അത് എങ്ങനെ രൂപപ്പെടുത്തുവാനും സാധിച്ചു എന്നതിനെയും ആശ്രയിച്ചാണ്. വചനശ്രവണം മൂലം നന്മയുടെ ഒരു ബദൽ സമൂഹമായി നമുക്ക് രൂപപ്പെടുവാൻ ഇടയാകണം. അപ്പോഴാണ് ഈ വർഷത്തെ കൺവൻഷൻ അനുഗ്രഹമായിത്തീരുന്നത്. ഇതിന്റെ അനുഗ്രഹത്തിനായി അനേകമാസങ്ങളായി പ്രവർത്തിച്ച സുവിശേഷ സമാജം കേന്ദ്ര, മേഖല ഭാരവാഹികൾ, വൈസ് പ്രസിഡന്റും, ജനറൽ കൺവീനർ ഉൾപ്പെടെയുള്ള എല്ലാവരെയും, സുവിശേഷകർ, വോളന്റിയേഴ്സ്, ഇതിൽ സാമ്പത്തികമായി സഹകരിച്ച്, പ്രാർത്ഥനയോടെ ഇതിൽ വന്ന് സംബന്ധിച്ചവർ, ഇതിനായി ചെറുതായോ വലുതായോ അധ്വാനിച്ച എല്ലാവരെയും ഓർത്ത് ദൈവത്തിന് മഹത്വം കരേറ്റുന്നതോടൊപ്പം എല്ലാവർക്കും സമുദായത്തിന്റെ പേരിലുള്ള അനുമോദനവും അറിയിക്കുന്നു.

മാർച്ച് 25 ന് വചനിപ്പ് പെരുന്നാൾ ആണല്ലോ. ദൈവത്തിന്റെ ലോകത്തോടുള്ള രക്ഷാ പ്രവർത്തനത്തിൽ പ്രധാനപങ്കാളിത്തം മറിയം എന്ന യുവതി നിർവഹിച്ചതിന്റെ സ്മരണയാണല്ലോ നടത്തുന്നത്. ഇതിലൂടെ മറിയം പരി. ദൈവമാതാവെന്ന ഭാഗ്യകരമായ അവസ്ഥയിൽ എത്തിയല്ലോ. ദൈവഹിതത്തെ മറിയം തന്റെ ജീവിതത്തിലൂടെ പൂർത്തീകരിക്കുവാൻ തയ്യാറായത്, ദൈവമക്കളായ നമുക്ക് നല്കുന്ന സന്ദേശം, ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, അത് വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ നയിക്കുവാൻ ഇടയാകണം എന്നതാണ്.

വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ ഏപ്രിൽ 6 ന് സഭാദിനമാണല്ലോ. സഭാമക്കളുടെ തീക്ഷ്ണമായ പ്രാർത്ഥന അനിവാര്യമാണ്. സഭയുടെ പ്രേഷിത പ്രവർത്തനവും, സാമൂഹികമായ ഉന്നമന പ്രവർത്തികൾ അനുഗ്രഹിക്കപ്പെടുവാനും, ദൈവകൃപ നിറഞ്ഞ് പ്രവർത്തിക്കുവാനും, ദൈവരാജ്യത്തിന്റെ കെട്ടുപണി നിവർത്തിക്കുവാനും ഇടയാക്കുവാനായിട്ട് പ്രാർത്ഥിക്കണമെ. അന്നേ ദിവസം സമുദായ വികസന പ്രവർത്തനങ്ങൾക്കായി ആണ്ടുവരി എല്ലാവരും നൽകണം.

ഊശാനാ പെരുന്നാൾ ഏപ്രിൽ 13 ന് ആണല്ലോ. ഊശാന കുരുത്തോലകൾ ഏന്തിക്കൊണ്ട് നാം ആ പെരുന്നാളിൽ സംബന്ധിക്കുമ്പോൾ ആത്മീയമായി ദാവീദ് പുത്രന് ഊശാന എന്ന സ്തോത്ര സ്വരം നമ്മുടെ ഉള്ളിൽ നിന്ന് പുറപ്പെടുവിക്കുവാനും, അതിലൂടെ ദൈവസന്നിധിയിൽ നമ്മെ പുനർസമർപ്പിക്കുവാനും ഇടയായിത്തീരണം. ഊശാനദിനത്തിലെ നമ്മുടെ ദൈവാലയങ്ങളിലെ കാണിക്ക നമ്മുടെ കേന്ദ്ര സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കാണല്ലോ. എല്ലാ ദൈവാലയങ്ങ ളിൽ നിന്നും അത് സമുദായ ഓഫീസിൽ നൽകണം.

*(ശേഷം പേജ് 7-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ സമുദായത്തിൽ ചില പ്രതിസന്ധികൾ ഒക്കെ ഉണ്ടെങ്കിലും ഈ പ്രതിസന്ധികളെ ഒക്കെ തരണം ചെയ്യുന്നതുകൊണ്ട് സമുദായം നല്ല രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഉൾപ്പെടുന്ന ക്നാനായ കമ്മറ്റി 2018-ൽ ചുമതല ഏൽക്കുമ്പോൾ ഉണ്ടായിരുന്ന സമുദായം അല്ല ആ റ്റേം തീർന്ന് 2023 ൽ ഉണ്ടായിരുന്നത്.

സമുദായത്തിന്റെ തന്നെ മുഖച്ഛായ മാറ്റി. സമുദായ ആസ്ഥാനമന്ദിരമായ മോർ അപ്രേം സെമിനാരി, കൊടുങ്ങല്ലൂർ പൈതൃക സ്മാരകം, വടപുറം സ്കൂൾ, ക്നാനായ അസോസിയേഷൻ ഹാൾ നവീകരണം, കോളേജ് സമുച്ചയം, ഓതറ ഫാർമസി കോളേജിലെ ന്യൂ ബ്ലോക്ക്, റാന്നി ഹൗസിംഗ് പ്രോജക്ട് തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾ നടത്തി.

ഇനിയും 2028- ൽ ഈ കമ്മറ്റിയുടെ കാലാവധി തീരുമ്പോൾ സമുദായത്തിൽ റിട്ടയർമെന്റ് സെന്റർ കൂടാതെ തുടങ്ങിവച്ചവയുടെ പൂർത്തീകരണം, പുതിയ പുതിയ പദ്ധതികൾ അങ്ങനെ വലിയ വലിയ കാര്യങ്ങൾ സമുദായത്തിൽ നടപ്പിലാക്കുവാൻ ഞങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ഇരിക്കുകയാണ്. ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ സമുദായത്തിന്റെ കൂടെ ആണെന്ന് പറയുന്ന കുറെ ആളുകൾ വലിയ ബുദ്ധിമുട്ടുകൾ സമുദായത്തിന് ഉണ്ടാക്കി കൊണ്ടിരിക്കുകയാണ് എന്ന് പറയാതെ ഇരിക്കുവാൻ നിവർത്തിയില്ലാത്ത അവസ്ഥയിലാണ്.

അതിൽ പ്രധാനം അനാവശ്യമായി കേസുകൾ കൊടുക്കുക. ഒരു കാര്യത്തിന് തന്നെ പല കേസുകൾ കൊടുക്കുക. കോടതി അക്കാര്യങ്ങൾക്ക് ഓർഡർ കൊടുക്കുന്നില്ല എന്ന് മാത്രമല്ല സമുദായത്തിന് അനുകൂലമായി ലഭിക്കേണ്ട പല കേസുകളുടേയും വിധികളെ അത് സാരമായി ബാധിക്കുകയും സമുദായത്തിന് ഭീമമായ പണം നഷ്ടമാവുകയും ചെയ്യുന്നു. അതിന് ധാരാളം തെളിവുകൾ നമ്മുടെ പക്കൽ ഉണ്ട്.

കേസുകളെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുവാൻ ഉണ്ടെങ്കിൽ അത് സമുദായ നേതൃത്വവുമായും കമ്മറ്റിയുമായും അവർക്ക് ബന്ധപ്പെടാവുന്നതാണ്. അതുകൂട്ടാക്കാതെ നിയമാനുസരണമല്ലാതെ കൊടുക്കുന്ന കേസുകൾമൂലം പല ദൂഷിത ഫലവും ഉണ്ടാകുവാൻ സാധ്യത കാണുന്നുണ്ട്.

കൂടാതെ ഏത് പ്രസ്ഥാനവും സാമ്പത്തിക പ്രതിസന്ധി വരുമ്പോൾ അത് തരണം ചെയ്യുവാൻ പല മാർഗ്ഗങ്ങളും സ്വീകരിക്കും. അത് കമ്മറ്റി വിശദമായി പഠിച്ച് സാമ്പത്തിക വിദഗ്ദരുമായി ആലോചിച്ചു ചെയ്യുന്ന കാര്യങ്ങളാണ്. എന്നാൽ ഈ കൂട്ടർ അതിന് ഒന്നും തയ്യാറാകാതെ തടസ്സപ്പെടുത്തുവാനുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു.

തോട്ടക്കാട് കോളേജ് പൂർത്തീകരിക്കുന്നതിന് പണം ലഭ്യത ഒരു കാര്യമാണെങ്കിലും അവിടെ ഏറ്റവും ലാഭകരമായി കോഴ്സുകൾ നടത്തുന്നതിന് കമ്മറ്റി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സമുദായത്തിന്റെ ചിരകാല അഭിലാഷമാണ് ഒരു കോളേജ് സമുച്ചയം. 2015ലെ കമ്മറ്റി ആർട്സ് കോളേജ് നിർമ്മിക്കുന്നതിന് തറക്കല്ല് ഇട്ടു എങ്കിലും ഒന്നും നടന്നില്ല. 2018 ൽ അധികാരത്തിൽ വന്ന ഞങ്ങൾ പത്തേക്കർ സ്ഥലംവാങ്ങി കോളേജ് പണി ആരംഭിച്ചു. ആർട്സ് കോളേജിനുവേണ്ടി എം.ജി. യൂണിവേഴ്സിറ്റിയിൽനിന്നും അനുവാദവും വാങ്ങി. എന്നാൽ ആർട്സ് കോളേജിൽ കുട്ടികളെ ലഭിക്കുവാൻ സാധ്യത കുറഞ്ഞപ്പോൾ നേഴ്സിംഗ് കോളേജിന് ശ്രമിച്ചു. എന്നാൽ ഗവൺമെന്റിന്റെ പോളിസി അനുസരിച്ച് 200 കിടക്കകളുള്ള ആശുപത്രി ഉണ്ടെങ്കിലേ അനുവാദം ലഭിക്കുകയുള്ളു എന്ന ഘട്ടം വന്നപ്പോൾ ഇന്റർനാഷണൽ ഏജൻസി ഇടപെട്ട് വിദേശ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശ്രമം ഏതാണ്ട് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ കോഴ്സ് ലഭിച്ചാൽ വലിയ ഒരു പ്രസ്ഥാനമായി ക്നാനായ കോളേജ് വളർന്ന് ഒരു യൂണിവേഴ്സിറ്റിയായി ഉയരുവാൻ കോളേജിന് സാധിക്കും. അതിനുള്ള ശ്രമമാണ് കമ്മറ്റി നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ ശ്രമത്തെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്ന നമ്മുടെ ആളുകൾ ഉണ്ടെന്നുള്ളത് വളരെ ദയനീയമാണ്. ചുമർ ഉണ്ടെങ്കിലേ ചിത്രം വരയ്ക്കുവാൻ കഴിയുകയുള്ളു. അടിസ്ഥാന സൗകര്യം ആദ്യം വേണം. വസ്തു വാങ്ങി ആ കുറവ് നികത്തി. ഏത് കോഴ്സുകളും നടത്തുന്ന രീതിയിലാണ് കോളേജ് കെട്ടിടം ഡിസൈൻ ചെയ്തിരിക്കുന്നത്. എന്നാൽ അത് പൂർത്തീകരിക്കാതെ എങ്ങനെ കോഴ്സുകൾ നടത്തുവാൻ സാധിക്കും.

കെട്ടിടം പൂർത്തീകരിക്കാതെ ഇരിക്കുവാനുള്ള കാര്യങ്ങളാണ് ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന ആളുകൾ ശ്രമിക്കുന്നത്. ഈ വർഷം എങ്ങനെയെങ്കിലും കെട്ടിടം പണി തീർന്നാൽ ഉടൻ ക്ലാസുകൾ തുടങ്ങാം എന്നതിൽ ആർക്കും സംശയം വേണ്ട.

ഈ കാര്യങ്ങൾക്ക് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. അതുപോലെ സമുദായത്തിലെതന്നെ ചില തൽപര കക്ഷികൾ തേട് ഐ എന്ന ഓൺലൈൻ ചാനലു

കാരനെ ഉപയോഗിച്ച് സമുദായത്തിന്റെ സ്ഥാപനങ്ങളായ ഓതറ നസ്രേത്ത് ഫാർമസി കേളേജ്, ക്ലീമീസ് സ്കൂൾ, എഡേസാ തോട്ടം എന്നിവയ്ക്ക് എതിരായി വിജിലൻസിലും, ഹൈക്കോടതിയിലും ഒക്കെ കേസുകൾ കൊടുത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുമ്പോൾ കഴിഞ്ഞ 2018 ലെ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡിൽ സമുദായ പക്ഷത്തിന് ഉണ്ടായിരുന്നവർ സഹായ പക്ഷത്തിന് ആവശ്യമായ കള്ള രേഖകൾ കൊടുത്ത് സമുദായ സ്ഥാപനങ്ങളെ പൂട്ടിയ്ക്കുവാൻ തീവ്രമായ ശ്രമം നടത്തുന്നു. സമുദായ നേതൃത്വത്തെ സംബന്ധിച്ച് ഇതൊക്കെ തരണം ചെയ്യുവാൻ ഞങ്ങൾക്ക് സാധിക്കും. എന്നിരുന്നാലും പണച്ചിലവും ബുദ്ധിമുട്ടും ഉണ്ടാകുന്ന ഈ കൂട്ടരെ സമുദായജനം തിരിച്ചറിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

130-ാംമത് മാരാമൺ കൺവൻഷന്റെ 12-02-2025 ലെ എക്യൂമെനിക്കൽ സമ്മേളനത്തിൽ മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ തീയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയോടും വിവിധ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരോടും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ജനറൽ സെക്രട്ടറി റവ.ഡോ. ജെറി പിള്ളയോടും ഒപ്പം പങ്കെടുത്ത് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ് ആശംസകൾ അറിയിച്ചു.

കേരളത്തിന്റെ അഭിമാനമായി ഉത്തരാഖണ്ഡിൽ നടന്ന നാഷണൽ ഗെയിംസ് ഫുട്ബോളിൽ കേരളത്തിന് സ്വർണ്ണ മെഡൽ നേടിക്കൊടുത്ത കേരള ടീമിന്റെ ക്യാപ്റ്റനും രാമമംഗലം ക്നാനായ വലിയ പള്ളി ഇടവാകാംഗവുമായ അജയ് അലക്സിന് ക്നാനായ സമുദായത്തിന്റെയും ക്നാനായ അസോസിയേഷന്റെയും അനുമോദനം അറിയിക്കുന്നു.

ക്നാനായ സമുദായത്തിന്റെ കീഴിൽ അലൈൻനിൽ (യു.എ.ഇ. അബുദാബി) നമുക്ക് ആദ്യമായി ഒരു വർഷിപ്പ് സെന്റർ തുടങ്ങി വിശുദ്ധ കുർബ്ബാന നടത്തുവാൻ കഴിഞ്ഞു. സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സെന്റ് ജോസഫ് ക്നാനായ വർഷിപ്പ് സെന്റർ എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

25-02-25 ൽ കൂടിയ ക്നാനായ കമ്മറ്റിയിലെ തീരുമാനം ക്നാനായ അസോസിയേഷന്റെ ബഡ്ജറ്റ് സമ്മേളനം ഈസ്റ്റർ കഴിഞ്ഞതിനുശേഷം കൂടുന്നതിന് തീരുമാനിച്ചു. തീയതി പിന്നീട് അറിയിക്കും. ക്ലീമീസ് സെന്ററിൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ കാനറാബാങ്കിന് ലീസിനു കൊടുക്കുവാൻ തീരുമാനിച്ചു. വടപുറം തോട്ടത്തിലെ റബർ മരത്തിൽനിന്നും കറ വെട്ടിയെടുക്കുന്നതിന് പാട്ടത്തിന് കൊടുക്കുവാൻ തീരുമാനിച്ചു. ക്നാനായ ബുക്ക് സെന്റർ വിപുലീകരിക്കുവാൻ തീരുമാനിച്ചു.

ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം കല്ലിശ്ശേരി സെന്റ്മേരീസ് ക്നാനായ വലിയ പള്ളിയിൽ വച്ച് വി. കുർബ്ബാനയ്ക്ക്ശേഷം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസുകൊണ്ട് നിർവ്വഹിച്ചു.

പാലിയേറ്റീവ് & ഹോം കെയറിന്റെ ഉദ്ഘാടനം ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ നിർവ്വഹിച്ചു.

ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, മുഖ്യ പ്രഭാഷണം നടത്തി.

സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബ്ബാന നടന്നുവരുന്നു. വൈദികരുടെ കുറവ് അനുഭവപ്പെടുന്നില്ല എന്നുള്ള സന്തോഷകാര്യവും അറിയിക്കട്ടെ.

സമുദായ സെക്രട്ടറി

**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

---

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ക്കുന്നു. ഇവരിൽ ചിലർ നേതൃസ്ഥാനത്ത് തന്നെയാണെന്നതുകൊണ്ട് ശുദ്ധീകരണവും വളരെ പ്രയാസമുള്ള കാര്യമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാംതന്നെ ഏക പോംവഴിമാത്രമേയുള്ളു. തുറന്ന ഹൃദയത്തോടെ ഒരു സ്വയ പരിശോധനയ്ക്ക് തയ്യാറാവുക. മിക്ക വേലക്കാരും ഇന്നത്തെ ഏതെങ്കിലും ഉൾപ്പോരിൽ കരുവായി മാറ്റപ്പെടുന്നില്ലെ എന്നു സംശയിച്ചു പോവുകയാണ്. ദൈവജനമേ ഇതൊക്കെ സംഭവിക്കേണ്ടതു തന്നെയാണെന്നു സമാധാനിക്കാതെ ഇതിനൊരു പരിഹാരം കണ്ടെത്താൻ നമുക്ക് ശ്രമിക്കാം. ഇന്നു കാണുന്ന അസ്വസ്ഥതകൾ എല്ലാം കർത്താവിന്റെ വരവ് അടുത്തുവരുന്നതിനെ സൂചിപ്പിക്കുകയാണെന്ന് ആശ്വസിച്ച് പരമാർത്ഥമായി ജീവിക്കാനാഗ്രഹിക്കുന്നവരെല്ലാം ഉണർന്നെഴുന്നേൽക്കട്ടെ. കാലം അതിക്രമിച്ചു കഴിഞ്ഞു. ആത്മീകമായ ഒരു യഥാർത്ഥ ഉണർവ്വ് ഉണ്ടായെങ്കിൽ മാത്രമേ പ്രശ്നങ്ങൾ ക്കെല്ലാം ശാശ്വത പരിഹാരം വരികയുള്ളു. എങ്കിൽ മാത്രമേ കണ്ണുമങ്ങിയ ഏലി പുരോഹിതന്റെ സ്ഥാനത്ത് ശമുവേൽ എഴുന്നേൽക്കുകയുള്ളു... സംശയമില്ല. അതുകൊണ്ട് ദൈവജനമേ ഉണരാം ഒരുങ്ങാം. ദൈവം നമ്മേ അതിനു സഹായിക്കട്ടെ.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

സമൂഹത്തിലേക്ക് നോക്കുമ്പോൾ കുറ്റകൃത്യങ്ങൾ പെരുകുന്ന അവസ്ഥയാണ് ദർശിക്കുന്നത്. കുറ്റകൃത്യങ്ങളുടെ ആഴമാകട്ടെ വളരെ വലിയതുമാണ്. കുറ്റങ്ങൾ ആവർത്തിക്കുന്ന തരത്തിലേക്ക് മനുഷ്യൻ എത്തപ്പെട്ടിരിക്കുന്നു. മയക്കുമരുന്നിന്റെയും ലഹരിയുടെയും ഉപയോഗം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പ്രേരണയാകുന്നുണ്ട്. മയക്കുമരുന്നിന്റെ ലഭ്യത അതിന്റെ ഉപയോഗം കൂടുതലാക്കുന്നു. അതിന്റെ ലഭ്യത നിയന്ത്രിക്കുന്നതിൽ സർക്കാരും ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ ഭവനങ്ങളിൽ മാതൃകാപരമായ ജീവിതം മാതാപിതാക്കളിൽ നിന്ന് കൂടുതലാകേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്ക് സ്നേഹം പകർന്ന്, അവർക്ക് പ്രചോദനമായിത്തീരാൻ മാതാപിതാക്കളുടെ പങ്ക് ഏറെയാണ് എന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അവധിക്കാലം സമീപിച്ചിരിക്കുന്നു. അവധിക്കാലം നമ്മുടെ പള്ളികളിൽ, കുട്ടികൾക്ക് പകൽകാലം ചെലവിടുവാൻ തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ശ്രദ്ധിക്കുക. അങ്ങനെ നമ്മുടെ കുട്ടികൾ സഭയ്ക്കും, സമൂഹത്തിനും കൂടുതൽ സംഭാവനകൾ നല്കുന്നവരായിത്തീരാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# നോമ്പിന്റെ നമസ്കാരം

ഫാ. ജേക്കബ് തോമസ് തോപ്പിൽ

വി. സുറിയാനി സഭയുടെ രണ്ട് പ്രധാന നോമ്പുകളാണ് മൂന്നു നോമ്പും വലിയ നോമ്പും. മറ്റു നോമ്പുകളിൽ നിന്ന് വ്യത്യസ്തമായ പിതാക്കന്മാർ ഈ നോമ്പുകൾക്കു പ്രത്യേകമായി പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. വലിയ നോമ്പിൽ ഉപവാസം ശനിയും ഞായറും ഒഴിച്ചുള്ള ദിവസങ്ങളിലേ ഉള്ളൂ. അതുകൊണ്ടു നോമ്പിന്റെ നമസ്കാരം ആ ദിവസങ്ങളിലേ ഉള്ളൂ. ശനിയാഴ്ച അതിന്റേതായ ശ്ഹീമാ നമസ്കാരവും, ഞായറാഴ്ച അതിന്റേതായ നമസ്കാരവും നടത്തുന്നു. ശനിയും ഞായറും ഉപവാസദിവസങ്ങളല്ലാത്തതു കൊണ്ടാണ് അന്ന് വി. കുർബ്ബാന ഉള്ളത്.

നോമ്പിലെ 7 യാമങ്ങളുടെ പ്രാർത്ഥന മൂന്നുനേരമായി നടത്തുന്നു. അതാത് സന്ധ്യയുടെയും സുത്താറയുടെയും സന്ധ്യയ്ക്കും, രാത്രിയുടെയും പ്രഭാതത്തിന്റെയും കൂടി രാവിലെയും, മൂന്നാം മണി, ആറാം മണി, ഒൻപതാം മണി ഇവ ഉച്ചയ്ക്കും നടത്തുന്നു. പ്രഭാതത്തിൽ മൂന്നാം മണി നടത്തുകയും ഉച്ചയ്ക്ക് ആറാം മണി, ഒൻപതാം മണി, സന്ധ്യ എന്നിവ നടത്തുകയും സന്ധ്യക്ക് സുത്താറ മാത്രം നടത്തപ്പെടുകയും ചെയ്യുന്ന രീതിയും നിലവിൽ ഉണ്ട്.

**നോമ്പിന്റെ നമസ്കാരം വിധം**

ഞായറാഴ്ച കഴിഞ്ഞു വരുന്ന സന്ധ്യയിൽ നോമ്പിന്റെ പ്രാർത്ഥന തുടങ്ങുന്നു. ഞായറാഴ്ചയുടെ ഒൻപതാം മണിയുടെ നമസ്കാരവും രണ്ടു കൗമായും കഴിഞ്ഞു സ്ലൂസോ, സന്ധ്യയുടെ മസുമൂർ, എനിയോനോ, പ്രുമിയോൻ, സെദറാ, കോലോ, എത്രോ, കോലോ, ബൊവുസോ, മോറാനേശു മശിഹ, രണ്ടു കൗമ എന്നിവ ചൊല്ലുന്നു. ഞായർ കഴിഞ്ഞു വരുന്ന സന്ധ്യയിൽ ഏവൻഗേലി ഇല്ല. മറ്റു ദിവസങ്ങളിൽ ഏവൻഗേലി വായിച്ചിട്ട് മൊറാനേശുമ്ശിഹാ ചൊല്ലുന്നു.

ഞായറാഴ്ച കഴിഞ്ഞുള്ള സന്ധ്യയിലെ സുത്താറയുടെ ആരംഭത്തിൽ ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും എന്നത് മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിട്ടതിനു ശേഷം നാലാം മസുമുറ ചൊല്ലുന്നു. മറ്റുള്ള ദിവസങ്ങളിൽ ഇത് ചൊല്ലാറില്ല. തുടർന്നുവരുന്ന എക്ബോ, കോലോകൾ, ബോവോസോ, മോർ അപ്രേമിന്റെ മെമ്രോ, 91,120 എന്നീ മസുമുറകൾ എനിയോനോ സഹിതം മഹോന്നതന്റെ മറവിലിരിക്കുന്ന വനായ, എന്നേക്കും തന്റെ ഇടത്തിൽ നിന്നും.... വിശ്വാസ പ്രമാണം, ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും കുക്കിലിയോനുകൾ, ഹൂത്തോമോ ഇവ ചൊല്ലി അവസാനിപ്പിക്കുന്നു.

രാവിലെ രാത്രി നമസ്കാരവും പ്രഭാത നമസ്കാരവും നടത്തുന്നു.

ഉച്ചയ്ക്ക് മൂന്നാം മണി, ആറാം മണി, ഒൻപതാം മണി എന്നിവയും, നിൻ മാതാവ് വിശുദ്ധന്മാർ... വിശ്വാസ പ്രമാണം തുടർന്ന് 40 കുമ്പിടിലും നടത്തുന്നു. ഉച്ചയ്ക്ക് സന്ധ്യാ പ്രാർത്ഥനയും നടത്തുന്ന രീതിയും നിലവിൽ ഉണ്ട്.

വലിയ നോമ്പിൽ വി. കുർബാന വരുന്ന പാതി നോമ്പിലും, നാല്പതാം വെള്ളിയാഴ്ചയും നമസ്കാരം നോമ്പിന്റേതാണ്. സന്ധ്യാ, രാത്രം, പ്രഭാതം, മൂന്നാം മണി വരെ നോമ്പിന്റെ നമസ്കാരവും ആറാം മണി, ശ്ഹീമാ നമസ്കാരവും ചൊല്ലുന്നു. ഉച്ചയ്ക്ക് നോമ്പിന്റെ ബാക്കി നമസ്കാരം നടത്തുന്നു. കുമ്പിടീലോ, വിശ്വാസപ്രമാണം കഴിഞ്ഞു നാല്പത് കുമ്പിടീലോ ഉണ്ടായിരിക്കുന്നതല്ല.

**നോമ്പിൽ ഉപയോഗിക്കുന്ന നമസ്കാരം ക്രമങ്ങൾ**

**1. പെങ്കീസാ നമസ്കാരം (സുറിയാനി)**

വലിയ നോമ്പിലെ ഏറ്റവും പ്രധാനപ്പെട്ട നമസ്കാരക്രമം ആണ് നോമ്പിലെ പെങ്കീസാ നമസ്കാരം. വലിയ നോമ്പിലെ 40 ദിവസങ്ങൾക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന ക്രമം ആണ്. ഇത് എല്ലാ ദിവസങ്ങൾക്കുമായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. സന്ധ്യ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒൻപതാം മണി എന്നീ യാമങ്ങൾക്കായി പ്രത്യേകം പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. സ്ലൂസോ, സന്ധ്യയുടെ മസുമൂർ, എനിയോനോ, പ്രുമിയോൻ, സെദറാ, കോലോ, എത്രോ, കോലോ, ബൊവുസോ, ഏവൻഗേലി, മൊറാനേശുമ്ശിഹാ... അടങ്ങിയിരിക്കുന്നു, ഇതുപോലെ തന്നെ രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒൻപതാം മണി എന്നീ യാമങ്ങൾക്കായി എനിയോനോ, പ്രുമിയോൻ, സെദറാ, കോലോ, എത്രോ, കോലോ, ബൊവുസോ, ഏവൻഗേലി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ ക്രമങ്ങൾ സുറിയാനിയിൽ മാത്രം ഇന്ന് ലഭ്യമായിരിക്കുന്നു. മലങ്കരയിൽ ഈ ക്രമം ഉപയോഗിക്കുന്ന ഏക സ്ഥലം മഞ്ഞിനിക്കര ദയറായിൽ ആകുന്നു.

**2. നോമ്പിലെ നമസ്കാരക്രമം (പദ്യം/ഗദ്യം, സുറിയാനി/മലയാളം)**

രണ്ടാമത്തെ പ്രധാനപ്പെട്ട പ്രാർത്ഥന ക്രമം ആണ് നോമ്പിലെ നമസ്കാരക്രമം (പദ്യം/ഗദ്യം). പെങ്കീസാ നമസ്കാരത്തിന്റെ ചെറിയൊരു പതിപ്പാണ് ഇത്. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങൾക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. പെങ്കീസായിലെ പ്പോലെ സന്ധ്യ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒൻപതാം മണി എന്നീ യാമങ്ങൾക്കായി പ്രത്യേകം പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. ഇന്ന് ഈ ക്രമം മലങ്കര ഓർത്തഡോക്സ് സഭയിലെ അരമനകൾ, ദയറാകൾ, സെമിനാരികൾ, ദേവാലയങ്ങൾ, കൺവൻഷനുകൾ, മർത്തമറിയം സമ്മേളനങ്ങൾ, യാക്കോബായ സഭയിലെ സെമിനാരി എന്നീ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നു.

**3. പാമ്പാക്കുട നമസ്കാരം**

എല്ലാവർക്കും സുപരിചിതമായ ഒന്നാണ് പാമ്പാക്കുട നമസ്കാരം. ഈ നമസ്കാരത്തിൽ വലിയനോമ്പിലെ പ്രാർത്ഥനകൾ അതിന്റെ എല്ലാ അടിസ്ഥാനത്തോടും ക്രമീകരിച്ചിരിക്കുന്നു. എന്നാൽ എല്ലാ ദിവസവും ഒറ്റ പ്രാർത്ഥനകൾ തന്നെ ക്രമീകരിച്ചിരിക്കുന്നു. എനിയോനോ, കോലോ, ബൊവൂസോ എന്നിവകൾ ഗദ്യ രൂപത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ടു നമസ്കാരത്തിന്റെയും ഏറ്റവും ചെറിയ പതിപ്പാണ് ഇത്. യാക്കോബായ സഭയിലെ ദേവാലയങ്ങൾ, ഭവനങ്ങൾ

എന്നിവിടങ്ങളിൽ ഇത് ഉപയോഗിക്കുന്നു.

**4. കുടുംബ നമസ്കാരം**

ഏറ്റവും ചെറിയ നമസ്കാര ക്രമം ആണ് ഇത്. ആര് ക്രോഡീകരിച്ചു എന്നോ, എന്ന് ക്രോഡീകരിച്ചു എന്നോ യാതൊരു നിശ്ചയവും ഇല്ല. ഇതിലെ പ്രാർത്ഥനകളിലും യാതൊരു ഘടനയും ഇല്ല. ഇതിലെ സന്ധ്യാ പ്രാർത്ഥനയിൽ നോമ്പിലെ പ്രാർത്ഥന എന്ന് പറയുവാൻ പറ്റുന്ന ഏക പ്രാർത്ഥന ''കർത്താവെ ഞങ്ങളുടെ നോമ്പും നമസ്കാരവും...." (നോമ്പിലെ നമസ്കാര ക്രമം ഞായർ സന്ധ്യ കൊലോ) എന്ന പ്രാർത്ഥനയാണ്. (കർത്താവെ നിന്നെ സ്നേഹിച്ചവരായ.... (ശ്ഹീമാ നമസ്കാരം ഞായർ 9-ാം മണി) എന്റെ ദൈവവും എന്റെ... (4 മസുമൂർ). "നിർഭാഗ്യവശാൽ" ക്നാനായ സമുദായത്തിലെ എല്ലായിടത്തും ഉപയോഗിക്കുന്ന നമസ്കാര ക്രമം ഇതാണ്.

ആയതിനാൽ നമുക്ക് ലഭ്യമായിരിക്കുന്നതിൽ ഏറ്റവും ശരിയായി ഉപയോഗിക്കുവാൻ പറ്റിയ ക്രമം നോമ്പിലെ നമസ്കാരക്രമം (പദ്യം/ഗദ്യം) സുറിയാനി/മലയാളം ഇതാണ്. അതിനാൽ നമ്മുടെ ദേവാലയങ്ങൾ, പ്രാർത്ഥന യോഗങ്ങൾ, കൺവൻഷനുകൾ, മർത്തമറിയം മീറ്റിംഗുകൾ ഇവിടെയൊക്കെയും ഈ ക്രമം ഉപയോഗിക്കുകയും വിശ്വാസികളെ ഇതിനെകുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുക എന്ന വലിയ ഉത്തരവാദിത്തം വൈദീകഗണത്തിൽ പെട്ടവർക്കുണ്ട്.

ഈ പ്രാർത്ഥനയുടെയെല്ലാം ഉത്ഭസ്ഥാനം പ. സുറിയാനി സഭയുടെ ദയറാകൾ ആണ്. അതോടൊപ്പം ഈ പ്രാർത്ഥനകൾ ശരിയായ നിലയിൽ നിലനിർത്തികൊണ്ടു പോകാൻ സാധിക്കുന്നതും ദയറാകളിൽ കൂടിയാണ്. എന്നാൽ നമുക്ക് അനേക നൂറ്റാണ്ടുകളുടെ ചരിത്രം പറയാനുണ്ടെങ്കിലും ഒരു ദയറാ പ്രസ്ഥാനം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ ദുഃഖകരമായ വസ്തുതയാണ്. ആയതിനാൽ അഭിവന്ദ്യ പിതാക്കന്മാരോടും നമ്മുടെ അവിവാഹിതരായ പട്ടക്കാരോടും അപേക്ഷിക്കാനുള്ളത് നമുക്ക് ഒരു ദയറാ പ്രസ്ഥാനം ഉണ്ടാക്കുകയും അത് വഴിയായി പ. സഭയുടെ വിശ്വാസവും, ആരാധനാരീതികളും (Faith and Liturgy) ശരിയായി നിലനിർത്തുവാൻ ഇടയാക്കുകയും ചെയ്യണം.

**റഫറൻസസ്**

1. പെങ്കീസാ നമസ്കാരം
2. ശുശ്രൂഷ സംവിധാന സഹായി-യൂഹാനോൻ മോർ സേവേറിയോസ്
3. നോമ്പിലെ നമസ്കാരം (പദ്യം) സുറിയാനി/മലയാളം
4. മൂന്നു നോമ്പിലെയും വലിയ നോമ്പിലെയും നമസ്കാരക്രമം (ഗദ്യം)

കവിത

# പുതിയ നിയമത്തിലെ കൃപകൾ ലഭ്യമാക്കാൻ

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

ഈശന്റെ കൃപകൾ ലഭ്യമാക്കാൻ
പൂർണ്ണ വിശ്വാസത്താൽ ചോദിക്കുവീൻ
നിർമ്മല ഹൃദയത്തിനുടമയായി
കർത്തന്റെ കൃപകൾ നേടിടുക.
ക്രിസ്തുവാം, പാറയിൽ ഉറച്ചു നിന്ന്
റൂഹാ നിറവിൽ സ്തുതിച്ചു പാടൂ
സ്വർഗ്ഗത്തിൽ നിന്ന് നാഥനിറങ്ങി
വിശ്വാസം, ദാനമായി നൽകുമല്ലോ
യാചിപ്പീൻ, നിങ്ങൾക്ക് കിട്ടുമെന്നും
മുട്ടുവീൻ, നിങ്ങൾക്ക് തുറക്കുമെന്നും
അന്വേഷിപ്പീൻ, നിങ്ങൾ കണ്ടെത്തുമെന്നും
അരുളിയ നാഥൻ മുമ്പിലുണ്ട്
നിർമ്മല ഹൃദയത്തിനുടമയാം മക്കളെ
ഉന്നത സ്ഥാനത്ത് എത്തിക്കുവാൻ
സോദരർ, കൈയ്യിൽ ഏല്പിച്ചുകൊണ്ട്
നിന്ദിത പാത്രമായി തീർത്തീടുമേ
സോദരാൽ, നിന്ദിക്കപ്പെടുമ്പോൾ
സന്തോഷിപ്പിൻ, നിങ്ങൾ സന്തോഷിപ്പിൻ
പൂർവ്വ പിതാക്കളാം യൗസേഫും മോശയും
സാക്ഷിയായി മുന്നിൽ നിൽക്കുന്നല്ലോ
സത്യ കുമ്പസാരം ചെയ്തുകൊണ്ട്
ദിവ്യ കരുണ്യം സ്വീകരിച്ച്
വിശുദ്ധ ജീവിതം നയിച്ചീടുകിൽ
ഇരുമ്പു വാതിൽ തുറന്നിടുമേ
മക്കളേ, നിങ്ങൾ അറിഞ്ഞിടുക
ഏതൊരു കാര്യം തുടങ്ങും മുമ്പേ
ദിവ്യ കാരുണ്യം അനുഭവിക്കൂ!
കാര്യങ്ങളൊക്കെ നേട്ടമായി തീരും
വിശുദ്ധജീവിതം നയിച്ചിടുവാൻ
നന്മ തൻ മക്കളായി തീർന്നിടുവാൻ
ഈശനോടു ഒട്ടിനിന്നിടുവാൻ
കർത്തനെ, നിൻകൃപ എന്നിലൊഴുക്കൂ!
പാപം ചെയ്യുമ്പോൾ ശാപം ഇറങ്ങും
ശാപം ക്രിസ്തുവിൽ മുറിക്കപ്പെടും
പാപശാപത്തിൽ നിന്ന് മുക്തിനേടാൻ
കർത്തനിലേക്കു മടങ്ങിവരൂ!
ഈശൻ, അനന്ത നന്മയാണ്
ഈശന്റെ നിത്യ ജീവനാണ്
ഈശൻ, ഏക രക്ഷകനാണ്
ഈശന്റെ സ്നേഹം ഏറ്റു വാങ്ങൂ
തകർച്ചയെല്ലാം ഉയർച്ചയാക്കാൻ
കർത്തൻ, നമ്മുടെ കൂടെയുണ്ട്
കർത്തന്റെ പാദത്തിൽ ചേർന്നിരുന്ന്
ഹല്ലേലുയ്യാ സ്തുതി പാടിടുക
പ്രഭാതം മുതൽ പ്രദോഷം വരെ
തൻപ്രിയ മക്കളെ കാത്തിരിക്കുന്ന
കാരുണ്യവാനേ, വാത്സല്യവാനേ
വിശുദ്ധരായി ഞങ്ങളെ തീർത്തിടുക.

# വി. സഭയുടെ ഏകത്വം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

**വി.** സഭയെ സമൂഹത്തിൽ വേർതിരിച്ചു കാണിക്കുന്ന അതിപ്രധാനമായ ഒരു ഘടകം ഏകത്വമാണ്. ആത്യന്തികമായ അധികാരത്തിനു വിധേയപ്പെട്ടുകൊണ്ട് ഒരേ വിശ്വാസവും, ഓരേ കൂദാശകളും സ്വീകരിച്ചുപോരുന്ന ജീവനോടിരിക്കുന്നവരും, വാങ്ങിപ്പോയവരും, വരുവാനിരിക്കുന്നവരുമായ വിശ്വാസികളുടെ സമൂഹമാണ് വി.സഭ. വി.സഭയുടെ ഏകത്വം അതിന്റെ ഐക്യത്തിലാണ്. ഐക്യത്തിന്റെ ഉത്തമ മാതൃക വി. ത്രിത്വമാണ് (Mutual Presence). പരസ്പര സാന്നിദ്ധ്യവും (Mutual Completion) പരസ്പര പൂർത്തീകരണവും ഐക്യത്തിന്റെ പ്രധാന ഘടകങ്ങളാണ്. ഒരാളിൽ മറ്റൊരാളുടെ സാന്നിദ്ധ്യവും, പൂർണ്ണതയും കാണുകയും, അറിയുകയും, അനുഭവിക്കുകയും ചെയ്യുന്നതാണു ഐക്യം. പിതാവിൽ പുത്രനും, പരിശുദ്ധാത്മാവും, പുത്രനിൽ പിതാവും, പരിശുദ്ധാത്മാവും, പരിശുദ്ധാത്മാവിൽ പിതാവും, പുത്രനും പരസ്പരം സാന്നിധ്യം കൊണ്ടും, പ്രവർത്തിയിൽ പരസ്പര പൂർണ്ണതയും ദർശിക്കുന്നു. വി. ത്രിത്വത്തിലെ ഐക്യത്തെ ഭൂമിയിൽ സജീവ സാന്നിദ്ധ്യമാക്കുന്നതു വി.സഭയുടെ ഏകത്വം വഴിയാണ്.

ക്രിസ്തുയേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് കൂടിയിരുന്ന ശ്ലീഹന്മാരോടു അരുളിചെയ്ത വാക്കുകൾ വി. സഭയുടെ ഏകത്വത്തെ പ്രത്യേകം പ്രതിപാതിക്കുന്നു (മത്തായി 28:18-20). “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ, ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്”. വി. സഭാമക്കൾ ഒരേ ബലിയിൽ സംബന്ധിക്കുകയും, ഒരേ കൂദാശകൾ സ്വീകരിക്കുകയും, ദാനധർമ്മങ്ങൾ വഴി പരസ്പരം സഹകരിക്കുകയും ചെയ്തുകൊണ്ട് ഒരു ഭവനത്തിലെ അംഗങ്ങളെപ്പോലെ പ്രവർത്തിക്കും. യേശുക്രിസ്തു സഭയെ ആട്ടിൻ പറ്റത്തോടും (യോഹ.10:16), മനുഷ്യ ശരീരത്തോടു (റോമ. 12:4-5, 1. കോരി.10:17, 12:12) സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഒരു കടുകുമണിയോടും അതിൽ നിന്നു മുളച്ചു പൊങ്ങുന്ന ഒരു വലിയ ചെടിയോടും സഭയെ ഉപമിക്കുന്നു. അതിന്റെ കൊമ്പുകളിൽ പറവകൾ കൂട്ടം കൂടുന്നു. അത് വിശ്വാസികളുടെ ഐക്യവും വിശ്വാസത്തിലുള്ള ഏകത്വമാണ് കാണിക്കുന്നത്.

വി. സഭയുടെ പ്രബോധനത്തിലുള്ള ഏകത്വമാണ് എല്ലാവർക്കും വേണ്ടി ഒരേ സിദ്ധാന്തങ്ങളുടെ, പഠിപ്പിക്കലും, നിയമങ്ങളും, അവലംബിക്കുന്നതിലൂടെ വ്യക്തമാക്കുന്നതും. വിശുദ്ധനായ പൗലോസ് ശ്ലീഹ കർത്താവായ യേശുവിന്റെ നാമത്തിൽ അഭ്യർത്ഥിക്കുന്നുണ്ട്. നിങ്ങളുടെ ഇടയിൽ യാതൊരു ഭിന്നിപ്പും ഉണ്ടാകരുതെന്ന്. പീഡാനുഭവത്തിന്റെ തലേരാത്രിയിൽ ക്രിസ്തുയേശു സഭയിൽ ഐക്യത്തിനു വേണ്ടി സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിച്ചു (യോഹ.17:11, 21, 23). “പരിശുദ്ധ പിതാവേ അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമെ. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ... നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ”.

വി.സഭയിൽ നേതൃത്വത്തിലുള്ള ഏകത്വം യേശു ആഗ്രഹിച്ചു. യേശു കല്പിച്ചതും പ്രാർത്ഥിച്ചതുമായ കാര്യങ്ങൾ ശ്ലീഹന്മാരും, ആദിമ ക്രിസ്ത്യാനികളും ഏറ്റവും വിശ്വസ്തതയോടെ പ്രാവർത്തികമാക്കി (അപ്പോ. പ്ര.വ.2:44-46). “വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു. സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും” ചെയ്തുവന്നു. പൗലോസ് ശ്ലീഹാ എഫേസ്യരോടു പറയുന്നു (എഫേ.4:4-6) “നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ. വിശ്വാസം ഒന്ന്, സ്നാനം ഒന്ന്. എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ”.

കള്ളപ്രവാചകൻ ആദിമ ക്രിസ്ത്യാനികളെ ഭിന്നിപ്പാൻ ഇറങ്ങിയപ്പോൾ പൗലോസ് ശ്ലീഹ ശക്തമായ ഭാഷയിൽ മുന്നറിയിപ്പു നൽകിയതു ഞങ്ങൾ അറിയിച്ച സുവിശേഷമല്ലാതെ വേറൊന്ന് ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻതന്നെയോ നിങ്ങളോടുപദേശിച്ചാൽ അയാൾ ശപിക്കപ്പെട്ടവനാണ്. ക്രിസ്തുയേശു തന്റെ ശരീരമാകുന്ന വി.സഭയെ വിശ്വാസത്തിലും, സിദ്ധാന്തങ്ങളിലും, നേതൃത്വത്തിലും ഏകത്വംകൊണ്ട് അലങ്കരിച്ചു. ഈ ഏകത്വം വി. സഭയ്ക്കും സമൂഹത്തിനും, വിശ്വാസികളിലും എക്കാലവും മഹത്വവും മനോഹരവുമായ പരിവേഷം ചാർത്തുന്നു. വി. സഭയുടെ ഏകത്വം വഴി സമൂഹത്തിൽ വിശ്വാസികൾക്കു സത്യ ഏക ദൈവത്തിന്റെ സജീവ സാന്നിധ്യവും സമ്പൂർണ്ണതയും സാധ്യമാക്കപ്പെടുന്നു.



## *Congratulations*

**Sonu Thomas**, on your remarkable achievements in securing three patents in the field of advanced computing and video processing (11778168, 11956441, 12192497) from the United States Patent and Trademark Office(USPTO). Your dedication to innovation and technology is truly inspiring.

Sonu currently resides in Canada with his wife, Manju Abraham, and children, Rafael and Gabriel. We honor the legacy of his late mother, Modiyil Gigi Thomachan, and his father, Kallumkoottathil Thomachan. His willingness to mentor future inventors in the community is greatly appreciated. He is also a valued member of Ramamangalam Parish and attends St. Ignatious Knanaya Church,Toronto.

Advt - S




Advt - O

## നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർക്ക് ഇടവകയുടെ ആദരവ്





## ഗ്ലോബൽ ക്നാനായാ വുമൺസ് ഫോറം സമ്പൂർണ്ണ പ്രതിനിധി സമ്മേളനം



ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഷൈല മാത്യു പാറേകുന്നുംപുറം, മഞ്ജു ഏബ്രഹാം വലിയപാറയിൽ, ജയാ ജേക്കബ്, ജേക്കബ് തോമസ് മറ്റക്കാട്ട്, ബെറ്റി റെന്നി ഇരണയ്ക്കൽ (USA), ഡയാന മർക്കോസ് തുമ്പുങ്കൽ (ഫ്ളോറിഡാ), ഷിബാ ജോസഫ് ആലഞ്ചേരിൽ, എൽസിരാജു കൊച്ചിടശ്ശേരി എന്നിവർ സമീപം

## ആശംസകൾ



2025 ഫെബ്രുവരി 19 – ന് 76 – ാം ജന്മദിനം ആഘോഷിച്ച
മലങ്കര മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ
**H.E.The Most Rev.Dr.Theodosius**
**മാർത്തോമ്മാ മെത്രാപ്പോലീത്തായെ**
മലങ്കര സുറിയാനി ക്നാനായ സമുദായത്തെ പ്രതിനിധീകരിച്ച്
സമുദായ സെക്രട്ടറി ശ്രീ. ടി. ഒ. ഏബ്രഹാം തോട്ടത്തിൽ
പൊന്നാടയണിയിക്കുന്നു.

## 28 വർഷത്തെ കാത്തിരിപ്പിന് ശേഷം കേരളത്തിന് ദേശീയ ഗെയിംസ് ഫുട്ബോൾ കിരീടം



കപ്പ് നേടിയ ടീമിന്റെ ക്യാപ്റ്റൻ അജയ് അലക്സ് (കുക്കു) രാമമംഗലം ക്നാനായ വലിയ പള്ളി ഇടവകാംഗമാണ്. ക്നാനായ സമുദായത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു




130 – മത് മാരാമൺ കൺവൻഷന്റെ 12 – 02 – 2025 ലെ എക്യുമെനിക്കൽ സമ്മേളനത്തിൽ മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ തീയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയോടും വിവിധ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരോടും World council of churches ന്റെ ജനറൽ സെക്രട്ടറി Rev.Dr.ജെറി പിള്ളയോടും ഒപ്പം പങ്കെടുത്ത് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ് ആശംസകൾ അറിയിച്ചു.



ക്നാനായ കോൺഗ്രസ് ആഗോള കേന്ദ്രകമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം കല്ലിശ്ശേരി സെന്റ്. മേരീസ് ക്നാനായ വലിയ പള്ളിയിൽ സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിക്കുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ്, ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, റോയ് പുത്തൻപുരയ്ക്കൽ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ബിബിൻ കല്ലംപറമ്പിൽ, അനു കുര്യൻ പാടകശ്ശേരിൽ, ബിനു കല്ലേമണ്ണിൽ, ബൈജുമോൻ ചാക്കോ പുലയകുന്നേൽ, ലിൻസോ ഇളവൻകളം, ലെനി ഐക്കാട്ട് മാളിയേക്കൽ, ജയ്മോൻ മേപ്രത്ത്, അഡ്വ. മഞ്ചു ഏബ്രഹാം വലിയപാറയിൽ, റെന്നി പാട്ടമ്പലത്ത്, അനു ഏബ്രഹാം, ബാബു കൊന്നയിൽ പള്ളത്ത്, കെ. എ. തോമസ് കുഴികണ്ടത്തിൽ, സാൽവി കുഴികണ്ടത്തിൽ, ഡാനി കിഴക്കേപ്പുറത്ത്, അഡ്വ. ജോഫിൻ ജേക്കബ് എന്നിവർ സമീപം



ക്നാനായ സമുദായ വൈദിക ട്രസ്റ്റി ഫാ. എം. സി. സക്കറിയാ മധുരംകോട്ടിന്റെ അറുപതാം പിറന്നാൾ സമുദായ മെത്രാപ്പോലീത്തായുടെയും ക്നാനായ കമ്മറ്റിയുടെയും ക്ലീമിസ് സ്ക്കൂൾ ഗവേണിങ്ങ് ബോർഡിന്റെയും അഭിമുഖ്യത്തിൽ ആഘോഷിച്ചപ്പോൾ

## കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ (KCC) വാർഷിക അസംബ്ലി



കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ (KCC) വാർഷിക അസംബ്ലിയുടെ ഉദ്ഘാടനം ക്നാനായ ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലിത്താ നിർവഹിക്കുന്നു.


## 5 –ാം ചരമവാർഷികം

28 – 3 – 2025



## അമ്മാൾ ഏബ്രഹാം

### എരുത്തിപ്പാട്ട്, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 6 –ാം ചരമവാർഷികം

4 – 4 – 2025

## ചിന്നമ്മ മാത്യു (85)


### പള്ളിയമ്പിൽ, പടിഞ്ഞാറ്റോതറ

### തിരുവല്ല

POABS
GOODNESS IS LIFE

Advt - S

# ചന്തയായ കേരളം, തരിപ്പണമായ തലമുറ ഉറങ്ങുന്ന നേതൃത്വം!!!



സുനിൽ ഡി. കുരുവിള

**അടിയുറപ്പില്ലാത്ത കുടുംബം**

നിലവാരമുള്ള കുടുംബമാണ് ഒരു സമൂഹത്തിന്റെ അടിത്തറ. അനുസരണയോ അച്ചടക്കമോ ഇല്ലാത്തവർ പണിയുന്ന കുടുംബത്തിന്റെ ഗതിയെന്താകും? എല്ലാം അറിയാമെന്ന ഭാവം; പണം കൊണ്ട് എന്തും നേടാമെന്ന ധാർഷ്ട്യം! ആർത്തി, അജ്ഞത, അഹങ്കാരം, പെട്ടെന്ന് നേട്ടങ്ങൾ വേണം, അദ്ധ്വാനിക്കാൻ വയ്യ; തിന്നണം അടുക്കളയിൽ കയറാൻ വയ്യ; എന്തിനും കുറുക്കുവഴി തേടും; പണമില്ലെങ്കിൽ ലോൺ എടുക്കും; ഗൂഗിളിൽ എല്ലാം ഉണ്ടെന്ന വിശ്വാസം... പറ്റിക്കാൻ മടിയില്ല.. പറ്റിക്കപെടാനും! കുട്ടികളെ 'കൂടിയ' സ്ക്കൂളിൽ പഠിപ്പിക്കും... വിദേശ കയറ്റുമതിയാണ് ലക്ഷ്യം!

സത്യസന്ധതയില്ല, ബഹുമാനമില്ല, മര്യാദകളില്ല.... ഇംഗ്ലീഷ് പറയും. വൃത്തിയായി വസ്ത്രം ധരിക്കാനോ സാഹചര്യങ്ങൾക്ക് അനുസരിച്ചു പെരുമാറാനോ പോലും അറിയാൻ വയ്യാത്ത കൂട്ടങ്ങൾ... പാരമ്പര്യം പുരപ്പുറത്തു എഴുതിവെക്കും.. പൊങ്ങച്ചത്തിനു ഒരു കുറവുമില്ല! ഇതൊക്കെ കണ്ടു വളരുന്ന കുട്ടികളിൽ നിന്ന് എത്രമേൽ പ്രതീക്ഷിക്കാൻ പറ്റും?

ലോകത്തിനു മാതൃകയാണോ ഞാൻ? എന്റെ കുടുംബം? അമിതമായ materialism സമൂഹത്തിന്റെ എല്ലാ നന്മയും തകർത്തു!

**ടോക്സിക് പേരെന്റിംഗ്**

മാനസിക പ്രശ്നങ്ങൾ ഉള്ള പേരെൻസ്.. രോഗം സമ്മതിക്കില്ല..ഡോക്ടറിനെ കാണില്ല! എന്നും അലോഹ്യവും വഴക്കുമുള്ള ഭവനങ്ങൾ. കുട്ടികളെ അമിതമായി ശിക്ഷിക്കുന്ന, ബഹളം വയ്ക്കുന്ന, വൈകാരിക സ്ഥിരതയില്ലാത്ത മാതാപിതാക്കൾ, മാർക്കും ഗ്രേഡും മാത്രമാണ് വിദ്യഭ്യാസമെന്നു ഇന്നും കരുതുന്ന പേരെന്റ്സ്.. കുട്ടികളെ ഇട്ടെറിഞ്ഞു വിദേശങ്ങളിൽ പോയി പണം ഉണ്ടാക്കിവരാം എന്ന് കരുതുന്ന പേരെന്റ്സ്..കുട്ടികളെ നോക്കാതെ ശ്രദ്ധിക്കാതെ തോന്നിയതുപോലെ ജീവിക്കുന്ന പേരെന്റ്സ്..എല്ലാ ടോക്സിക് ആണ്! ഇത്തരം വീടുകളിൽ വളരുന്ന കുട്ടികൾ സ്വഭാവ പ്രശ്നങ്ങളുള്ളവരോ മാനസീക പ്രശ്നങ്ങൾ ഉള്ളവരോ ആയാൽ അതിശയിക്കേണ്ട! മാതാപിതാക്കളിലെ കുറവുകൾ കുറേക്കൂടി വലിയതോതിൽ കുട്ടികളിൽ രൂപപ്പെടാം.

**മാനസീക പ്രശ്നങ്ങൾ**

കുട്ടികളിലെ മാനസീക വ്യക്തിത്വ വൈകല്യപ്രശ്നങ്ങൾ പലപ്പോഴും തിരിച്ചറിയുന്നില്ല. ഇനി തിരിച്ചറിഞ്ഞാൽ തന്നെ മൂടി വയ്ക്കുക. പൂജയും പ്രാർത്ഥനയുമൊക്കെ പറഞ്ഞു നിർണ്ണായക സമയം കളയുന്നു. കൗൺസിലിങ്ങ് പോലും സ്വീകരിക്കാൻ മടിയുള്ള മാതാപിതാക്കൾ ഒരു പേരെന്റിംഗ് ക്ലാസ്സുപോലും അറ്റന്റ് ചെയ്യാൻ മനസ്സില്ലാത്തവർ... കേരളത്തിലെ 'മുന്തിയ' സ്ക്കൂളുകളിലെ മാതാപിതാക്കൾ പലരും 'ഡിഗ്രി' ഉണ്ടെങ്കിലും കുട്ടികളുടെ സമഗ്ര വികസനത്തെക്കുറിച്ചു വിവരമില്ലാത്തവർ. വിദ്യാഭ്യാസമെന്ന പേരിൽ നടക്കുന്നത് പലതും പലതരം കച്ചവടങ്ങൾ, സ്കോളർഷിപ്പ് പരീക്ഷയും അബാക്കസ്സ് പരിശീലനവും IAS കോച്ചിങ്ങും AI യും.

**സ്വഭാവ പ്രശ്നങ്ങൾ**

കുട്ടികളിലെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ കുടുബത്തിന്റെ പങ്ക് – മാതാപിതാക്കളുടെ മാതൃക... വലിയ പ്രാധാന്യമുള്ളതാണ്. വീട്ടിലെ അച്ചടക്കം ചിട്ടക്രമം ഒക്കെ കുട്ടികളെ സ്വഭാവ രൂപീകരണത്തിൽ സഹായിക്കുന്നു. കുട്ടികളോടൊത്തു quality സമയം ചിലവഴിക്കുക. അവരെ മനസ്സിലാക്കുക, അവരുടെ ആവശ്യങ്ങൾ അറിയുക, തിരുത്തുക, മൂല്യങ്ങൾ സംസ്ക്കാര മര്യാദകൾ ഒക്കെ കാണിച്ചുകൊടുക്കാനും പറഞ്ഞു കൊടുക്കാനും സാവകാശമുണ്ടാവുക. മിക്ക വീടുകളിലും ഇന്ന് തീരെ പ്രതീക്ഷിക്കാൻ കഴിയില്ല. സ്ക്കൂളിലും സ്വഭാവ രൂപീകരണം മുൻഗണനയല്ല! കൗമാരത്തിലേക്ക് വരുമ്പോൾ സ്വഭാവത്തിൽ കുറവുള്ള കുട്ടികൾ കൂടുതൽ വഴിതെറ്റുന്നു.

**സൈബർ അഡിക്ഷൻ:**

സൈബർ ടെക്നോളജിയുടെ വേലിയേറ്റത്തിൽ ഏറ്റവും കൂടുതൽ നഷ്ടം കുഞ്ഞുങ്ങൾക്കാണ്. കുഞ്ഞു പ്രായത്തിലെ T.V. യുടെയും സെൽ ഫോണിന്റെയും ലോകത്തു യാതൊരു നിയന്ത്രണവുമില്ലാതെ ജീവിക്കുന്ന കുട്ടികൾ അതിന്റെ മായാലോകത്തു വീണുപോകും. പലരും അതിൽ ലഹരി കണ്ടെത്തുന്നു. മറ്റു പല പ്രശ്നങ്ങളിലേക്കുള്ള ഒരു കവാടം കൂടിയാണ് സെൽഫോൺ ഉപയോഗം. പ്രായത്തിനു മുൻപേ കാണുന്ന കാഴ്ചകൾ പലപ്പോഴും അവരുടെ സമനില തെറ്റിക്കുന്നു. മോശപ്പെട്ട ബന്ധങ്ങളിലേക്കു വഴി തുറക്കുന്നു. ഗെയിം addiction, porn addiction.. ജീവിതം തന്നെ തകരുന്നു. മാനസീക വൈകാരിക വ്യക്തിത്വ സ്വഭാവപ്രശ്നങ്ങൾ ഉള്ള കുട്ടികൾ സൈബർ ഇടങ്ങളിൽ കൂടുതൽ അടിമപ്പെട്ടുപോകുന്നു. കുട്ടികളിൽ കളികളും കലയും സാംസ്ക്കാരിക പ്രവർത്തനവും ഒക്കെ വലിയ തോതിൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**ഡ്രഗ് അഡിക്ഷൻ:**

വിളക്ക് തെളിച്ചും പാത്രം കൊട്ടിയും ബൈക്ക് റാലി നടത്തിയും ഫ്ളാഷ് മൊബ് കളിച്ചും ഉമ്മാക്കി കാട്ടിയും

ലഹരി എന്ന വിപത്തിനെ ഇനി ഇവിടെനിന്നു ഓടിക്കാൻ കഴിയില്ല. അത്രമേൽ സംഘടിതമാണ് ഈ രംഗം. മാന്യന്മാർ പലരും ഇതിന്റെ പങ്ക് വാങ്ങുന്നവരാണ് എന്നാണ് സത്യം. ലഹരി അത്ര നിസ്സാര കാര്യമല്ല. ലഹരിയോടൊപ്പം ഗുണ്ടായിസവും ക്വട്ടേഷൻ പ്രവർത്തനവും കൊള്ളയും കൊലയുമൊക്കെ വളരുന്നു! രാഷ്ട്രീയ patronage ഇല്ലാതെ ഇതിന്റെ വിപണനം ഇത്രമേൽ വളരില്ല. പോലീസ് മാഫിയ പൊളിറ്റിക്കൽ nexus വളരെ clear ആണ്. കേരളത്തിൽ ഒഴുകുന്ന കള്ളപ്പണവും ആയി ഇതിനു ബന്ധമുണ്ട്. സിനിമ, മതം outfits ഒക്കെയായി ഇതിനു ബന്ധമുണ്ട്... പല ഹോട്ടൽ resorts-clubs കേന്ദ്രമാക്കി വലിയ വിപണിയുണ്ട്.

ഇതിന്റെ പങ്കു ഇലക്ഷൻ ഫണ്ടിൽ സംഭാവന കൊടുത്താൽ അവർ പൗരപ്രമുഖരാകും. ഉത്സവത്തിനും പെരുന്നാളിനും പണം തന്നാൽ അവർ സാമൂഹിക ആത്മീയ മാന്യതയുടെ അടയാളമാകും!

**തലതിരിഞ്ഞ വിദ്യാഭ്യാസം:**

കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കാത്ത വിദ്യാഭ്യാസം വലിയ വഞ്ചനയാണ്. പരീക്ഷ മാർക്ക് ഗ്രേഡ് എന്നതിലേക്ക് വിദ്യാഭ്യാസം ചുരുക്കി ട്യൂഷൻ സെന്ററിലും കോച്ചിങ് സെന്ററിലും വിദ്യാഭ്യാസത്തെകൊണ്ട് കെട്ടിയിട്ടതാണ് ഇന്ന് കാണുന്ന സാമൂഹിക അപചയത്തിന്റെ പ്രധാന കാരണം! ഓരോ പ്രായത്തിലും കുട്ടികൾക്ക് വേണ്ട നൈപുണ്യ വികസനം മൂല്യബോധം സംസ്കാരം അറിവ് കാഴ്ചപ്പാട് എന്നിവ ഉറപ്പാക്കാത്തതിന്റെ ഗുണം കിട്ടിയത് കമ്പോളത്തിലാണ്. തിന്മകളുടെ സങ്കേതങ്ങളെല്ലാം സംഘടിച്ചു നിൽക്കുമ്പോൾ വീടും സ്കൂളും ഒക്കെ ബലഹീനമാകുന്നത് തലമുറയുടെ നാശത്തിനു ആക്കം കൂട്ടുന്നു. മതപഠനവും പലപ്പോഴും വെറും പുസ്തക കാണാപഠിത്തവും ആചാരപഠനവും ആയി ചുരുങ്ങുന്നു.. മൂല്യങ്ങളോ സ്വഭാവ മേന്മയോ സൃഷ്ടിക്കാൻ അതിനു കഴിയുന്നില്ല.

**കുട്ടികളെ ബഹുമാനിക്കാത്ത സമൂഹം:**

ഇന്ന് ഇറങ്ങുന്ന ഹിറ്റ് സിനിമകളിൽ കൂടുതലും കുട്ടികളെ വളരെ മോശമായി സ്വാധീനിക്കുന്ന വിഭവങ്ങൾകൊണ്ട് നിറഞ്ഞതാണ്. അമിതമായ violence, വൃത്തികെട്ട ഭാഷ, യാതൊരു മര്യാദയുമില്ലാത്ത പെരുമാറ്റം, കൊള്ള, കലാപം, കൊല, മദ്യ മയക്കുമരുന്ന് ഉപയോഗം..മറ്റു ഏതു മാധ്യമത്തെക്കാളും സിനിമ കുട്ടികളെ കൂടുതൽ സ്വാധീനിക്കും! ഇത്തരം കാര്യങ്ങൾ പറയുമ്പോൾ സ്ഥിരം തിരിച്ചു ചോദിക്കുന്ന ഒരു വാദമുണ്ട്. "നല്ല സിനിമകൾ കണ്ടു ആരെങ്കിലും നന്നായിട്ടുണ്ടോ? മാനസികവും വൈകാരികവും സ്വഭാവപരമായും കുറഞ്ഞു നിൽക്കുന്ന കുട്ടികളെയാണ് ഇത്തരം കാര്യങ്ങൾ പെട്ടെന്ന് സ്വാധീനിക്കുന്നത്. നല്ലതായാലും ചീത്തയായാലും! അത്തരം കുട്ടികളുടെ എണ്ണം സമൂഹത്തിൽ കൂടുന്നു. അവിടെയാണ് സിനിമാക്കാർ 'വിപണി' കാണുന്നതും! പണം മാത്രമാണ് ലക്ഷ്യമെങ്കിൽ വളരെ വികലമായിരിക്കും നമ്മൾ രൂപപ്പെടുത്തുന്ന സമൂഹം, ഓർക്കാം!

വെറും മുദ്രാവാക്യം വിളിയും flex board പ്രവർത്തനവും മതിയാകില്ല ഒരു പരിവർത്തനത്തിന്.. ഇച്ഛാശക്തിയുള്ള ആസൂത്രണവും ആഴമുള്ള mission തന്നെ വേണ്ടിവരും! പഠനങ്ങൾ ഉണ്ടാവണം..

**കുടുംബങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കണം.**

കുറച്ചു കാലത്തേക്കെങ്കിലും മാരാമത്ത് പണി നിർത്തിവെക്കണം. പള്ളി കെട്ടലും, പാരീഷ് ഹാൾ പണിയലും, പറമ്പിൽ ടൈൽ ഇടുന്നതും, മോടിപിടിപ്പിക്കുന്നതും ഒക്കെ തലമുറ ഉണ്ടെങ്കിൽ മതിയല്ലോ! ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ബോംബുകളാണ് ഇന്ന് പല ഭവനങ്ങളും. ജീവിക്കാനറിയില്ല.. ആരും പറയുന്നത് കേൾക്കില്ല... വഴികാട്ടാനാളില്ല.. മാനസീക രോഗങ്ങൾ തിരിച്ചറിയുന്നില്ല.. പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നില്ല.. അയൽപക്കമില്ല.. വലിയ മതിലും ഗേറ്റും... ബന്ധങ്ങളില്ല സൗഹൃദങ്ങളില്ല കൂട്ടായ്മയില്ല.. ഉണ്ടെങ്കിൽ തന്നെ എല്ലാ യാന്ത്രികം.

**ഇനി വേണ്ടത് ഓരോ വീടും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ..**

സ്കൂളുകളും വിളക്കുമരങ്ങളാകേണ്ടതുണ്ട്. കൗൺസിലിങ്ങും മറ്റും വ്യാപകമാക്കണം. ജീവനില്ലാത്ത മതബോധനം ആരെയും സ്വാധീനിക്കുന്നില്ല. പലതും വെറും flexibhition മാത്രം! രാഷ്ട്രീയമൊക്കെ മോഡൽ മറ്റേണ്ട കാലം അതിക്രമിച്ചു. രാഷ്ട്രീയക്കാരിലെ കള്ളനാണയങ്ങളെ ഇനിയെങ്കിലും താലപ്പൊലിയുമായി ആനയിക്കാതിരിക്കാം! ജനം ഉണർന്നേ പരിഹാരമുള്ളൂ! ആരും വരില്ല..നമ്മൾ തന്നെയിറങ്ങി നമ്മുടെ സാമൂഹിക ഇടങ്ങൾ ശുദ്ധീകരിക്കേണ്ടതുണ്ട്. വിദേശ രാജ്യത്തേക്ക് ഓടിയവർക്കും വലിയ രക്ഷയൊന്നുമില്ല.

ആശംസകൾ

(Sunil D. Kuruvilla, is consultant counsellor and Human Resources Development trainer; founder INSIGHT MISSION. He can be contacted @ Email: sunil_kuruvilla@rediffmail.com
Cell: +91 9656144712 Yutuber)

# ഗ്ലോബൽ ക്നാനായ വുമൺസ് ഫോറം സമ്പൂർണ്ണ പ്രതിനിധി സമ്മേളനം

ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ സമുദായ സെക്രട്ടറി റ്റി.ഒ. എബ്രഹാം തോട്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള വുമൺസ് ഫോറം പ്രതിനിധികൾ സംബന്ധിച്ചു. ഷൈല മാത്യു പാറേകുന്നുംപുറം, മഞ്ജു എബ്രഹാം വലിയപറമ്പിൽ, ജയാ ജേക്കബ്, ജേക്കബ് തോമസ് മറ്റക്കാട്ട്, ബെറ്റി റെന്നി ഇരണയ്ക്കൽ (യു.എസ്.എ.) ഡയാന മർക്കോസ് തൂമ്പുങ്കൽ (ഫ്ളോറിഡ) ഷീബാ ജോസഫ് ആലഞ്ചേരിൽ, എൽസി രാജു കൊച്ചിടശ്ശേരി, സുനില ജോസഫ് കൈയ്യാലപറമ്പിൽ, ബിജിറെജി, സിനിമോൾ ജോസഫ്, ബിജിലി ബിനോയി എന്നിവർ പ്രസംഗിച്ചു.

# ഒരു നെഹെമിയ ആകാൻ ആഗ്രഹിക്കുന്നുവോ?

പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്, കോതമംഗലം

പഴയനിയമ പുസ്തകത്തിൽ പരാമർശിക്കുന്നനെഹെമി യാക്കുറിച്ച് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിലെ അദ്ദേഹത്തിന്റെ പ്രാർത്ഥന (Nehemiah Prayer) ഇക്കാലത്ത് വളരെ പ്രസിദ്ധിയാർജിച്ചിരിക്കുന്നതായി കാണാം. ക്രിസ്തുവിന് മുമ്പ് ഏകദേശം അഞ്ഞൂറോളം വർഷങ്ങൾക്കു മുമ്പ് ആയിരുന്നു അദ്ദേഹം ജീവിച്ചിരിക്കുന്നത്. രാജാവായ അർത്താക് സെർഷ്സസിന്റെ പാനപാത്രവാഹകനായിരുന്നു അദ്ദേഹം. ബാബിലോണിൽ നിന്നും മടങ്ങിപോന്ന യഹൂദർ ജറുസലേമിൽ എത്തിയശേഷം അവർ അവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് നെഹെമിയായ്ക്ക് അറിവു ലഭിച്ചു. ജറുസലേമിന്റെ മതിലുകൾ തകർന്നതും, അത് അഗ്നിക്കിരയായതും, ജനത്തിന്റെ കഷ്ടപ്പാടുകളെക്കുറിച്ച് മനസ്സിലാക്കിയ നെഹെമിയ തീവ്രദുഃഖിതനായി. അദ്ദേഹം എളിമപ്പെട്ട് നിലത്തിരുന്നു കരയുകയും, ഈ അവസ്ഥയോർത്ത് വിലപിക്കുകയും ചെയ്തു. ഉപവാസം അനുഷ്ഠിച്ചുകൊണ്ട് സ്വർഗ്ഗസ്ഥനായ ദൈവസന്നിധിയിൽ ദിവസങ്ങളോളം പ്രാർത്ഥിക്കുകയും ചെയ്തു. നെഹെമിയാ 1:5-11 വരെയുള്ള വചനങ്ങളിൽ ആ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമായിരുന്നു. "സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവമായ കർത്താവ് തന്നെ സ്നേഹിക്കുകയും തന്റെ പ്രമാണങ്ങൾ അനുസരിക്കുകയും ചെയ്യുന്നവരോട് ഉടമ്പടി പാലിക്കുകയും കാരുണ്യം കാട്ടുകയും ചെയ്യുന്ന ഉന്നതനും ഭീതികരനുമായ ദൈവമേ, അവിടുത്തെ ദാസരായ ഇസ്രായേൽ ജനത്തിനു വേണ്ടി ഈ ദാസൻ രാവും പകലും അങ്ങയുടെ മുമ്പിൽ പ്രാർത്ഥിക്കുന്നു. ഈ ദാസനെ കടാക്ഷിച്ച് പ്രാർത്ഥന ശ്രദ്ധിക്കേണമെ. അവിടുത്തെ ജനമായ ഞങ്ങൾ അങ്ങേക്കെതിരെ ചെയ്തുപോയ പാപങ്ങൾ ഏറ്റു പറയുന്നു. ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരിക്കുന്നു. അങ്ങേക്കെതിരെ ഞങ്ങൾ കഠിനമായ തെറ്റു ചെയ്തു. അങ്ങയുടെ ദാസനായ മോശവഴി അങ്ങു നൽകിയ കല്പനകളും, ചട്ടങ്ങളും അനുശാസനങ്ങളും ഞങ്ങൾ പാലിച്ചില്ല. അവിശ്വസ്തത കാട്ടിയാൽ നിന്നെ ഞാൻ ജനതകൾക്കിടയിൽ ചിതറിക്കും, മറിച്ച് എന്റെ കല്പനകൾ പാലിച്ചാൽ നിന്റെ ജനം എത്ര ദൂരത്തേക്കു ചിതറിക്കപ്പെട്ടാലും ഞാൻ തിരഞ്ഞെടുത്ത സ്ഥലത്ത് അവരെ ഞാൻ ഒരുമിച്ചുകൂട്ടും എന്ന അങ്ങയുടെ വാക്കുകൾ അവിടുന്ന് അനുസ്മരിക്കേണമെ. അവിടുത്തെ മഹത്തായ കരബലത്താൽ വീണ്ടെടുത്ത അവിടുത്തെ ദാസന്മാരും ജനവുമാണ് അവർ. കർത്താവേ, ഈ ദാസന്റെയും അവിടുത്തെ നാമം വണങ്ങുന്ന ഇതര ദാസരുടെയും പ്രാർത്ഥന ശ്രവിക്കേണമെ. അവിടുത്തെ ദാസന് ഇന്ന് വിജയമരുളണമേ. ഈ മനുഷ്യന് എന്നോട് കരുണതോന്നാൻ ഇടയാക്കേണമെ. ഞാൻ ഈ രാജാവിന്റെ പാനപാത്രവാഹകൻ ആണല്ലോ". രാജാവ് കാരുണ്യം കാട്ടുവാൻ വേണ്ടിയായിരുന്നു നെഹെമ്യാ ഇപ്രകാരം ദൈവത്തോട് പ്രാർത്ഥിച്ചത്. തന്റെ മ്ലാനമുഖം കണ്ടിട്ട് രാജാവ് അദ്ദേഹത്തോട് കാര്യം ആരാഞ്ഞു. ജറുസലേമിന്റെ നഗരകവാടങ്ങൾ കത്തി ശൂന്യമായി കിടക്കുമ്പോൾ തന്റെ മുഖം എങ്ങനെ പ്രസന്നമാകുമെന്ന് നെഹെമ്യാ മറുപടി നൽകി. വീണ്ടും പ്രാർത്ഥിച്ചശേഷം തന്റെ പിതാക്കന്മാർ നിദ്രകൊള്ളുന്ന നഗരം പുനരുദ്ധരിക്കുന്നതിന് തന്നെ യൂദായിലേയ്ക്ക് അയക്കണമേയെന്ന് അദ്ദേഹം രാജാവിനോട് അപേക്ഷിച്ചു. വിവരങ്ങൾ എല്ലാം വിശദമായി ചോദിച്ച് മനസ്സിലാക്കിയ രാജാവ് കരുണതോന്നി വേണ്ടതെല്ലാം അദ്ദേഹത്തിന് അനുവദിച്ചുകൊടുക്കുകയും ചെയ്തു.

തുടർന്ന് നെഹമിയായുടെ നേതൃത്വത്തിൽ നശിച്ചുപോയ ജറുസലേമിന്റെ മതിലുകൾ പുനർനിർമ്മിക്കപ്പെട്ടതായും, അവിടുത്തെ ജനം അനുഭവിച്ചിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാനും കഴിഞ്ഞതായി നെഹെമ്യായുടെ പുസ്തകത്തിൽ പറയുന്നുണ്ടല്ലോ.

മേൽ വിവരിച്ച ജറുസലേമിലെ അവസ്ഥയിലൂടെ തന്നെയല്ലേ ഇന്നും നമ്മുടെ സഭ കടന്നുപോകുന്നത്.? സഭയിലുള്ള ആഭ്യന്തര പ്രശ്നങ്ങളും, പരസ്പരമുള്ള വിമർശനങ്ങളും ക്യാൻസർ ബാധിച്ച് അതു ശരീരത്തെ നശിപ്പിക്കുന്നതു പോലെ സഭയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. യഥാസമയം ഇതിന് പ്രതിവിധി കണ്ടെത്തിയില്ലെങ്കിൽ അത് ഗുരുതരമാകുവാൻ ഇടയാകുമല്ലോ. വളരെയധികം പ്രാർത്ഥനകൾ ഉയരേണ്ട സമയം സമാഗതമായിരിക്കുന്നു. അതിലൂടെ ദൈവീക ഇടപെടൽ ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാവുകയുള്ളൂ. അതായത് പ്രവർത്തിയോടൊപ്പം സഭാമക്കളുടെ പ്രാർത്ഥനയും അനിവാര്യമായിരിക്കുന്നു. സഭയ്ക്ക് ഈ ഘട്ടത്തിൽ അനേകം നെഹെമ്യാമാരെ ആവശ്യമായിരിക്കുന്നു. ദൈവം ഓരോ സഭാമക്കളോട് ചോദിക്കുന്നത് ഇതു തന്നെയായിരിക്കുമെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം. നിങ്ങൾക്കും ഒരു നെഹെമിയാ ആകാമോ? ആ ചോദ്യത്തിന് 'അതേ' (yes) എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ, അതിന് അനുയോജ്യമായ ഒരു അവസരമാണ് ഈ വരുന്ന വലിയ നോമ്പുകാലം. 2000-ാം മാണ്ടിലെ മഹാജൂബിലിയ്ക്ക് ശേഷം ഇപ്പോൾ 2025 ലെ ജൂബിലി വർഷത്തിൽ സഭ എത്തി നിൽക്കുകയാണല്ലോ. ഈ ദൈവവിളി സ്വീകരിച്ച് വലിയ നോമ്പുകാലത്തെ ഉപവാസവും, പ്രാർത്ഥനകളും പരിത്യാഗ പ്രവൃത്തികളും സഭയുടെ വിശുദ്ധീകരണത്തിനായി കഴ്ച വെക്കുമെങ്കിൽ ഇന്നത്തെ പ്രശ്നത്തിൽ ദൈവീക ഇടപെടൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. എല്ലാവർക്കും അനുതപിച്ച്, ഒരു പൂർണ്ണ കുമ്പസാരവും നടത്താൻ ഇടയാകട്ടെ. ആയതിലേയ്ക്ക് ദൈവമാതാവിന്റെയും സകല വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥം സഹായകമാകട്ടെ.

●

# ഇട്ടിയപ്പാറ സെന്റ് മേരീസ് കുരിശുപള്ളി

കെ.ഒ. മാത്യു, കുളമടയിൽ

വർഷങ്ങൾക്ക് മുമ്പ് റാന്നി വലിയ പള്ളിയുടെ വടക്കേകരയിൽ ഇട്ടിയപ്പാറയ്ക്ക് വടക്കുവശത്തായി ഉള്ള തേരിടുമട, കുളമട ഭാഗം, ഇട്ടിയപ്പാറ, പഴവങ്ങാടിക്കര തുടങ്ങിയ വാർഡുകളിൽ ഉൾപ്പെട്ട ഇടവകാംഗങ്ങളുടെ ആത്മീയ കാര്യങ്ങൾക്ക് ഒരു പ്രാർത്ഥനാലയം ഉണ്ടാകണമെന്ന ആഗ്രഹം വന്ദ്യനായ പുരക്കൽ പി.റ്റി ജോസഫ് കോർ എപ്പിസ്ക്കോപ്പായ്ക്ക് ഉണ്ടായിരുന്നു. എന്നാൽ അതിനുള്ള സാമ്പത്തികവും മറ്റുമായ പരിമിതിമൂലം ആഗ്രഹം സഫലികൃതമായില്ല. എന്നാൽ ബഹുമാനപ്പെട്ട അച്ചന്റെ ആഗ്രഹപ്രകാരം കുളമടയിൽ പറമ്പിൽ ഒരു ഷെഡ് കെട്ടി ഒരു സണ്ടേസ്ക്കൂൾ ആരംഭിച്ചു. എന്റെ പിതാവും കണ്ണങ്കര ശ്രീ. കെ. എ. ഏബ്രഹാമും മറ്റും അവിടെ അദ്ധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ടായിരുന്നു.

ഈ കാലയളവിൽ ഇന്നേയ്ക്ക് (80) എൺപതു വർഷങ്ങൾക്ക് മുമ്പ് കുടയ്ക്കനാൽ മാത്യൂസ് വൈദ്യൻ എന്ന മഹാ മനസ്കനായ ആൾ റാന്നി വലിയപള്ളിക്ക് പഴവങ്ങാടിക്കരയിലുള്ള ആത്മീയ കാര്യങ്ങൾക്കുവേണ്ടി അഞ്ചു സെന്റു സ്ഥലം വലിയ പള്ളിയുടെ പേരിൽ ദാനമായി എഴുതിക്കൊടുത്തു. അധികം താമസിക്കാതെ അവിടെ ഒരു പ്രാർത്ഥനാലയം സ്ഥാപിക്കണമെന്ന ആഗ്രഹത്തിൽ പുരയ്ക്കൽ വന്ദ്യ ശ്രീ.പി.റ്റി ജോസഫ് കോർഎപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ മലയാളവർഷം 1126–ാമാണ്ട് കല്ലിട്ട് ഒരു മനോഹരമായ ഹാൾ നിർമ്മിച്ചു. ഇട്ടിയപ്പാറയിൽ സെന്റ് തോമസ്ഹാൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇതോടുകൂടി കുളമടയിൽ പുരയിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സണ്ടേസ്ക്കൂൾ ബഹുമാനപ്പെട്ട പുരയ്ക്കൽ വന്ദ്യ ജോസഫ് കോർ എപ്പിസ്കോപ്പായുടെ നിർദ്ദേശ പ്രകാരം ഇട്ടിയപ്പാറയിലുള്ള ഹാളിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

പിന്നീട് അനേക വർഷക്കാലം ഇവിടെ ടുട്ടോറിയൽ സ്ഥാപനം നടത്തി പള്ളിയുമായുള്ള ബന്ധങ്ങൾ ഇല്ലാതായി. ഈ അവസരത്തിൽ 1963–ൽ ബഹുമാനപ്പെട്ട പുരയ്ക്കൽ ജോസഫ് കോർ എപ്പിസ്കോപ്പാ ഇവിടെ ഒരു ചാപ്പൽ ആരംഭിക്കണമെന്ന ഉദ്ദേശത്തോടുകൂടി എന്റെ പിതാവിനേയും കൂട്ടി അഭിവന്ദ്യ മാർ ക്ലീമീസ് തിരുമേനിയെ കണ്ട് ആവശ്യം ഉന്നയിച്ചു. എന്നാൽ സമുദായത്തിൽ വൈദീകരുടെ കുറവുമൂലവും സാമ്പത്തിക കുറവു മൂലവും പ്രസ്തുത ആഗ്രഹം നടക്കാതെ പോയി.

എന്നാൽ ഐത്തല പള്ളിയുടെ കീഴിൽ അഞ്ചാനിയിലും, ചെറുകുളഞ്ഞിയിലും കുരിശുപള്ളികൾ സ്ഥാപിച്ച് ആരാധന ആരംഭിച്ചപ്പോൾ വലിയ പള്ളിയുടെ തെക്കേ കരയിൽ വൈക്കത്തും കുരിശുപള്ളി ആരംഭിച്ചു. എന്നാൽ ഇട്ടിയപാറയ്ക്കു വടക്കുവശമുള്ള വലിയ പള്ളിയുടെ ഇരുന്നൂറിൽ അധികം വീട്ടുകാർക്ക് ഒരു ദൈവാലയം ഉണ്ടാകണമെന്ന ആഗ്രഹം ഈ ലേഖകനും ഉണ്ടായി.

ഈ ആഗ്രഹം അഭിവന്ദ്യ മാർ ക്ലീമീസ് തിരുമേനിയെ 1992–ൽ ലേഖകൻ ഉണർത്തിച്ചു ആയതിനുവേണ്ടി നാല്, അഞ്ച് സ്ഥലങ്ങൾ നിർദ്ദേശിച്ചു. തിരുമേനിക്കു ഇട്ടിയപ്പാറ ജംഗ്ഷനിൽ അടുത്ത് മെയിൻറോഡ് സൈഡിൽ ഉള്ള സ്ഥലമാണ് ആവശ്യമായി തോന്നിയത് ആയതിലേക്ക് ഇട്ടിയപ്പാറയിലുള്ള സെന്റ് തോമസ് ഹാൾ ഒരു പള്ളിയാക്കാമെങ്കിൽ എന്ന് ആഗ്രഹപ്പെട്ടു.

പിന്നീട് റാന്നി വലിയപള്ളിയുടെ 250–ാം വാർഷിക ആഘോഷ കമ്മറ്റിയിൽ ബഹുമാനപ്പെട്ട കണ്ണംകുഴയത്ത് പ്രൊഫസർ കെ.ഒ. ഉണ്ണിട്ടൻസാർ ജൂബിലി മെമ്മോറിയൽ ആയി ഇട്ടിയപ്പാറ സെന്റ് തോമസ്ഹാൾ ചാപ്പലാക്കി തരണമെന്ന് ആഗ്രഹം ഉന്നയിച്ചു.

അതിനു മുമ്പുതന്നെ ക്ലീമീസ് തിരുമേനി അനുകൂലമായ തീരുമാനം എടുത്തിരുന്നു. ഒരിക്കൽ പ്രൊഫസർ എം.ജെ. ജേക്കബ് മറ്റക്കാട്ട് അസോസിയേഷൻ മെമ്പറായിരുന്നപ്പോൾ തിരുമേനി ചാപ്പൽ ആകുന്നതിന്റെ ആവശ്യകത സൂചിപ്പിച്ചിരുന്നത് സാർ എന്നോട് പറഞ്ഞിരുന്നതാണ്. കാരണം കോളേജിലെയും തൊട്ടടുത്ത സെന്റ് തോമസ് ഹൈസ്ക്കൂളിലേയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇട ദിവസങ്ങളിലെ കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് കാരണമാകും എന്ന് തിരുമേനി പറഞ്ഞതായി സാർ എന്നോട് സംസാരിച്ചിരുന്നു.

വലിയ ദൈവകൃപ എന്ന് പറയട്ടെ വലിയ പള്ളിയുടെ ജൂബിലി കുർബാനക്കുശേഷം 1993 ഫെബ്രുവരി 22–ന് താൽക്കാലികമായി കൂദാശ ചെയ്തു വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽതന്നെ പള്ളി പണിയുന്നതിന് അഭിവന്ദ്യ തിരുമേനി അനുവാദം തന്ന് അനുഗ്രഹിച്ചു.

പള്ളി കമ്മറ്റിക്കാരനായിരുന്ന തടത്തിൽ ശ്രീ ജോയിസിന്റെ നേതൃത്വത്തിൽ പണികൾ നടത്തി. 1993 ജൂൺ 20–ാം തീയതി ക്ലീമീസ് തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിച്ച് അനുഗ്രഹിച്ചു.

പിന്നീട് ക്ലീമീസ് തിരുമേനിക്കുശേഷം 2004–ൽ മഞ്ഞിനിക്കരയിലെ വന്ദ്യ ഗീവർഗീസ് മാർ ദിവന്യാസിയോസ് തിരുമേനി വിശുദ്ധ മൂറോൻ കൂദാശ നടത്തി.

റാന്നിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യു ന്ന വി. മാതാവിന്റെ നാമത്തിലുള്ള ഈ ദൈവാലയത്തിൽ ഇന്നുവരേയും പ്രാർത്ഥിച്ചിട്ടുള്ള അനേക വിശ്വാസികൾക്ക് പല വിധത്തിലുള്ള അനുഗ്രഹങ്ങളും കാര്യസാദ്ധ്യതകളും പ്രതിഫലവും, ലഭിച്ചിട്ടുണ്ട്, ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. ഇവിടെ പ്രാർത്ഥിക്കുന്നതും നേർച്ച കാഴ്ചകൾ സമർപ്പിക്കുന്നതും മറ്റു മത വിശ്വാസികൾ ആണ് എന്ന് പ്രത്യേകമായി ഓർക്കുന്നു. ഒരിക്കൽ ഈ പള്ളിയെക്കുറിച്ച് അഭിവന്ദ്യ ക്ലീമീസ് തിരുമേനി എന്നോട് പറഞ്ഞ വാക്കുകൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നു. “മലനാടിന്റെ മണർകാട്” എന്ന വിശേഷണമായിരുന്നു.

ഇപ്പോൾ വിശ്വാസികളുടെ നിർലോഭമായ സഹകരണവും പ്രാർത്ഥനയുംകൊണ്ട് പുതുക്കിപണിയുന്നതിന് സഹായിച്ച എല്ലാവരേയും ദൈവസന്നിധിയിൽ ഓർക്കുകയും ബഹുമാനപ്പെട്ട രാജൻ അച്ചനോട് നന്ദിയും അറിയിക്കുന്നു.

ഇവിടെ വിശുദ്ധ കുർബ്ബാന അർപ്പിച്ചിട്ടുള്ള നമ്മളിൽ നിന്നു മൺമറഞ്ഞ മൂഴിയിൽ വന്ദ്യ ശാമുവേൽ കോർഎപ്പിസ്കോപ്പ, കളരിക്കൽ വന്ദ്യ ഡോ. മാത്യൂ സ് കശ്ശീശ്ശ, കൊന്നയ്ക്കൽ വന്ദ്യ എൻ.സി. മാത്യൂസ് കശ്ശീശ എന്നിവരുടെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചും, ഇന്നുവരേയും സേവനം ചെയ്ത വൈദികരേയും അവരുടെ പ്രാർത്ഥനകൾക്കും സേവനങ്ങൾക്കും നന്ദിപ്രകാശിപ്പിച്ചും പരിശുദ്ധ അമ്മയുടെ വലിയ മദ്ധ്യസ്ഥതയിൽ അഭയ പ്പെട്ടും ഇവിടെ ദൈവ മാതാവിന്റെ അനുഗ്രഹങ്ങൾ എപ്പോഴും ഉണ്ടായിരിക്കും. ഇവിടം ഭാവിയിൽ ഒരു വലിയ കേന്ദ്രമാകും എന്ന വാക്കുകൾ സഫലമാകട്ടെ.

ഇപ്പോൾ പഴയ പള്ളി പുതുക്കി പണിത് മനോഹരമാക്കി ജൂൺ മാസത്തിൽ അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി കൂദാശ ചെയ്തു പ്രതിഷ്ഠിച്ചു തന്നു.

# ക്രിസ്തീയ ജീവിതം പ്രായോഗിക തലത്തിലാകുമ്പോഴാണ് നമ്മൾ ഗുരുവിന്റെ ശിഷ്യന്മാരാകുന്നത്

**തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ**

നമ്മൾ ക്രിസ്തുവിന്റെ ശിഷ്യന്മാരാകുന്നത് അവൻ നമ്മളെ പഠിപ്പിച്ച പാതയിലൂടെ നടക്കുമ്പോഴാണ്. ഉപദേശവും, എഴുത്തുംകൊണ്ടുമാത്രം നാം ആ തലത്തിൽ എത്തിച്ചേരണമെന്നില്ല. നമ്മൾ ജീവിക്കുന്ന സാഹചര്യങ്ങളും, ചുറ്റുപാടുകളും, ക്രിസ്തീയ ജീവിതത്തിന് ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നതാണെന്ന് നമ്മൾക്കറിയാം. പൈശാചികതയിൽ ലോകം മുങ്ങിത്താഴുകയാണോ എന്നുപോലും നമ്മളിൽ സംശയം ജനിപ്പിക്കത്തക്ക രീതിയിലുള്ള സംഭവവികാസങ്ങളാണ് ലോകം അനുദിനം ദർശിച്ചുകൊണ്ടിരിക്കുന്നത്. ആകെപ്പാടെ, എവിടെയും ഒരു ഭീകരതയുടെ മുഖം! പാപത്തിന്റെ മുഖത്തിന് മാറ്റം സംഭവിക്കുന്ന അവസ്ഥ. നമ്മെളെല്ലാവരും അഭിമുഖീകരിക്കുന്നത്, രണ്ടുതരം ജീവിതമാണ്, ഒന്ന് നമ്മുടെ രഹസ്യജീവിതവും, രണ്ടാമത്തേത് നമ്മുടെ പരസ്യജീവിതവും, നമ്മൾ ജീവിതത്തിൽ അവരവരുടേതായ ഭാഗങ്ങൾ അഭിനയിച്ചു. കാലയവനികക്കുള്ളിൽ മറയുന്നവരാണല്ലോ. നമുക്ക് ക്രിസ്തീയ ജീവിതത്തെ അഭിമാനമായി കാണാൻ കഴിയുന്നുണ്ടോ?. കർത്താവേ കർത്താവേ, എന്നു വിളിക്കുകയും, അവന്റെ ഹിതാനുസരണമല്ലാത്ത, ഒരു തോന്ന്യവാസ പദ്ധതിയിൽകൂടിയുള്ള, ഒരഭിനയജീവിതം നമുക്ക് സാധ്യമാണോ എന്നു നാം ഗൗരവമായി ചിന്തിക്കണം. യേശു പറയുന്നു അവിടുത്തെ സിംഹാസനം ലോകത്തിന്റെ അല്ലെന്നും, പ്രത്യുത, ആത്മീകവും, സ്വർഗീയവുമാണെന്നും, അത് അടിവരയിട്ടു വിശ്വാസികളായ നമ്മൾ, ക്രിസ്തീയതയുടെ പ്രായോഗിക തലങ്ങൾ ആ അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ടതുമാകുന്നു. രഹസ്യ ജീവിതത്തിൽ, പാപത്തിന് അടിമപ്പെട്ടു ജീവിച്ചിട്ട്, പരസ്യജീവിതം അഭിനയമികവിൽ, തിളക്കമാർജിക്കുന്നത്, ദൈവത്തേയും, സാത്താനേയും ഒരുപോലെ ആരാധിക്കുന്നതിന് തുല്ല്യമാണ്. ലോകത്തു സംഭവിച്ച പരമമായ ഒരു സത്യം. ദൈവപുത്രനായ യേശു മനുഷ്യപുത്രനായി ജനിച്ചു എന്ന, ലോകം ഇതേവരെ ദർശിച്ചിട്ടില്ലാത്ത മഹാത്ഭുതമാണ്. മനുഷ്യകുലത്തിന് അന്നുവരെ ലഭ്യമല്ലാതിരുന്ന പ്രത്യാശാ നിർഭരമായ ജീവിതത്തിനു വഴിതെളിയിച്ചു, അത് യേശു ക്രിസ്തുവുമായി ബന്ധപ്പെട്ട നിത്യജീവൻ തന്നെ. പവിത്രമായ വിശ്വാസം. അതാണ് ക്രിസ്തീയതയുടെ മഹത്വം. എന്തൊരു മഹത്തായ ആശയമാണ് അതു ലോകത്തിന് കൊടുക്കുന്നത്. തന്റെ ഏകജാതനായ പ്രിയ പുത്രനെ മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനായി യാഗമായി അർപ്പിച്ചു. നിന്റെ പാപം കടും ചുവപ്പാണെങ്കിലും ഹിമംപോലെ വെളുപ്പിക്കാൻ അനിതരസാധാരണ ശേഷിയുള്ള കുഞ്ഞാടിന്റെ രക്തം, അവന്റെ മക്കൾ ഏവർക്കും വേണ്ടിയുള്ളതാണ്. ഇത് ലോകത്തിന് രക്ഷാപദ്ധതിയാണ്. ഇവിടെയെങ്ങും നാം സ്വയം മതിൽക്കെട്ടിത്തിരിക്കരുത്. രഹസ്യ ജീവിതത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. നമ്മുടെ രഹസ്യ ജീവിതം പാപത്തിന്റെ അന്ധകാരക്കുഴിയിൽ വീഴ്ത്തി. ക്രിസ്തീയതയെ ലോകത്തിൽ പരിഹാസത്തിന് വിധേയമാക്കരുത്! മറ്റുള്ളവരെ വിമർശിക്കുകയല്ല, നമ്മുടെ ക്രിസ്തീയ ദൗത്യം!, നാം ശരിയാകുക അവന്റെ പാതയിലെ നമ്മുടെ ഗമനം കണ്ട് മറ്റുള്ളവർ അവനെ അനുഗമിക്കട്ടെ. നമ്മുടെ രഹസ്യജീവിതത്തിലാണ് നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടത്, രഹസ്യജീവിതം സുതാര്യവും, പാപരഹിതവുമാണെങ്കിൽ, നമ്മുടെ പരസ്യജീവിതം ശരിയായ പാതയിലായിരിക്കും. ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിച്ചുള്ള ജീവിതം, ക്രിസ്തീയ ജീവിതം നമുക്ക് സാധ്യമാക്കും. മറുഭാഗത്ത് പ്രലോഭനങ്ങളിൽ കുടുങ്ങി, സാത്താന്യശക്തികൾ നമ്മുടെ ഹൃദയത്തിൽ കൃപ ചെയ്ത് നമ്മളെ വഴിതെറ്റിക്കും എന്ന കാര്യം മറക്കരുത്! മധുരമുള്ളതും, കാൺമാൻ ഭംഗിയുള്ളതുമായ, പാപത്തിൽ മരിപ്പിക്കുന്ന ഫലങ്ങൾ, ലോകത്തിൽ സുലഭമാണ്. ലോകത്തിൽനിന്നും മാറി ജീവിക്കാനല്ല, നമ്മളെ ഇവിടെ ആക്കിയിരിക്കുന്നത് മറിച്ച്, പാപത്തിൽനിന്നും നമ്മൾ വേറിട്ടു നില്ക്കണം എന്നെ അനുഗമിക്കുന്നവൻ, എന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ എന്നു കർത്താവു പറയുന്നു. ക്രൂശിൽ എന്താണ് നമ്മൾ കാണുന്നത്. അവിടെ ത്യാഗം, രക്ഷ, സ്നേഹം, പ്രത്യാശ, അങ്ങനെ ക്രിസ്തീയ മൂല്യാധിഷ്ടിത ഗുണങ്ങളാണ്. നമ്മൾ കാണുന്നത്. ക്രിസ്തീയതയുടെ സൗരഭ്യം നമ്മൾക്ക് ലോകത്തിൽ പരത്താൻ കഴിയാത്തത്, എല്ലാ വിശ്വാസത്തിന്റെ മേഖലകളിലും, പൈശാചിക ശക്തികൾ നുഴഞ്ഞു കയറിയിട്ടുണ്ടെന്നുള്ളതുകൊണ്ടാണ്, ഇതിനൊന്നും വിശദീകരണം ആവശ്യമില്ല. ഈ ലോകജീവിതം ഇതെല്ലാം നമുക്ക് കാണിച്ചുതരുന്നു. വിനയം സൗമ്യത, ക്ഷമ സ്നേഹം എന്നീ അത്മീയ ഫലങ്ങൾ ജീവന്റെ പ്രായോഗികതലത്തിൽ വരുത്താൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ക്രിസ്തീയതയുടെ നാമധേയംകൊണ്ട് മാത്രം എന്തു പ്രയോജനം? ക്രിസ്തീയ ജീവിതത്തിലെ സുഗന്ധം നമ്മൾ അനുഭവിക്കേണ്ടത്, അതിന്റെ പ്രായോഗികതല ജീവിതം കൊണ്ടാണ്. എന്താണ് ക്രിസ്തീയ ജീവിതത്തിന്റെ സവിശേഷതകൾ? സൃഷ്ടാവിന്റെ സൃഷ്ടികൾ എന്നതിലുപരി മക്കളാകുവാൻ തക്കവണ്ണം അവൻ മനുഷ്യകുലത്തെ അനുഗ്രഹിച്ചിരിക്കുന്നു. ഒരേ സമയം ദൈവപുത്രനും, മനുഷ്യപുത്രനും! അങ്ങനെ അവനു സഹോദരന്മാരാകുവാൻ തക്കപദവിയും നമുക്ക് സിദ്ധിച്ചു. മനുഷ്യകുലത്തോടുള്ള ദൈവീക ബന്ധം ദൃഢീകരിക്കുന്നതു കണ്ടോ? ഭൂമിയിൽ നമ്മൾ ദൈവരാജ്യം പണിതു, സ്വർഗ്ഗത്തിലേക്കുള്ള കവാടം തുറക്കണം. ഏകദേശം അമ്പതു വർഷമായിക്കാണും, സുപ്രസിദ്ധ അമേരിക്കൻ സുവിശേഷകനായിരുന്ന “ബില്ലിഗ്രഹം” കോട്ടയത്ത് പ്രസംഗിക്കുകയുണ്ടായി, ക്രിസ്തു ജീവിതത്തിലുണ്ടെങ്കിൽ ജീവിതം പ്രകാശപൂരിതമാകും. അദ്ദേഹം തന്റെ ഭാഷയിൽ തറപ്പിച്ചു പറയുകയാണ്, ഇവിടെയുള്ള വൈദ്യുതി വിളക്കുകളെല്ലാം പ്രകാശമയമാകുന്നതുപോലെ ഇതു പറഞ്ഞു തീർന്ന ഉടൻ വൈദ്യുതി നിലച്ചു, ബൾബുകൾ എല്ലാം കെട്ടു, അന്ധകാരം പരന്നു, ആ സമയം അദ്ദേഹം പറയുകയാണ്. “യേശു നമ്മുടെ ജീവിതത്തിൽനിന്നും മാറിയാൽ ഇതുപോലെ നമ്മുടെ ജീവിതവും അന്ധകാരമാകും. കർത്താവു നമ്മുടെ ജീവിതത്തിലുണ്ടോ, എന്നു നമ്മൾ തന്നെയാണ് ഉറപ്പു വരുത്തേണ്ടത്. ക്രിസ്തു നമുക്ക് മുമ്പിൽ തുറന്നിട്ടുള്ള ഒരു പാതയുണ്ട്, അത് സ്നേഹത്തിന്റെ സഹനത്തിന്റെ ക്ഷമയുടെ, സാഹോദര്യത്തിന്റെ പാതയാണ് അതിലൂടെ സഞ്ചരിക്കാൻ നമുക്ക് സാധ്യമായാൽ, നാമും അവന്റെ ശിഷ്യഗണത്തിൽ എണ്ണപ്പെടും. വഴിയും, സത്യവും, ജീവനും, അവിടുന്നാകയാൽ മറ്റൊരു വെളിച്ചം തേടിപ്പോകേണ്ടതില്ലല്ലോ. വെളിച്ചമായവൻ നമുക്കുള്ളപ്പോൾ ഇരുളിനെ നാം എന്തിനു പേടിക്കണം. അഥവാ വെളിച്ചമുള്ളയിടത്ത്, ഇരുളിന് എന്തു പ്രസക്തി.

# ഏവൻഗേലിയോൻ ദീപം



വെരി. ഫാ. റോയി മാത്യു കോർ–എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ

**പക്ഷവാതക്കാരനെ സൗഖ്യമാക്കിയ ഞായർ (മ്ശറിയോ) (16–03–2025) വി. മർക്കോസ് 2: 1–12**

യേശു അത്ഭുത രോഗശാന്തി നൽകിയെന്നുള്ളത് ശത്രുക്കൾപോലും നിഷേധിക്കാത്ത ഒരു വസ്തുതയാണ്. അതിന്റെ കാരണം തന്റെ ദിവ്യത്വം വെളിപ്പെടുത്തുന്നതിനും, ദൈവത്തിന്റെ അഭിഷിക്തനായ പുത്രനാണെന്നു സ്ഥാപിക്കുന്നതിനും വേണ്ടിയായിരുന്നു എന്നു ചിലർ വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ഉദ്ദേശ്യത്തെ സുവിശേഷകന്മാർ എഴുതുന്നത് അങ്ങനെയല്ല അവർ രോഗികളുടെ അരിഷ്ടതകൾ കണ്ട് മനസ്സലിഞ്ഞും അവരുടെ ആഗ്രഹവും അഭ്യർത്ഥനയുമനുസരിച്ചും അപേക്ഷകരുടേയും കൊണ്ടുവന്നവരുടേയും വിശ്വാസം കണ്ടും നോക്കിനിന്നവരുടെ വിചാരങ്ങളും മുൻവിധിയും അറിഞ്ഞും രോഗികളെ സൗഖ്യമാക്കി എന്നാണ്.

യേശു കഫർന്നഹൂമിൽ ശീമോന്റെ വീട്ടിൽ അല്പം വിശ്രമിക്കുന്നതിന് ആരും അറിയാതെ കയറി. അവൻ വീട്ടിലുണ്ടെന്നുള്ള ശ്രുതി എല്ലായിടത്തും പരന്നു. അവിടെയുള്ള യേശുവിന്റെ സാന്നിദ്ധ്യത്തെ സൗരഭ്യമുള്ള സാന്നിദ്ധ്യം എന്നാണ് മില്ലർ വിശേഷിപ്പിക്കുന്നത്. ആരുടെയെങ്കിലും വീട്ടിലായാലും ഹൃദയത്തിലായാലും യേശുവിന്റെ സാന്നിദ്ധ്യം ആർക്കും  ഒളിച്ചുവെക്കാവുന്നതല്ല. പൂക്കളും കത്തിച്ചവിളക്കും ഒളിച്ചും മറച്ചും വെച്ചാലും, പൂവിന്റെ പരിമളവും വിളക്കിന്റെ വെളിച്ചവും വെളിയിലേയ്ക്ക് വ്യാപിക്കും.ശാരോനിലെ പനിനീർപുഷ്പം ലോകത്തിന്റെ വെളിച്ചമെന്ന് വിശേഷിക്കപ്പെട്ട നസ്രായനും അപ്രകാരം തന്നെ. രാമച്ച വേരോ, ചന്ദനപ്പൊടിയോ വച്ചിരിക്കുന്ന പെട്ടിയിൽ സൂക്ഷിക്കുന്ന വസ്ത്രങ്ങൾ വാസനയുള്ളതായി തീരുന്നതുപോലെ, ആ ഗുരുവിന്റെ സാന്നിദ്ധ്യവും സമ്പർക്കവും ആശ്വാസവും ധൈര്യവും സന്തോഷവും പകരുന്നതാണ്. അതുകൊണ്ട് വാതിലിൽപോലും ഇടമില്ലാത്തവണ്ണം പലരും വന്നുകൂടി. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്ന് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനെ സമീപിച്ചു കൂടായ്കയാൽ, അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽപ്പുര പൊളിച്ചു തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വെച്ചു. യേശു പക്ഷവാതക്കാരന്റെ ബന്ധുക്കളുടെ വിശ്വാസം കണ്ടിട്ടു നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു. കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. മനുഷ്യനുണ്ടാകുന്ന രോഗാരിഷ്ടതകൾ അയാളുടെ ദുഷ്ചിന്തയുടെയും ദുഷ്കർമ്മത്തിന്റെയും ഫലമാണ്. ഈ മനുഷ്യനും ചെയ്ത ഏതോ അതിക്രമത്തെക്കുറിച്ചുള്ള ഓർമ്മ അയാളെ അലട്ടികൊണ്ടിരുന്നിരിക്കണം. പക്ഷവാതക്കാരന് പാപശാന്തിയും രോഗശാന്തിയും വരുത്തുന്നതിൽ പ്രേരകമായിരുന്ന പ്രധാനഘടകം കർത്താവിന്റെ സന്നിധിയിൽ എത്തിച്ചവരുടെ മനസ്സൊരുക്കവും ദൃഢനിശ്ചയവും പ്രതീക്ഷയും വിശ്വാസവും ആയിരുന്നു. പാപക്ഷമ നൽകുവാൻ യേശുവിന് അധികാരമുണ്ടെന്ന് തെളിയിച്ച ഒരു അത്ഭുതമാണ് ഇത്. പാപക്ഷമ അവന്റെ ആത്മാവിനെ മാത്രമല്ല സ്പർശിക്കുന്നതെന്നും ആത്മാവിനെയും ശരീരത്തെയും സൗഖ്യമുള്ളതാക്കുമെന്നും യേശു വ്യക്തമാക്കുന്നു. ഇവിടെ നാലുപേരുടെ വിശ്വാസവും ജനത്തിന്റെ നന്മക്കുവേണ്ടി തന്റെ വീട് പൊളിക്കാൻ അനുവദിച്ച വീട്ടുടമസ്ഥന്റെയും ത്യാഗമനോഭാവവും ശ്ലാഘനീയമാണ്. തന്റെ പ്രസംഗത്തിനുണ്ടായ തടസ്സമോ വീടിനുണ്ടായ നാശമോ ഓർത്തു കോപിക്കുന്ന യേശുവല്ല പിന്നെയോ മകനെ എന്നുള്ള യേശുവിന്റെ വാക്ക് ദയയും സൗമ്യതയും സൂചിപ്പിക്കുന്നു. രോഗിയെന്നോ പാപിയെന്നോ വിളിക്കപ്പെടേണ്ടവർ യേശുവിന്റെ സ്നേഹം അത്ര ആഴമായിരുന്നു. യേശുവിന്റെ സൗഖ്യവും ശക്തിയും പ്രാപിച്ചവൻ ആയതിന്റെ സാക്ഷിയാകേണ്ടത് ആവശ്യമാണ്. ഇന്നലെവരെ പലർക്കും ഭാരമായിരുന്നവൻ എല്ലാവരുടെയും മുൻപിൽ കൂടി പുറത്തേയ്ക്ക് പോകുന്നു. യേശുവിനെ സ്വീകരിച്ചപ്പോൾ അവന് ബഹുമാനം ലഭിച്ചു.

**കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയ ഞായർ (ക്നാനൈത്തോ) (23–03–2025) വി. മത്തായി 15: 21–31**

യേശു ക്രിസ്തു അന്യജാതികളുടെ അടുക്കൽ ഒരു ദിവസം ചെന്നപ്പോൾ ഒരു കനാന്യസ്ത്രീ സഹായത്തിനായി നിലവിളിച്ചു. എന്നാൽ യേശു സ്വന്തം ജനത്തിനുവേണ്ടിയാണ് വന്നത് എന്നും പറഞ്ഞ് അവളുടെ അപേക്ഷ നിരസിച്ചു എന്നു മാത്രമല്ല മക്കളുടെ അപ്പം എടുത്തു നായക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതല്ല എന്നു പറഞ്ഞു അവളെ മുഷിപ്പിക്കുകയാണ് ചെയ്തത്. ഈ പരിഹാസ വാക്കുകൾ അവൾ വകവച്ചില്ല എന്നു മാത്രമല്ല അതു തന്നെ എടുത്തു അവളുടെ രക്ഷക്കുവേണ്ടി അവൾ ഉദ്ധരിച്ചു. മേശയുടെ കീഴിൽ വീഴുന്ന അപ്പക്കഷണങ്ങൾപോലെയുള്ള കരുണയുടെ തുള്ളികൾ അത്രേ അവൾ ആഗ്രഹിച്ചത്. പ്രലോഭനങ്ങൾ ഉണ്ടായിട്ടും അവൾ യേശുവിനെ വിശ്വസിച്ചു അത് അവൾക്ക്  നീതിയായിത്തീർന്നു.

മനുഷ്യന്റെ സൈര്യ ജീവിതത്തിന് ഭീഷണിയും ഉത്കണ്ഠയും വർദ്ധിപ്പിക്കുന്ന വിധത്തിൽ പിശാചിന്റെ വ്യാപാരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പല വിധത്തിലുള്ള ആക്രമണങ്ങൾ, കൊള്ളകൾ, കൊലപാതകങ്ങൾ, രോഗങ്ങൾ, അപകടമരണങ്ങൾ, മറ്റനേകം ദുഷിച്ച ദുഷ്ടപ്രവണതകൾ എന്നിവ എല്ലാ മേഖലകളിലുള്ളവരിലും ശക്തമായിക്കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനേയും അവന്റെ ജീവിതത്തേയും തകർക്കുകയാണ് പിശാചിന്റെ ലക്ഷ്യം. അത് ഏദൻതോട്ടത്തിൽ ആരംഭിക്കുകയും 21–ാം നൂറ്റാണ്ടിൽ കൂടുതൽ വാശിയോടെ ദേശത്തിന്മേൽ ആഞ്ഞടിക്കുകയാണ്. ഓരോരുത്തരെ ഓരോ രീതിയിലാണ് തകർക്കാൻ ദുഷ്ടനായ പിശാച് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരുവന് താൽപര്യം തോന്നുന്ന ജഡീകമോ, ഭൗതികമോ ആയ സംഗതികൾ ഒരു നൂലുപോലെ മനസ്സിൽ കോർത്തുവിടുന്ന പിശാച് അതിൽ ആസക്തി വർദ്ധിപ്പിച്ച് അവസാനം അതിന്റെ അടിമയാക്കി നശിപ്പിക്കുന്നു. അതുപോലെ പൂജാശക്തികൾ മന്ത്രവാദശക്തികൾ എല്ലാം മനുഷ്യജീവിതത്തിന് നേരെ പോരാട്ടങ്ങൾ അഴിച്ചു വിടുന്നു. പിശാചിന്റെ തന്ത്രങ്ങൾ തിരിച്ചറിയുകയും അതിനോടെതിർത്തു നിൽക്കുകയും ചെയ്താൽ അത് നമ്മേ വിട്ടുപോകും. ആഭിചാരം

യാക്കോബിന് ഫലിക്കയില്ലെന്ന് വി.വേദപുസ്തകം പഠിപ്പിക്കുന്നു. ദൈവിക ബന്ധവും ആരാധനയും ആത്മശക്തിയും ഉണ്ടെങ്കിൽ മാത്രമേ പിശാചിന്റെ തന്ത്രങ്ങൾ ഫലിക്കാതിരിക്കുകയുള്ളൂ.

ദുരാത്മാക്കൾ ബാധിച്ച ലെഗ്യോന്റെ ജീവിതവും വ്യക്തിത്വവും തകർന്നതായിരുന്നു. കല്ലറയിലെ വാസവും സ്വന്തം ശരീരത്തെ ഇടിച്ചു ചതക്കലും അലറി വിളിച്ച് ദേശത്തെ നടുക്കിയും കഴിഞ്ഞിരുന്നവനിൽ നിന്ന് ഭൂതങ്ങളെ പുറത്താക്കിയപ്പോൾ അവൻ നല്ല വസ്ത്രം ധരിച്ച് മാന്യനായ ഒരു വ്യക്തിയായി മാറി. കനാൻകാരിയുടെ മകളിൽ നിന്ന് ദുരാത്മാവിനെ മാറ്റിയപ്പോൾ അവൾ സുഖമായി കട്ടിലിൽ കിടന്ന് ഉറങ്ങി. ദുരാത്മാവിനെ ഒരു സ്ത്രീയിൽ നിന്ന് പൗലോസ് മാറ്റിയപ്പോൾ അവൾ മാന്യതയുള്ള ഒരു യുവതിയായി. അന്ധകാര ശക്തിയെ അകറ്റികളഞ്ഞപ്പോൾ നല്ല സ്വഭാവം ഉണ്ടായി. ആത്മാർത്ഥമായി അനുതപിക്കുകയും പാപങ്ങളേറ്റു പറഞ്ഞ് സത്യകുമ്പസാരം നടത്തി യേശുക്രിസ്തുവിലൂടെ ആത്മരക്ഷ പ്രാപിക്കുകയും ചെയ്താൽ പിശാചിന്റെ ദുരിതങ്ങളിൽ നിന്ന് മോചനം നേടി സൽസ്വഭാവികളായി ജീവിക്കാൻ സാധിക്കും.

**കൂനിയായ സ്ത്രീയേ സൗഖ്യമാക്കിയ ഞായർ (ക്പിപ്തോ) (30–03–2025) വി. ലൂക്കോസ് 13: 10–17**

അവൾ പതിനെട്ട് സംവത്സരത്തോളം ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായി സ്ഥിതി ചെയ്തിരുന്നു. നമ്മുടെ കർത്താവ് ഒരു പള്ളിയിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവളെ കണ്ടിട്ട് ആർദ്രത തോന്നി അടുക്കൽ വിളിച്ച് കൂനു നിവർത്തു അവളെ സൗഖ്യമാക്കി. അവൾ ഈ കാര്യം തന്നോട് ആവശ്യപ്പെടുന്നതായോ അപേക്ഷിക്കുന്നതായോ കാണുന്നില്ല. എങ്കിലും പുരോഹിതനെപ്പോലെയും ലേവ്യനെപ്പോലെയും അലക്ഷ്യമായി കടന്നു പോകാതെ അവളെ സഹായിക്കുകയത്രെ ചെയ്തത്. ക്രിസ്ത്യാനികളായ നാം ക്രിസ്തുവിനെപ്പോലെ ദീനാനുകമ്പയുള്ളവരും കാരുണ്യപ്രവൃത്തികളിൽ തൽപ്പരരും ആയിരിക്കേണ്ടതാണ്.

ലോകത്തെ സൂക്ഷ്മമായി വീക്ഷിച്ചാൽ സർവ്വലോകവും എന്ന യാഥാർത്ഥ്യം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. മനുഷ്യൻ തന്റെ ശക്തിയേയും പ്രഭാവത്തേയും പറ്റി അതിയായി പ്രശംസിക്കുന്നു. എങ്കിലും നമ്മുടെ ജീവൻ എങ്ങനെയുള്ളത് അത് ഒരു ശ്വാസം മാത്രം. അത് ഇന്നുള്ളതും നാളെ തീയിൽ ഇടപ്പെടുന്നതുമായ വയലിലെ പുല്ലിനോടു തുല്യം. പുതിയ കണ്ടുപിടുത്തങ്ങൾ നടത്തി പ്രകൃതിയെ സ്വാധീനമാക്കുകയും ചെയ്ത മനുഷ്യൻ മണ്ണിലേയ്ക്ക് തന്നെ തിരിച്ചു പോകുന്നു. അനിത്യവും അസ്ഥിരവുമായ ഇവയുടെ മദ്ധ്യേ നിത്യനും സുസ്ഥിരനുമായ ഒന്നുണ്ട്. അത് ക്രിസ്തുനാഥൻ മാത്രമാണ്. അവിടുന്ന് മനുഷ്യജാതിയുടെ സ്ഥിരനായ മാർഗ്ഗദർശിയും മാറ്റമില്ലാത്ത ഗുരുനാഥനും നിത്യനായ രക്ഷകനും അത്രേ. നിത്യനായ ദൈവപുത്രൻ മനുഷ്യവേഷം ധരിച്ച് ലോകത്തിൽ സഞ്ചരിച്ച കാലം അവിടുന്ന് മനുഷ്യവർഗ്ഗത്തിന് സമ്മാനിച്ച അത്യുത്തമമായ മാതൃകാ ജീവിതം നോക്കുക.

ലോകത്തുള്ള പുണ്യ പുരുഷന്മാരുടെ ഏവരുടെയും സ്വഭാവത്തെ അതിശയിക്കുന്ന അതിശ്രേഷ്ഠവും അതിമനോഹരവുമായ ഒരു സ്വഭാവമായിരുന്നു തനിക്ക് ഉണ്ടായിരുന്നത്. സാധാരണക്കാരും സാധുക്കളുമായ ആളുകളെ കാണുമ്പോൾ അവന് മനസ്സലിവുണ്ടായിരുന്നു. മനസ്സലിവ് എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. Splagchnistheis സഹതാപത്തിലെ ഏറ്റവും വലിയ പദമാണ് ഗ്രീക്കിൽ ഇത്. രോഗികളെ കണ്ടപ്പോൾ മനസ്സലിഞ്ഞു. കുരുടനോട് മനസ്സലിവുണ്ടായി. പിശാച് ബാധിച്ചവരോട്, മറ്റുള്ളവരുടെ വേദനയിൽ മനസ്സലിഞ്ഞു ദുഃഖിക്കുന്നവരോട് അവൻ മനസ്സലിഞ്ഞു. സ്വപുത്രന്റെ മരണത്തിൽ ദുഃഖിക്കുന്ന നയിനിലെ വിധവയെ കണ്ടപ്പോൾ അവന് മനസ്സലിഞ്ഞു. പള്ളിയിൽ കൂനിയായിരുന്ന സ്ത്രീയോട് മനസ്സലിഞ്ഞു. ഇവളുടെ രോഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ രോഗം പൈശാചികമാണെന്നും കർത്താവ് പറഞ്ഞു. രോഗസൗഖ്യം ദൈവദത്തമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനായ മനുഷ്യൻ ഉയരത്തിലേക്കുനോക്കി പ്രാർത്ഥിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനു സമയം ലഭിക്കാതെ ഈ ലോകമാകുന്ന മണ്ണിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന മനുഷ്യൻ കൂനിയായ സ്ത്രീയെപ്പോലെ ആകുന്നു.

**പിറവി കുരുടനെ സൗഖ്യമാക്കിയ ഞായർ സമിയോ (6–04–2025) വി.യോഹ. 9:1–41**

യേശു ഐഹീക ജീവിത കാലത്തു അസാധാരണമായ വിശ്വാസം പ്രകടമാക്കി യേശുവിന്റെ ശ്രദ്ധ പിടിച്ചു നിറുത്തിയ നിരവധി ആളുകളുടെ ചരിത്രം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ളവരിൽ വളരെ ശ്രദ്ധേയനായ ഒരുവനാണ് ബർത്തിമായി എന്ന കുരുടൻ. യരിഹോയാണ് അവന്റെ സ്വദേശം. ജന്മനാൽ അന്ധൻ, നിർഭാഗ്യകരമായ ജീവിതം നയിച്ചുപോന്ന ഒരു യാചകൻ. എന്നാൽ തനിക്ക് അന്ധത നീങ്ങി കാഴ്ച പ്രാപിക്കാൻ ഒരു അവസരമുണ്ടായപ്പോൾ തന്റെ ഉറച്ച വിശ്വാസം പ്രായോഗികമാക്കുകയും വിടുതൽ പ്രാപിക്കുകയും ചെയ്തു എന്നതാണ് ബർത്തിമായിയുടെ സവിശേഷത. ബർത്തിമായി യേശുവിനെ കുറിച്ചു കേട്ടിരുന്നു. യേശു ആ വഴി വരുന്നു എന്ന വാർത്ത അവന്റെ ചെവിയിൽ എത്തി. യേശുവിന്റെ കാൽപെരുമാറ്റം കേൾക്കുവാൻ അവൻ ആർത്തിയോടെ കാത്തിരുന്നു. ബർത്തിമായി പ്രതീക്ഷിച്ചിരുന്ന സുദിനം വന്നു. യേശുവിനോടുകൂടി ഒരു വലിയ പുരുഷാരം ഉണ്ടായിരുന്നു. ആരവം അവന്റെ ചെവിയിൽ കേട്ടു. യേശുവിൽ നിന്നും കാഴ്ച പ്രാപിക്കുന്നതിനുള്ള സന്ദർഭമാണ്. അവൻ നിലവിളിക്കുവാൻ തുടങ്ങി. യേശുവേ, ദാവീദ് പുത്രാ എന്നോടു കരുണയുണ്ടാകണമേ. യേശുവിന്റെ കുരിശുമരണത്തിനു മുമ്പുള്ള അവസാനത്തെ യാത്രയാണ്. പിന്നീട് ആ വഴി വന്നിട്ടില്ല. “യഹോവയെ കണ്ടെത്താവുന്ന നാളിൽ അവനെ അന്വേഷിക്കുക. അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിക്കുക.'' നാം സുവിശേഷം കേൾക്കുന്ന ഓരോ സന്ദർഭവും രക്ഷയും വിടുതലും പ്രശ്നങ്ങൾക്കു പരിഹാരവും പ്രാപിക്കുവാൻ കഴിയുന്ന അവസരമാണ്. യേശുവിനു മാത്രമെ അവനെ സഹായിക്കുവാൻ കഴിയുകയുള്ളു എന്നു അവനു മനസ്സിലായി. അവൻ നിലവിളി തുടർന്നു. അവർ അവനെ വിലക്കി. എങ്കിലും അവൻ ലജ്ജ കൂടാതെ അധികം ഉച്ചത്തിൽ വിളിച്ചു. യേശുവിൽ വിശ്വസിക്കുന്നതിനേയും തടസ്സപ്പെടുത്തുവാൻ നിരവധി ആളുകൾ ശ്രമിച്ചേക്കാം. നമുക്ക് കർത്താവിന്റെ കരുണ പ്രാപിപ്പാനുള്ള ഓരേയൊരു മാർഗ്ഗം വിശ്വാസമാണ്. വിശ്വാസത്താൽ അത്ഭുതങ്ങൾ സംഭവിക്കും.

ദൈവജനത്തിനുവേണ്ടി ചെങ്കടൽ വിഭജിച്ചതും യോർദ്ദാൻ നദി വറ്റിച്ചതും, സൂര്യചന്ദ്രന്മാരേ നിശ്ചലമാക്കിയതും അവരുടെ വിശ്വാസം നിമിത്തമത്രേ.

അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ കർത്താവത്രേ സാധു കുരുടന്റെ നിലവിളി കേട്ടു നിൽക്കുകയും അവനെ വിളിക്കുകയും ചെയ്യുന്നത്. ആവശ്യക്കാരനെ യേശു വിളിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവീൻ ഞാൻ

നിങ്ങളെ ആശ്വസിപ്പിക്കാം. യേശുവിന്റെ വിളികേട്ട നിമിഷത്തിൽ ബർത്തിമായി ചാടി എഴുന്നേറ്റു. അതുവരെ പുതച്ചിരുന്ന പുതപ്പ് അവൻ എറിഞ്ഞു കളഞ്ഞു. സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്നു നാം വായിക്കുന്നുവല്ലോ. കർത്താവിന്റെ അടുക്കൽ ചെല്ലുവാൻ നമ്മേ തടസ്സപ്പെടുത്തുന്ന സകലത്തേയും ഉപേക്ഷിക്കുക. യേശു അവനോട് ഞാൻ നിനക്ക് എന്തു ചെയ്തു തരേണം എന്നു ചോദിച്ചു. എനിക്ക് കാഴ്ച പ്രാപിക്കണം എന്ന് അവനോടു പറഞ്ഞു. മറ്റെല്ലാം ആവശ്യങ്ങൾ അവനുണ്ടെങ്കിലും അന്ധനു കാഴ്ചയെക്കാൾ വലിയ മറ്റൊരു ആവശ്യവുമില്ല. യേശു ഉടനെ മറുപടി നല്കി നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ബർത്തിമായുടെ വിശ്വാസം യേശുവിന്റെ മനസ്സലിവിന്റെയും വാഗ്ദാനങ്ങളേയും മുറുകെ പിടിച്ചപ്പോൾ അവനു കാഴ്ച ലഭിച്ചു. യേശുവിനെ ആദ്യം ദർശിച്ചു.

**ഓശാന ഞായർ (13-04-2025)**

ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ അന്തിമഘട്ടത്തിൽ കഴുത കുട്ടിയുടെ പുറത്തു കയറി യരുശലേമിലേക്ക് ആഘോഷമായി പ്രവേശിച്ച് ദൈവാലയത്തെ ശുദ്ധീകരിച്ചു. യരുശലേമിലേക്കു വന്നത് ഒരു രാജാവായിട്ടാണ്. എന്നാൽ യാത്ര ചെയ്യുവാൻ സ്വന്തമായി ഒരു കഴുതകുട്ടി പോലും ഉണ്ടായിരുന്നില്ല. ഒരു സ്നേഹിതന്റെ കഴുതയേ ആണ് ഒരുക്കിയത്. ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ കർത്താവിന് ഇതിനെ കൊണ്ട് ആവശ്യമുണ്ട് എന്നു പറവീൻ. കർത്താവിന് എന്നേയും നിന്നേയും കൊണ്ട് ആവശ്യമുണ്ട്. അവൻ പറഞ്ഞതുപോലെ അവർ ഉടമസ്ഥന്റെ അനുമതിയോടെ അഴിച്ചു കർത്താവിന്റെ അടുക്കൽ കൊണ്ടുവരികയും ചെയ്തു. ശിഷ്യന്മാർ തങ്ങളുടെ വസ്ത്രം വിരിച്ചു ഏകദേശം 500 വർഷങ്ങൾക്കുമുമ്പ് സഖറിയ പ്രവാചകൻ 9:9 പ്രവചിച്ച സൗമ്യനായ ഒരു രാജാവായി കഴുതമേൽ മന്ദം മന്ദം യാത്ര തുടരുകയാണ്. കഴുതമേലുള്ള യാത്ര ഒരു ന്യായാധിപന്റെ യാത്രയായും (ന്യായ. 5:10) രാജകുമാരൻ എന്ന നിലയിൽ കഴുതകുട്ടിമേലും യാത്ര ചെയ്തു. (ന്യായ. 12:14) രാജത്വഎഴുന്നള്ളത്തിൽ യേശു ആവശ്യപ്പെട്ടത് ആരും ഒരിക്കലും കയറിട്ടില്ലാത്ത കഴുത കുട്ടിയാണ്. സമ്പൂർണ്ണ സമർപ്പണത്തെ ഇത് കാണിക്കുന്നു. സമ്പൂർണ്ണമായി വിനയപ്പെടുന്നവരിലാണ് യേശു വാഹനമേറുന്നത്. രാജാവായ ക്രിസ്തു സമാധാന പ്രഭുവും വിമോചകനും മരണശക്തികളിമേൽ വിജയം നൽകുന്നവനുമാണ്. പങ്കു വച്ചു കൂറു പറ്റുവാൻ യേശു ഇഷ്ടപ്പെടുന്നില്ല. തന്നോടു മാത്രം ചേർന്നിരിക്കുന്ന അവസ്ഥ കൊണ്ടു മാത്രമെ അവനാൽ ഉപയോഗിക്കപ്പെടുവാൻ സാധ്യമായി തീരു.

കെട്ടപ്പെട്ട കഴുതയെ കർത്താവ് സ്വതന്ത്രമാക്കി. ഹീന മൃഗമെങ്കിലും അവൻ വാഹനമേറിയാൽ അത് മഹിമയുള്ളതാകും. സാത്താൻ പാപ ചങ്ങലയാൽ ബന്ധിക്കപ്പെട്ട മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകി. തനിക്കുവേണ്ടി ഉപയോഗിപ്പാൻ യേശു കഴിവുള്ളവനാണ്. ശമര്യാക്കാരിയുടെ ബന്ധനം അവൻ അഴിച്ചു. കല്ലെറിഞ്ഞു കൊല്ലുവാൻ കൊണ്ടുവന്ന പാപിനിയായ സ്ത്രീയെ അവൻ സ്വതന്ത്രയാക്കി. ഏത് പ്രശ്നത്താലാണ് നാം ബന്ധിക്കപ്പെട്ടിരിക്കുന്നത് നമുക്ക് സ്വാതന്ത്ര്യം നൽകാൻ കഴിവുള്ള കർത്താവിന് ഇന്ന് നമ്മേ ആവശ്യമുണ്ട്.

കഴുത സ്വതവേ മാനമുള്ളതോ വിവേകമുള്ളതോ അല്ല. അതിൽ വാഹനമേറിയ രാജാധിരാജാവിന്റെ മഹിമയാണ് ആ കഴുതയ്ക്ക് മാനം നൽകിയത്. (Without Him you are nothing). എളിയവനെ കുപ്പിയിൽനിന്ന് ഉയർത്താൻ കഴിവുള്ള കർത്താവിന്റെ വാഹനമായി നമുക്ക് സ്വയം ഏല്പിക്കാം. കർത്താവിനെ വഹിക്കുന്നവർക്ക് ബേത്ഫാഗയിലെ കഴുതയെപോലെ അവന്റെ ബഹുമാനത്തിൽ പങ്കു കൊള്ളാനും അവസരവും ഭാഗ്യവും ലഭിക്കുന്നു. അവൻ ദൈവാലയത്തിൽ പ്രവേശിച്ച് അതിനെ ശുദ്ധീകരിച്ചു.

# യുവാക്കൾ രാജ്യത്തിനു മാതൃകയാകണം: മന്ത്രി സജി ചെറിയാൻ

ക്നാനായ കോൺഗ്രസ് ആഗോള കേന്ദ്രകമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം കല്ലിശ്ശേരി സെന്റ്മേരീസ് ക്നാനായ വലിയ പള്ളിയിൽ സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ നിർവഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി.കുറിയാക്കോസ് മോർ സേവേറിയോസ് പാലീയേറ്റീവ് & ഹോംകെയറിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ക്നാനായ സമുദായ സെക്രട്ടറി ശ്രീ.റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ.ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത് അദ്ധ്യക്ഷത വഹിച്ചു. ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ ക്നാനായ കോൺഗ്രസ് ട്രഷറാർ കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, വൈസ് പ്രസിഡന്റുമാരായ ബിബിൻ കല്ലംപറമ്പിൽ, അനുകുര്യൻ പാടകശ്ശേരിൽ, ബിനു കല്ലേമണ്ണിൽ, മേഖലാ സെക്രട്ടറിമാരായ ബൈജുമോൻ ചാക്കോ പുലയകുന്നിൽ, ലിൻസോ ഇളവൻകളം, ലെനി ഐക്കാട്ട് മാളിയേക്കൽ, ജോയിന്റ് സെക്രട്ടറിമാരായ ജയ്മോൻ മേപ്രത്ത്, അഡ്വ. മഞ്ചു ഏബ്രഹാം വലിയ പാറയിൽ, റെന്നി പാട്ടമ്പലത്ത്, അനു ഏബ്രഹാം, ബാബു കൊന്നയിൽ പള്ളത്ത്, കെ.എ. തോമസ് കുഴികണ്ടത്തിൽ, സാൽവി കുഴികണ്ടത്തിൽ, ഡാനി കിഴക്കേപുറത്ത്, അഡ്വ. ജോഫിൻ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# എങ്ങോട്ടാണ് ഈ യാത്ര

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

**ലോ**കം ഭൗമീകമായി ദിനംതോറും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്; ആത്മീയമായി തളർന്നുകൊണ്ടുമിരിക്കുന്നു. അമേരിക്കയിൽ നടക്കുന്ന കാര്യങ്ങൾ ലോകം എമ്പാടും കണ്ടുകൊണ്ടിരിക്കുന്നു അത്രമാത്രം പുരോഗമനമാണ്. കോടികൾ സമ്പാദ്യങ്ങളാണ് വാരി കൂട്ടുന്നത്. സമാധാനത്തോടെ നേരേ ചൊവ്വേ വഴിയിൽകൂടി ഇറങ്ങി നടക്കേണ്ട. അത്രമാത്രം ലോകം മാറിയിരിക്കുന്നു. അക്രമങ്ങളും കൊല്ലും കൊലയും വല്ലപ്പോഴും കേൾക്കുന്ന സംഭവങ്ങളല്ല, നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങൾ സ്ക്കൂളിൽപോയിട്ടു തിരിച്ചുവരുന്നിടംവരെ പേടിയാണ്. എല്ലാം ഉണ്ട്, വേണ്ടിയതില്ല. സന്തോഷവും സമാധാനവും ഒക്കെ വേരോടെ പറിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു. സുവിശേഷവും സുവിശേഷ മഹായോഗങ്ങളും ഒക്കെ ഇഷ്ടംപോലെയുണ്ട്. സുവിശേഷകൻ സുവിശേഷം പറയുന്നതേയുള്ളു, അവർ സുവിശേഷം ആകുന്നില്ല. പ്രവർത്തിയാണ് സുവിശേഷം ഇന്നു കേട്ടുപഠിക്കുന്നകാലമല്ല കണ്ടുപഠിയ്ക്കുന്ന കാലമാണ്. ബലി അർപ്പിക്കുന്നുണ്ട് ബലിയാകുന്നില്ല. ആരോടെങ്കിലും പകയോ പിണക്കമോ ഉണ്ടെങ്കിൽ നിരപ്പായിട്ടുവന്നു ബലിയർപ്പിക്കാനായിട്ടാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. അതില്ലാത്തടത്തോളം കാലം ബലി സ്വീകരിക്കപ്പെടുകയില്ല. ഇന്ന് എല്ലാം ഒരു ചടങ്ങായി മാറിയിരിക്കുന്നു. സമൂഹത്തിനു ഞാൻ ഒരു സുവിശേഷംമാകുന്നില്ലെങ്കിൽ സുവിശേഷം കൊണ്ടോ ബലി കൊണ്ടോ എന്തു പ്രയോജനം. കൊയ്യുവാൻ വളരെ ഉണ്ട് സത്യം വേലക്കാരോ ചുരുക്കം (മത്താ.9:37) ആത്മാർത്ഥമായ വേലക്കാരില്ലാത്തതുകൊണ്ട് കൊയ്യുവാൻ പാകമായി നില്ക്കുന്നതുപോലും കൊയ്തെടുക്കാൻ പറ്റുന്നില്ല. അരിവാളിനു മൂർച്ചയില്ല അരിവാളെന്നു പേരെയുള്ളു; യജമാനനെ കളിപ്പിയ്ക്കാൻ ഒരു അരിവാൾ കൈയ്യിൽ പിടിച്ചു എന്നു മാത്രമേയുള്ളു. അവന്റെ ശരീരത്തിൽ പ്രതിഫലം പ്രാപിക്കുവാനായി നാം എല്ലാവരും മശിഹായുടെ ന്യായാസനത്തിൽ മുമ്പാകെ നിൽക്കുവാനുള്ളവരാകുന്നു. (2.കോരി.5:10). നീതിക്കു അനീതിയുമായി എന്തു ബന്ധം അഥവാ പ്രകാശത്തിന് ഇരുളുമായി എന്തു ചേർച്ച. മശിഹായ്ക്ക് സാത്താനുമായി എന്തു സാമ്യം (2.കൊരി. 6:14). മനുഷ്യർക്ക് ദൈവഭയമില്ല. ഭൂമിയിൽ സമാധാനമില്ല. ദൈവം തന്റെ കോപം ഭൂമിയിൽ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു.

ഇന്നു ഭക്തന്മാരില്ല ഭക്തന്മാരുടെ സ്ഥാനം അലങ്കരിക്കുന്നവരുണ്ട് ആത്മീയരുണ്ട് ആത്മീയതയില്ല.. എല്ലാവരും പിൻവാങ്ങി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നിരിക്കുന്നു. നന്മ ചെയ്യുന്നവൻ ഇല്ല, ഒരുത്തൻപോലുമില്ല (സങ്കീ..53:3). ഒരിക്കൽ ഒരു സദസ്സിൽ രണ്ടുപേര് 23-ാം

> **ആത്മാർത്ഥമായ വേലക്കാരില്ലാത്തതുകൊണ്ട് കൊയ്യുവാൻ പാകമായി നില്ക്കുന്നതുപോലും കൊയ്തെടുക്കാൻ പറ്റുന്നില്ല. അരിവാളിനു മൂർച്ചയില്ല അരിവാളെന്നു പേരെയുള്ളു; യജമാനനെ കളിപ്പിയ്ക്കാൻ ഒരു അരിവാൾ കൈയ്യിൽ പിടിച്ചു എന്നു മാത്രമേയുള്ളു.**

സങ്കീർത്തനം ഓരോരുത്തരായി പാടി. ഒരാൾ ഒരു പാട്ടുകാരനായിരുന്നു. അയാൾ ഈണത്തിൽ പാടി. മറ്റേ ആൾ ഒരു പ്രായമുള്ള പുരോഹിതനായിരുന്നു. ആ പുരോഹിതൻ അത് ഇടറിയ സ്വരത്തിൽ ഹൃദയം നിറഞ്ഞു പാടി അവിടെ ഇരുന്ന ജഡ്ജ് പറഞ്ഞു. ഇടയനെ അറിഞ്ഞു പാടിയതു പുരോഹിതനാണ്. മറ്റേ ആൾ സ്വരത്തിനു ഭംഗി വരുത്തി പാടി, ഈണത്തിൽ പാടിയവന് ജനം കൈയ്യടി കൊടുത്തു. ഇന്നു എല്ലാവരും അങ്ങനെയാണ്. പുറമെ കാണിക്കുന്നതിനെ ജനം അംഗീകരിക്കുന്നു. നല്ലതുപോലും അഴുക്കുപോലും സമൂഹത്തിനു പ്രയോജനപ്പെടുമെങ്കിലും ഇല്ലെങ്കിലും അംഗീകാരത്തിനാണ് പ്രസക്തി. ഇന്ന് പെൺകുട്ടികളെ വിവാഹ കൂദാശയ്ക്കു കൊണ്ടു നിർത്തും. ഏതു തരത്തിൽ മനുഷ്യനെ ആകർഷിക്കാമോ ആ വേഷത്തിനാണ് അംഗീകാരം. ലജ്ജ തോന്നിക്കുന്ന വേഷമാണെങ്കിൽപോലും അതുകണ്ട് ആസ്വദിക്കാൻ നില്ക്കുന്നവരാണ് ജനം. വിവാഹം ഒരു കൂദാശയാണെന്നും ദൈവം കൂട്ടി ചേർക്കുന്നതാണെന്നും ഭയഭക്തിയോടുകൂടി നില്ക്കണ്ട സമയമാണെന്നും ആരും ചിന്തിക്കുന്നില്ല . ഇവിടെ ദൈവത്തിന്റെ അംഗീകാരത്തിനല്ല, മനുഷ്യൻ നോക്കി നല്ല കമന്റ് പറയുവാനുള്ള വേഷങ്ങളാണ് ആഗ്രഹിക്കുന്നത്. ഒരാള് എവിടുന്നെങ്കിലും തുടക്കമിടും, പിന്നെ അത് നാട്ടുനടപ്പാക്കി വയ്ക്കും. ആർക്കും പരാതിയില്ല. പഴമക്കാർ പറയുന്നതുപോലെ നാടോടുമ്പം നടുവേ ഓടുന്നു. നല്ലതുപോലും ചീത്തപോലും മനുഷ്യൻ കണ്ടാസ്വദിക്കുന്നതിന്റെ പിന്നാലെ പോകുന്നു. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല (റോമ. 8:8). ഇന്നു നടക്കുന്ന സംഭവങ്ങൾ കാണുമ്പോഴെങ്കിലും എഴുതുന്നു. ഞാനുൾപ്പെടെ ജീവിത്തിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. പറഞ്ഞാൽ പോരാ കേട്ടാൽപോരാ എഴുതിയാൽ പോരാ തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. ●



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**സാറാമ്മ ജേക്കബ്, പൂവൻതുരുത്ത്**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**റെഷല, ചിങ്ങവനം**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, ഇരവിപേരൂർ**

---

## ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | – 200 |
| പത്തുവർഷം | – 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | – 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | – 450 |
| പേര് മാത്രം | – 350 |
| മാട്രിമോണിയൽ | – 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | – 1000 |
| കാൽപേജ് | – 2000 |
| അരപേജ് | – 4000 |
| ഫുൾപേജ് | – 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | – 5000 |
| അരപേജ് | – 7500 |
| ഫുൾ പേജ് | – 12000 |
| കവർ ഇൻസൈഡ് | – 15000 |
| ബായ്ക്ക് കവർ | – 17500 |

## യാത്ര അയയ്പ്പ്

നീലംപേരൂർ സെന്റ് ജോർജ് സിറിയൻ സൺഡേസ്കൂളിന്റെ ഹെഡ്മാസ്റ്ററായിട്ട് 18 വർഷവും അദ്ധ്യാപകനായി 43 വർഷവും സ്തുത്യർഹമായ സേവനം നിർവഹിച്ചു വിരമിച്ച വാഴൂത്ര വി. കെ. ചാക്കോ സാറിന് നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി ഇടവക സമുചിതമായ ഒരു യാത്ര അയയ്പ്പ് 2025 ഫെബ്രുവരി മാസം 2–ാം തീയതി വി. കുർബ്ബാനയെ തുടർന്ന് ഇടവക വികാരി റവ. ഫാ. ഷെറിൻ കൊല്ലംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിച്ചു. സമുദായ മാനേജിംഗ് കമ്മറ്റി അംഗം ശ്രീ.ലിനു ചെറിയാൻ വരാത്ര, സൺഡേസ്ക്കൂൾ സമാജം നീലംപേരൂർ മേഖല ഇൻസ്പെക്ടർ ശ്രീ. പി. ഐ. ചാക്കോ പാടകശ്ശേരിൽ, സൺഡേസ്ക്കൂൾ നിയുക്ത ഹെഡ്മാസ്റ്റർ ശ്രീ. പി. എ. ഏബ്രഹാം പള്ളിക്കപറമ്പിൽ, സുവിശേഷസമാജം സെക്രട്ടറി ശ്രീ. ജൂബി ജേക്കബ് കളത്തിൽ, വനിതാസമാജം സെക്രട്ടറി ശ്രീമതി ലിബി കുഞ്ഞ് ചെറുശ്ശേരിക്കളം, ക്നാനായ കോൺഗ്രസ് കേന്ദ്ര.ജോ.സെക്രട്ടറി ശ്രീമതി അഡ്വ. മഞ്ജു ഏബ്രഹാം വലിയപാറയിൽ, ക്നാനായ കോൺഗ്രസ് സെക്രട്ടറി ശ്രീ. ജിത്തു സി. കെ. ചെറുശ്ശേരിക്കളം എന്നിവർ ആശംസകൾ നേർന്നു കൊണ്ട് പ്രസംഗിച്ചു. പള്ളി സെക്രട്ടറി ശ്രീ. ബോബി ചാക്കോ പള്ളിക്കപ്പറമ്പിൽ സ്വാഗതവും പള്ളി ട്രസ്റ്റി ശ്രീ. കുറിയാക്കോസ് ചാണ്ടി കാട്ടടിയിൽ കൃതജ്ഞതയും പറഞ്ഞു. ഇടവകയുടെയും ഭക്തസംഘടനയുടെയും പാരിതോഷികങ്ങൾ സമ്മാനിക്കുകയും ചെയ്തു. സമ്മേളാനന്തരം കാപ്പി സൽക്കാരവും ഉണ്ടായിരുന്നു. ●

## ശുഭചിന്തകൾ

**വെളിച്ചമുള്ളിടത്തേക്ക് പോകുവാനും അവിടെ നിൽക്കുവാനും നമുക്ക് താല്പര്യമാണ്. എന്നാൽ വെളിച്ചം പകരാൻ നമുക്ക് ആവുന്നുണ്ടോ എന്നത് ചിന്തനീയമാണ്.**

**22–ാം ചരമവാർഷികം**
**16-03-2025**



**ശോശാമ്മ മാത്യു**
**മുക്കാട്ട്, കുറിച്ചി**
**സന്തപ്ത കുടുംബാംഗങ്ങൾ**

# STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Abraham Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. Jaicobkutty K.S., Kallookulam, Here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2025 **Sd / Publisher**

# ക്നാനായ കോൺഗ്രസ് ചിങ്ങവനം ദയറാപള്ളി യൂണിറ്റിന്റെ ബോധവൽക്കരണ സെമിനാറും പ്രവർത്തനോദ്ഘാടനവും



ജീവിതത്തിലെ വിവിധ വെല്ലുവിളികളെ ധാർമ്മികതയോടും കാരുണ്യത്തോടും കൂടി നേരിടുവാൻ യുവതലമുറയെ സജ്ജമാക്കുന്നതിൽ യുവജന സംഘടനകളുടെ പങ്ക് നിർണ്ണായകമാണെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ. പറയുകയുണ്ടായി. ക്നാനായ കോൺഗ്രസ് ചിങ്ങവനം ദയറാപള്ളി യൂണിറ്റിന്റെ ബോധവൽക്കരണ സെമിനാറും പ്രവർത്തനോദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു എം.എൽ.എ.. മാതാപിതാക്കളോട് ആഴത്തിൽ വേരൂന്നിയ ബഹുമാനമുള്ള ഒരു യുവതലമുറ സമൂഹത്തിൽ കെട്ടിപ്പടുക്കുന്നതിന് ക്രൈസ്തവ സഭകൾ നടത്തുന്ന ബോധവൽക്കരണ സെമിനാറുകൾ ശ്ലാഘനീയമാണെന്ന് എം.എൽ.എ.പറയുകയുണ്ടായി. യൂണിറ്റ് പ്രസിഡന്റ് ഫാ. കൊച്ചുമോൻ തോമസ് ഐക്കാട്ട് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ലീഗൽ സെൽ സബ് ഇൻസ്പെക്ടർ എം. എസ് ഗോപകുമാർ മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. സർക്കിൾ ഇൻസ്പെക്ടർ അനൂപ് ജോസ് കാഞ്ഞിരപള്ളിയിൽ, പ്രിനു ഫിലിപ്പ് കട്ടയിൽ (യൂണിറ്റ് സെക്രട്ടറി) സുമിത്ത് കുരുവിള ചിറയിൽ മാക്കോന്തറയിൽ, തോമസ് അലക്സ് നെടുംപറമ്പിൽ, രഞ്ചു ചാക്കോ കോഴിമറ്റം, ഏലിയാസ് പി. തോമസ് പാട്ടാശ്ശേരി എന്നിവർ പ്രസംഗിച്ചു.




## ആര് ഭരിച്ചാലെന്ത്?

അന്നു വിശേഷിച്ചു ജോലിയൊന്നും ഉണ്ടായിരുന്നില്ല വൃദ്ധൻ തന്റെ കഴുതയെ മൈതാനത്ത് മേച്ചുകൊണ്ടിരുന്നു.

യുദ്ധം നടക്കുന്ന കാലമാണ്. പെട്ടെന്ന് അകലെനിന്നു ശത്രു സൈന്യങ്ങളുടെ ആർപ്പുവിളി കേട്ട് വൃദ്ധൻ പരിഭ്രമിച്ചു. 'നമുക്ക് ഓടാം.' അയാൾ കഴുതയോട് പറഞ്ഞു. 'ശത്രുക്കൾക്ക് പിടി കൊടുക്കാതെ നോക്കണം.

പക്ഷേ, കഴുത ഒട്ടും പരിഭ്രമം കാണിച്ചില്ല 'ഞാൻ ശത്രുക്കളുടെ പിടിയിൽ അകപ്പെട്ടു എന്നിരിക്കട്ടെ. അവർ എന്നെ ഒരു ഭാരവും എടുപ്പിക്കുകയില്ലെന്നോ എനിക്ക് താങ്ങാവുന്നതിന്റെ ഇരട്ടി ഭാരം എടുപ്പിക്കുമെന്നോ താങ്കൾ കരുതുന്നുണ്ടോ? കഴുത വൃദ്ധനോടു ചോദിച്ചു.

'അങ്ങനെ സംഭവിക്കാൻ ഇടയില്ല' എന്നായിരുന്നു വൃദ്ധന്റെ മറുപടി.

'പിന്നെ എന്തിന് ഞാൻ ഓടണം? കഴുത വീണ്ടും ചോദിച്ചു താങ്കളുടെ കീഴിലായാലും എനിക്ക് ഭാരം ചുമക്കാതെ പറ്റുകയില്ലല്ലോ!'

***പൊതുജനം കഴുതയാണ്. യജമാനന്മാർ മാറിയാലും അതിന് ഭാരം ചുമക്കാതെ പറ്റില്ല.***

●

## Bible Quiz (English) For Children February Answer

**The Book of Esther**

1. Queen Vasthi (1:12)
2. Cousin (2:7)
3. Jew (3:4)
4. Fine raiment (4:4)
5. Fast for three days and nights (4:16)
6. a ring (8:2)
7. Haman (7:6)
8. Crowned her the new queen (2:17)
9. Held a golden scepter toward her (8:4)
10. The fourteenth and fifteenth days of Adar (9:21)

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**2 രാജാക്കന്മാർ പുസ്തകം**
**മാർച്ച് മാസത്തിലെ ചോദ്യങ്ങൾ**

1. ശമര്യയിലെ തന്റെ മാളികയുടെ കിളിവാതിലിൽ കൂടി വീണു ദീനം പിടിച്ചവൻ ആര്?
2. യഹോവയുടെ അരുളപ്പാടു ലഭിക്കേണ്ടതിനു വീണക്കാരനെ ആവശ്യപ്പെട്ട പ്രവാചകൻ ആര്?
3. ആദ്യമായി നേർച്ചപ്പെട്ടി ഉണ്ടാക്കിയതാര്?
4. അഹസ്യാവിന്റെ അമ്മയുടെ പേരെന്ത്?
5. ആഹാബിനു എത്ര പുത്രന്മാർ ഉണ്ടായിരുന്നു?
6. ജീവപര്യന്തം കുഷ്ഠരോഗിയായിരുന്ന രാജാവാര്?
7. ഗർഭിണികളെ പിളർന്നു കളഞ്ഞ യിസ്രായേൽ രാജാവാര്?
8. മോശ ഉണ്ടാക്കിയ താമ്ര സർപ്പത്തിന്റെ പേരെന്ത്?
9. 'ചതഞ്ഞ ഓടക്കോൽ' എന്നു രബ്- ശാക്കേ വിശേഷിപ്പിച്ച രാജ്യം ഏത്?
10. സൂര്യരഥങ്ങളെ തീയിലിട്ട് ചുട്ടുകളഞ്ഞവൻ ആര്?

**ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ**

1. രാജാക്കന്മാർ

1. ബത്ത്-ശേബാ (1:1)
2. ശിമെയിയുടെ (2:9)
3. അബ്യാഥാർ പുരോഹിതനെ (2:26-27)
4. മരുഭൂമിയിലെ തന്റെ വീട്ടിൽ (2:34)
5. അസര്യാവ് (4:2)
6. മൂവായിരം (4:32)
7. മിസ്രയീം (8:51)
8. യൊരോബെയാം (12:25)
9. കെരീത്ത് (17:3-6)
10. ആഹാബ് (23:39)

## Bible Quiz (English) For Children March- The Book of I Kings

1. Who was solomon's mother?
2. What animal did Solomon ride to Gihon?
3. Who hold Adonijah the news that Solomon had been declared king?
4. Who would be priest and prophet during Solomon's reign?
5. How long did David rule Israel?
6. Who took over Joab's job as commander of the kings army?
7. How many times had God appeared to Solomon?
8. Which of Solomon's sons reigned after him?
9. In the book of Kings which prophet challenged the prophets of Baal on mount carmel to demonstrate the power of the true God?
10. How many years after Israel left Egypt did Solomon begin to build the temple?

## 9 – ാം ചരമവാർഷികം

26 – 03 – 2025



### അന്നമ്മ ഇസ്രയേൽ

വേലുകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 9 – ാം ചരമവാർഷികം

28 – 3 – 2025



### ചിന്നമ്മ ഏബ്രഹാം

കല്ലുകുഴിയിൽ, കവിയൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 10 – ാം ചരമവാർഷികം

16 – 03 – 2025

### എം. പി. മാത്യു
### (മാത്തുക്കുട്ടി)

മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 19 – ാം ചരമവാർഷികം

17-3-2025



Advt -S

## മാത്യു അലക്സാണ്ടർ

മണ്ണാട്ട് കോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 – ാം ചരമവാർഷികം

8-03-2025



Advt -S

## ലിസ്സി തമ്പി

പുലയകുന്നിൽ, ഇരവിപേരൂർ, നെല്ലാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



## 6th Death Anniversary

10-03-2025

# Annamma Abraham

(Suja Konamala)

CHICAGO

Love you always Amma

Roymon Konamala,
Shon, Emil and Sheethel
Gianna, Jeremiah, Josephine

Advt -S

## 7 – ാം ചരമവാർഷികം

31 – 03 – 2025



**കുഞ്ഞൂഞ്ഞമ്മ കളത്തിൽ**

**മാധവൻപടി, കോട്ടയം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 4th Birthday in Heaven

27 – 3 – 2025



**K. P. Abraham**

(Rtd. Sales Tax Officer)

**കോയിത്തറ, കുറിച്ചി**

"നിത്യതയിൽ ഒരുനാൾ കാണുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങളിൽ അമൂല്യമായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## 6th Birthday in Heaven

**04 - 04 - 2025**



**C. M. MARKOSE**

**ചേലച്ചിറ കല്ലോലിക്കൽ**

**എസ്.പുരം, കുറിച്ചി**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 10 – ാം ചരമവാർഷികം

19 – 03 – 2025

## 17 – ാം ചരമവാർഷികം

26 – 02 – 2025



**ചിന്നമ്മ ജോർജ്**

**ചാക്കോ ഉതുപ്പാൻ (ജോർജ്)**

**നെടുവേലിൽ, മടന്തമൺ (വരവൂർ), റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 40th Day of Demise

08-03-2025



# P.P. Joseph (Thankachen)

**Elappunkal House, Vennikulam, Thuruthicad**

Hope to meet again on the day of Resurrection,
you live in our hearts forever.

Grand children :-
Joseph & Sakariah
Rinku & Rohith
Hanoc & Maureen

Advt -S

## 40-ാം ചരമദിനം

13-03-2025



Advt - R

## അമ്മിണി ചാക്കോ (77) (ശോശാമ്മ)

**തുണ്ടിയിൽ വീട്, ഇരവിപേരൂർ**

മക്കൾ- Jinu, Gigi, Josemon, പരേതയായ Jayamol
മരുമക്കൾ- Rejinald, Binoj, Linu
കൊച്ചുമക്കൾ - Aditya, Ananya, Ann, Abel, Aiden, Airen

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40th Day of Demise

17-3-2025



Advt - R

## Sophiamma Mathew (76)

**Maramkollil House, Ranni (Kozhichal)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4TH Birthday in Heaven

18-3-2025



Advt - R

## K.I. THOMAS

**Kallooparambil House, Mundapuzha, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

28-03-2025



## ശോശാമ്മ പുന്നൂസ്

**പള്ളത്ര, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

Advt -R

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

5 – 4 – 2025



## T. M. Thomas (Joymon)

**തേക്കുമൂട്ടിൽ, വള്ളംകുളം, തിരുവല്ല**

പ്രാർത്ഥനയോടെ
ഭാര്യ : സുജ തോമസ്
മക്കൾ : റ്റിന്റു തോമസ്, ഡോ. തേജ തോമസ്, തരുൺ തോമസ്
മരുമക്കൾ : മാത്യു എം. സി, മുണ്ടുകോട്ടക്കൽ
കുരുവിള മാത്യു (കാളിശേരിൽ), ഡെൽമ ജെനു കിഴക്കേതിൽ
കൊച്ചുമക്കൾ: ജോഷ്വാ, അയ്റ, ജോവാന, ആൻഡ്രിയ

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 21 – ാം ചരമവാർഷികം 21 – 03 – 2025 | 29 – ാം ചരമവാർഷികം 10 – 06 – 2025



**കെ.ഐ. ചാക്കോ** | **ശോശാമ്മ ചാക്കോ**

**കരിപ്പാൽ, ഐത്തല, റാന്നി**

**"നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു. നീതിയുടെ കിരീടം എനിക്കായ് വച്ചിരിക്കുന്നു"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 1st Birthday in Heaven

10- 03 - 2025

## Jacob Kurien (Renu)

**Jacob's Home, Kuttikattil, Mazhukeer (Chelmsford, Essex, UK)**

*I have fought a good fight,*
*I have finished the course,*
*I have kept the faith.*
*Henceforth there is laid up for me*
*the crown of righteousness,*
*which the Lord, the righteous judge,*
*shall give me at that day.*
*2 Timothy 4: 7-8*

*With Love & Prayers*

Wife : Anu Jacob
Children : Alvin Kurien Jacob
Jerron Thomas Jacob
Georgin Jacob

Advt - S

## 40 – ാം ചരമദിനം

09 – 03 – 2025



Advt -S

## കുഞ്ഞൂഞ്ഞമ്മ ചെറിയാൻ

### കല്ലുവെട്ടാംകുഴിയിൽ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## 25 – ാം ചരമവാർഷികം

05 – 04 – 2025



Advt -G

## പി. എ. ഉതുപ്പാൻ

### കുനിയാടത്തു, കുറിച്ചി

"ആർദ്രതയാൽ നാഥാ ദേവാ ദാസന്നേകണമേ പുണ്യം"
നിത്യതയുടെ തീരത്ത് വീണ്ടും കാണാം എന്ന പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

11-03-2025



Advt -O

## K.O. Abraham (Hakoba)

### കുളത്രാമണ്ണിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 – ാം ചരമവാർഷികം

07 – 04 – 2025



Advt - O

## Kunjoonjamma Chacko

### Chirayil, Poovanthuruth

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 10 –ാം ചരമവാർഷികം

25–03–2025



## റ്റി. സി. ജോയി

**തോട്ടുങ്കൽ, കുന്നങ്കേരി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# വാർത്താദീപം

**ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കണം കെ.ആർ.എൽ.സി.സി**

കൊച്ചി: കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ചു പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കണമെന്നു കെ.ആർ.എൽ.സി.സി ആവശ്യപ്പെട്ടു.

പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

**ഹരിതോർജത്തിൽ അനന്ത സാധ്യത**

കൊച്ചി: ഹരിതോർജ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ഉല്പാദന, പ്രസരണ, വിതരണ ഘട്ടങ്ങളിലെ ചെലവു കുറയ്ക്കുകയാണു പ്രധാനമെന്നു ടാറ്റ പവർ റിന്യൂവബിൾ മൈക്രോ ഗ്രിഡ് ലിമിറ്റഡ് സി.ഇ. മനോജ് ഗുപ്ത ചൂണ്ടിക്കാട്ടി. ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ 'ഹരിതോർജം' എന്ന സെഷനിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

**ഒരു വർഷ ബി.എഡ്.എം.എഡ്. കരട് മാനദണ്ഡമായി**

ന്യൂഡൽഹി: ഒരു വർഷ ബി.എഡ്, എം.എഡ് കോഴ്സുകൾ വീണ്ടും ആരംഭിക്കാനുള്ള കരട് മാനദണ്ഡങ്ങൾ നാഷനൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷൻ (എൻസിടിഇ) അവതരിപ്പിച്ചു. പുതിയ കോഴ്സുകൾ 2026-27 അധ്യയന വർഷം മുതൽ ആരംഭിക്കുകയാണു ലക്ഷ്യം.

1995ൽ എൻസിടിഇ യുടെ കീഴിൽ ആരംഭിച്ച ഒരു വർഷ ബി.എഡ് കോഴ്സ് 2014 ൽ പിൻവലിച്ചിരുന്നു. നിലവിൽ 2 വർഷമാണു ബി.എഡ്, എം.എഡ്. കോഴ്സുകൾ. 4 വർഷ ബിരുദ വിദ്യാർത്ഥികളേയും സംയോജിത ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാമിൽ (ഐടിഇപി) പഠനം നടത്തുന്നവരെയും ലക്ഷ്യമിട്ടാണ് ഒരു വർഷ ബിരുദ, പിജി അധ്യാപന കോഴ്സുകൾ വീണ്ടും ആരംഭിക്കുന്നത്. നിലവിലുള്ള സ്ഥാപനങ്ങൾക്ക് 2 വർഷ കോഴ്സുകൾ തുടരാനും ഒരു വർഷ കോഴ്സിലേക്കു മാറാനും അവസരമുണ്ട്.

50% മാർക്കോടെ പി.ജി. ബിരുദമോ 4 വർഷ ബിരുദമോ പൂർത്തിയാക്കിയവർക്ക് ഒരു വർഷത്തെ ബി.എഡ് കോഴ്സിനും ചേരാം. 4 വർഷത്തെ സംയോജിത ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാം പൂർത്തിയാക്കിയവർക്കും 1,2 വർഷ ബി.എഡ് കോഴ്സുകൾ പൂർത്തിയാക്കിയവർക്കും എം.എഡിനു ചേരാം.

നിലവിൽ അധ്യാപകരായി സേവനം ചെയ്യുന്നവർക്കും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുമായി 2 വർഷത്തെ പാർട്ട് ടൈം എം.എഡ് കോഴ്സും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2 വർഷത്തെ കോഴ്സാണെങ്കിലും ഇതു പൂർത്തിയാക്കാൻ 4 വർഷം വരെ അനുവദിക്കും.

പുതിയ കോഴ്സുകളുടെയെല്ലാം പ്രവേശനം എൻ.ടി.എ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാകും. കരട് മാർഗരേഖയിൽ മാർച്ച് 8 വരെ അഭിപ്രായങ്ങൾ അറിയിക്കാൻ അവസരമുണ്ട്.

**മാർ അപ്രേം അവാർഡ് നിത്യാ മാമ്മന്**

തോട്ടയ്ക്കാട്: കലാസാഹിത്യ സംഗീത മേഖലയിലെ പ്രതിഭകൾക്ക് തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ഏർപ്പെടുത്തിയ പുരസ്കാരം (25,000 രൂപ) ചലച്ചിത്ര പിന്നണി ഗായികയും സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ നിത്യാ മാമ്മനു നൽകും.

മാർച്ച് 7 ന് വൈകിട്ട് 7ന് ഏബ്രഹാം മാർ സ്തോഫാനോസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ചാണ്ടി ഉമ്മൻ എം.എൽ.എ. പങ്കെടുക്കും. അട്ടപ്പാടി സെന്റ് തോമസ് ആശ്രമം ഡയറക്ടർ എം.ഡി. യൂഹാനോൻ റമ്പാനെ ആദരിക്കും.

**പുരസ്കാരം**

ആലപ്പുഴ: അപ്പർകുട്ടനാട് വികസന സമിതിയുടെ 2024 ലെ പ്രതിഭാ പുരസ്കാരം (25000 രൂപ) മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടന്റ് രാജു മാത്യുവിനും മുഹമ്മ കെ.ഇ. കാർമൽ സ്കൂൾ പ്രിൻസിപ്പൽ ഫാ. സാംജി വടക്കേടത്തിനും. 'എന്റെ കുമരകം എത്ര സുന്ദരം' എന്ന പേരിൽ 2023 ഏപ്രിലിൽ മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പരയ്ക്കും പടിഞ്ഞാറൻ ഗ്രാമീണ മേഖലയുടെ വികസനത്തിനായി 'നാടിന് ഒപ്പം' എന്ന പേരിൽ നടത്തിയ സെമിനാറിന്റെ ആശയത്തിനും നടത്തിപ്പിനുമാണ് രാജു മാത്യുവിന്റെ പുരസ്കാരം.

കുട്ടനാടിനെക്കുറിച്ച് എഴുതിയതിനാൽ കുട്ടനാട് എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് എന്ന നിലയിലാണ് ഫാ. സാംജി വടക്കേടം പുരസ്കാരത്തിന് അർഹനായത്.

**ലഹരി- സ്കൂളുകളിൽ ഇടപെടാൻ പോലീസ്**

തിരുവനന്തപുരം; വിദ്യാർത്ഥികളിൽ അക്രമവാസന നിയന്ത്രിക്കാൻ സ്കൂളുകളിൽ പോലീസ് നിരീക്ഷണം ശക്തമാക്കുന്നു. പതിവായി പ്രശ്നമുണ്ടാക്കുന്ന വിദ്യാർത്ഥികളുടെ വിവരം സ്കൂൾ ജാഗ്രതാ സമിതികൾവഴി ശേഖരിച്ച് അവരെ നിരീക്ഷിക്കാനും കൗൺസിലിംഗ് നൽകാനും പോലീസ് നടപടി തുടങ്ങി ഇതിനുള്ള നിർദ്ദേശം ഡി.ജി.പി. എല്ലാ സ്റ്റേഷനുകളിലും നൽകും. സ്കൂളുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്നാണ് ഇടപെടൽ. അടുത്ത അദ്ധ്യയന വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ ചർച്ച ചെയ്യാൻ ഏപ്രിൽ വിപുല യോഗം ചേരാനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ലഹരിയുടെ ഉപയോഗം കണ്ടെത്തുക. പുറത്തുനിന്നുള്ള സാമൂഹിക വിരുദ്ധ സംഘങ്ങളുടെ സാന്നിധ്യം നിരീക്ഷിക്കുക. ക്ലാസിൽ കയറാതെ കറങ്ങി നടക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി തിരുത്തുക തുടങ്ങിയവയായിരുന്നു സ്കൂൾ ജാഗ്രതാ സമിതി രൂപീകരിക്കുമ്പോൾ ഉദ്ദേശം. പോലീസിന്റെ ജോലി തിരക്കിൽ സ്ക്കൂളുകളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടായില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പുതിയ നടപടികൾ. സമൂഹമാധ്യമങ്ങളിലും അധ്യാപകരുടെ സഹായത്തോടെ നിരീക്ഷണം ശക്തമാക്കും.

**ബർക്കുമാൻസ് അവാർഡ്**

ചങ്ങനാശ്ശേരി: കേരളത്തിലെ മികച്ച കോളജ് അദ്ധ്യാപകർക്കായി ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് (എസ്.ബി) കോളേജും പൂർവ്വ വിദ്യാർത്ഥി സംഘടനയും നൽകുന്ന ബർക്കുമാൻസ് അവാർഡിന് (25,000രൂപ) കോഴിക്കോട് ദൈവഗിരി കോളേജ് രസതന്ത്ര വിഭാഗം അദ്ധ്യാപകൻ ഡോ. മനോജ് മാത്യൂസ് അർഹനായി.

**ലഹരിക്ക് എതിരായ പ്രതിജ്ഞ**

നമ്മുടെ ഓരോ സഹപാഠിയും നമുക്ക് പ്രിയപ്പെട്ടവളും പ്രിയപ്പെട്ടവനുമാണ്. ഈ സ്കൂളിൽ, ഈ സമൂഹത്തിൽ ഞങ്ങളും നിങ്ങളും ഞാനും മറ്റുള്ളവരും എന്ന് വേർതിരിവില്ല. നമ്മെളെല്ലാം ഒന്നാണ്, നമ്മളിലെല്ലാം ഉള്ളത് ഒരേ ജീവനാണ്. നമുക്കെല്ലാമുള്ളത് ഒരേ പ്രതീക്ഷകളും സ്വപ്നങ്ങളുമാണ്.

ലഹരി ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകൾ ആ സ്വപ്നങ്ങൾക്കുമേൽ നിഴൽ വീഴ്ത്താതെ നോക്കേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഒരു സഹപാഠിയെയും ഒരു സഹജീവിയെയും, ഉപദ്രവിക്കുകയില്ലെന്ന്, വേദനിപ്പിക്കുകയില്ലെന്ന്, ഈ നാടിനും നാട്ടുകാർക്കും മുന്നിൽ, എന്റെ പ്രിയ അദ്ധ്യാപകർക്കു മുന്നിൽ, എന്റെ കൂട്ടുകാർക്കു മുന്നിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

# European Knanaya Churches and Priests

**St. Peter and St. Paul's Knanaya Church, London**
177 Ordance Road, Enfield EN3 6AB
Holy Qurbono: 1st &3rd Sunday 1.00 pm

**St George Knanaya Church Manchester**
High Gate Lane, Little Hulton, Manchester
M38 9SZ, Holy
Qurbono: 1st &3rd Sunday 10.30 am

**St. Simon's Knanaya Church Birmingham**
Bristole Road, B45 9TY
Holy Qurbono: 2nd &4th Sunday 1.00 pm

**St Andrew's Knanaya Congregiation Edinburgh**
36, Quality Street, EH4 5BS
Holy Qurbono: 4th Saturday 10.am

**St Stephen's Knanaya Church Bristol**
Ellsworth Road, BS10 7BE
Holy Qurbono: 2nd and 4th Sunday

**St.Mary's Knanay Church, Middlesbrough,**
1a St Barnabas' Rd, TS5 6JR
Holy Qurbono:2nd Saturday 1 pm

**St. Mathew's Knanay Church**
**East Midlands, Nottingham**
Farleys Grove, NG15 6FGT
Holy Qurbono: 2nd Sunday 12 pm

**St.Joseph Knanay Church Cambridge**
Cambourne Church Centre, Jeavons Lane, CB236AF Holy Qurbono: Saturday 10.am

**St.John's Knanay Church, Cardiff**
59, Countisbury Ave, CF3, CF3 5RN
Holy Qurbono: 1st & 3rd Sundays : 12 pm

**St. Ephraim Knanaya Church Liverpool**
Cockshead Road L25 2RB
Holy Qurbono: 4th Saturday 10am

**St. Marks Knanaya Church Hampshire, Basingstoke**
Homesteads RD RG22 5LQ
Holy Qurbono: 4th Sunday 1 pm

**St.Knai Thomman Knanaya Church**
Oxfordshire, Banburry, Edmunds Rd, OX16 OPP
Holy Qurbono: 3rd Saturday 10 am

**Essex Knanaya Prayer Group**
North avenue CM1 2AL
Holy Qurbono: Saturday 1.30 pm

**St.Knai Thomman Knanaya Church Limerick, Ireland**
Holy Qurbono: 2nd Sunday 9.30 am

**St. Mary's Knanaya Church Dublin, Ireland**
Holy Qurbono: 1st &3rd Saturday 12.30 pm

**St. James Knanaya Church Belfast Northern Ireland**
Holy Qurbono: 3rd Saturday 12.30 pm

**St.Mary's Knanaya Church, Italy**
Piazzette Pio X, 4 Possagno 31054(TV)
Holy Qurbono:4th Saturday 9.am

**Knanay Congregation, Brussels, Belgium**
Ruejacobs - Fontaine 122, 1090, Jette, Brussels
Holy Qurbono: Every alternate 4th Saturday 10 pm

## Priests in Europe

Rev. Fr. Dr. Thomas Manimala: +4917661098562
Rev. Fr. Jomon Punnoose: 07886899154
Rev. Fr. Saji Abraham: 07443644929
Rev. Fr. Dr. Binoy Thattankunnel: 07831237602
Rev. Fr. Mathews Abraham: 07887321814
Rev. Fr. Nidhin Sunny: 07426486756
Rev. Fr. Jerin T. Raju: 07769399156
Rev. Fr. Binsu Abraham: 07799274663
Rev. Fr. Rejish Skariah: +353892749800
Rev. Fr. Jojo Joseph: + 353892161314



## മല്പാനോടു ചോദിക്കാം

# രക്ഷാകര പദ്ധതിയിൽ പീഢാനുഭവത്തിന്റേയും ക്രൂശുമരണത്തിന്റേയും പ്രസക്തിയെന്ത്?

**ഇല്ലായ്മയിൽ നിന്ന് സകലത്തേയും ഉളവാക്കിയ ദൈവത്തിന് ഒരു വാക്കിലൂടെ രക്ഷാകര കർമ്മം നിർവ്വഹിക്കാമായിരുന്നില്ലേ? പാപം ചെയ്ത മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ദൈവം ശരീരം ധരിക്കുകയും അതിൽ കഷ്ടത അനുഭവിക്കുകയും ചെയ്തതെന്തിന്?**

സകല ചരാചരങ്ങളേയും ശബ്ദംകൊണ്ട് (വചനം) സൃഷ്ടിച്ച ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് (ഉല്പ.1:26). അതായത് ദൈവീകമായ അംശത്തോടും പൂർണ്ണ സ്വാതന്ത്ര്യത്തോടും ആണ് സൃഷ്ടിച്ചത്. ആ സ്വരൂപവും സാദൃശ്യവും നിലനിൽക്കെ ദൈവകല്പനയെ ലംഘിച്ച് പാപം ചെയ്ത് ആത്മമരണം പ്രാപിച്ച മനുഷ്യനെ വീണ്ടെടുക്കുവാൻ അതേ സ്വരൂപവും സാദൃശ്യവും നിറഞ്ഞ ശരീരം സ്വീകരിച്ച് അതിൽ പരിഹാരം കാണുക എന്നുള്ളത് ദൈവീക പദ്ധതിയായിരുന്നു.

കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ മനുഷ്യാവതാരം, സ്നാനം, പരസ്യശുശ്രൂഷ, പീഢാനുഭവം, കുരിശുമരണം, പുനരുദ്ധാനം, സ്വർഗ്ഗാരോഹണം എല്ലാം ഉൾപ്പെട്ടിരിക്കുന്നു. ഇവയെല്ലാം പ്രധാനപ്പെട്ട സംഭവങ്ങളാണെങ്കിലും കുരിശുമരണത്തിലും പുനരുദ്ധാനത്തിലും അതിന്റെ പൂർണ്ണത വെളിപ്പെടുന്നു.

ഏദനിൽ പാപം ചെയ്ത് പുറത്തുപോയ മനുഷ്യന് ദൈവം നൽകിയ രക്ഷാവാഗ്ദാനമായി (ഉല്പ. 3:15) കാണാവുന്നതാണ്. ഇതിൽ പാമ്പ് സാത്താന്റെ പ്രതിരൂപത്തേയും സ്ത്രീയുടെ സന്തതി എന്നത് ക്രിസ്തുവിന്റെ പ്രതിരൂപത്തേയും സൂചിപ്പിക്കുന്നു. എല്ലാ മനുഷ്യരേയും പ്രസവിക്കുന്നത് സ്ത്രീകളാണെങ്കിലും അവരെല്ലാം പുരുഷന്റെ സന്തതിയായി ജനിക്കുന്നവരാണ്. എന്നാൽ പുരുഷബന്ധം കൂടാതെ സ്ത്രീയിൽ നിന്നുമാത്രം ശരീരം സ്വീകരിച്ച് ജനിച്ച വ്യക്തി യേശുക്രിസ്തു മാത്രമാണ്. (ലൂക്കോ. 1:26–35). അതിനാൽ സ്ത്രീയുടെ സന്തതി എന്നറിയപ്പെടുന്നത് ക്രിസ്തു മാത്രമാണ്.

30–ാം വയസ്സിൽ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്ന കർത്താവ് (ലൂക്കോ. 3:23) യോർദ്ദാനിൽവച്ച് സ്നാനം ഏറ്റ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതോടുകൂടി സർപ്പമാകുന്ന സാത്താന്റെ തല ചതയ്ക്കുന്ന പ്രവർത്തനം ആരംഭിച്ചു. യോർദ്ദാൻ മുതൽ കാൽവറി വരെ നീണ്ടുനിന്ന മൂന്നര വർഷക്കാലത്തെ തന്റെ പ്രവർത്തനത്തിലൂടെ "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്ന രക്ഷാകര വാഗ്ദാനം താൻ നിറവേറ്റുകയായിരുന്നു.

ദൈവം മനുഷ്യശരീരം സ്വീകരിച്ച് അതിൽ കഷ്ടത സഹിച്ച് മരിച്ചത് ദൈവിക പദ്ധതിയായിരുന്നു. മനുഷ്യശരീരംകൊണ്ട് പാപം ചെയ്താണ് മനുഷ്യൻ ആത്മമരണം പ്രാപിച്ചതെങ്കിൽ ദൈവം അതേശരീരം സ്വീകരിച്ച് അതിൽ കഷ്ടത അനുഭവിച്ച് പാപത്തിന് പരിഹാരം കാണുകയാണ്. വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചാണ് മനുഷ്യൻ മരിച്ചതെങ്കിൽ വൃക്ഷത്തിൽ തന്നെ (കുരിശുമരണം) തന്റെ ജീവൻ ബലിയർപ്പിച്ചാണ് ദൈവം മനുഷ്യനെ വീണ്ടെടുക്കുന്നത്. അതിനാൽ ജഡധാരണവും, കുരിശുമരണവും രക്ഷാകരപദ്ധതിയിൽ അനിവാര്യ സംഭവങ്ങളായി.

കർത്താവിന്റെ ക്രൂശുമരണത്തിന് നിഴലായി പഴയനിയമത്തിൽ സംഭവിച്ച പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു മോശ മരുഭൂമിയിൽ പിത്തളസർപ്പത്തെ ഉയർത്തിയത് (സംഖ്യ.21:4–9) ദൈവത്തിന്റെ പ്രതിനിധിയായ മോശയോട് യിസ്രയേൽജനം എതിർത്തത് ദൈവത്തോടുള്ള മത്സരമായി കണ്ട ദൈവം ജനത്തിന്റെ ഇടയിൽ അഗ്നിസർപ്പത്തെ അയച്ച് ജനത്തെ ശിക്ഷിക്കുന്നു. മഹാമദ്ധ്യസ്ഥനായ മോശയുടെ അപേക്ഷയും പ്രാർത്ഥനയും മൂലം ദൈവം അതിന് നിർദ്ദേശിച്ച പരിഹാരം "പാളയമദ്ധ്യത്തിൽ അഗ്നിസർപ്പത്തിന്റെ രൂപം പിത്തളകൊണ്ട് ഉണ്ടാക്കി ഉയർത്തുക" എന്നായിരുന്നല്ലോ. അഗ്നിസർപ്പത്തിന്റെ കുടിയേറ്റു മരിക്കുന്ന ജനത്തിന് രക്ഷാമാർഗ്ഗമായി ഉയർത്തപ്പെട്ട അഗ്നിസർപ്പത്തിന്റെ രൂപം തന്നെയായിരുന്നു എന്നത് ശ്രദ്ധേയമാണ്.

അഗ്നിസർപ്പത്തിന്റെ ദംശനം ഏൽക്കുന്നവർ വിശ്വാസത്തോടെ പിത്തളസർപ്പത്തെ നോക്കിയാൽ അവർ രക്ഷപ്രാപിക്കുന്നു. അല്ലാത്തവൻ മരിക്കുന്നു. ഇവിടെ പിത്തളസർപ്പത്തെ നോക്കാനും നോക്കാതിരിക്കാനുമുള്ള അവകാശം കടിയേൽക്കുന്നവനുണ്ടായിരുന്നു.

പ്രത്യുത സംഭവത്തിന്റെ പൂർത്തീകരണമായി കർത്താവിന്റെ കാൽവറിയാഗത്തെ കാണാവുന്നതാണ്. അഗ്നിസർപ്പമായ സാത്താൻ ഭൂമിയിൽ നമ്മെ കടിച്ചുകൊണ്ടിരിക്കുന്നു (പാപപ്രവർത്തി). കാൽവറിയിൽ ഉയർത്തപ്പെട്ട ക്രിസ്തുവിൽ വിശ്വാസത്തോടെ നോക്കുന്നവൻ രക്ഷപ്രാപിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള അവകാശം ഇവിടെ നിലനിൽക്കുകയാണ്. കാരണം രക്ഷ എന്നത് ആരേയും അടിച്ചേൽപ്പിക്കാനാവില്ല, പ്രത്യുത ആവശ്യക്കാരനു മാത്രം ലഭ്യമാകുന്നതാണ്. പാമ്പുകടിയേൽക്കുന്നവന് പാമ്പിന്റെ രൂപംതന്നെ പരിഹാരം ആയതുപോലെ മനുഷ്യശരീരത്തിൽ പാപം ചെയ്ത മനുഷ്യന് മനുഷ്യശരീരം ധരിച്ച ക്രിസ്തു തന്റെ ശരീരത്തിൽ അതിനു പരിഹാരം കണ്ടു. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടതാകുന്നു.

അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ.3:14) എന്ന് യേശു പറഞ്ഞതും അതുകൊണ്ടത്രേ.

ഒന്നാം ആദാം ചെയ്ത തെറ്റിന് പരിഹാരം കണ്ട രണ്ടാം ആദം എന്ന രീതിയിലാണ് വി. പൗലോസ് യേശുവിനെ തന്റെ ലേഖനങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളത്. "ഏകന്റെ ലംഘനത്താൽ സകല മനുഷ്യരിലും ശിക്ഷാവിധി വന്നതുപോലെ ഏകന്റെ നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതികരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും (റോമ.5:12-19). "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും" (1. കൊരി 15:22).

ആദ്യമനുഷ്യൻ ശരീരത്തിൽ ഇരുന്നുകൊണ്ട് ചെയ്ത തെറ്റിന് രണ്ടാം ആദമായ ക്രിസ്തു അതേ ശരീരത്തിൽ പരിഹാരം കണ്ടു എന്ന് പൗരസ്ത്യ പിതാക്കന്മാർ ആരാധനാ ഗീതങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നു.

"നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ടാ നിൻ പാപ - ത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനാൽ കൈപ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ- നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ
(ക്യംതാ സന്ധ്യാപ്രാർത്ഥന)

(കർത്താവു മരിച്ചവരുടെ ഇടയിൽ ചെന്ന് ആദമിനെ ഉറപ്പിച്ചു. നിന്റെ പാപത്തെയോർത്തു നീ ഇനിയും ദുഃഖിക്കരുത്. കാരണം നീ കുറ്റം ചെയ്തതിനു ഞാൻ അടികൾ ഏറ്റു. നീ ഏദനിലെ പഴം തിന്നതുകൊണ്ട് ഞാൻ കൈപ്പു കുടിച്ചു. നീ നഗ്നതകൊണ്ട് ഇലകൾ തുന്നിഉടുത്തു. അവർ എന്നെ നഗ്നതയോടെ കുരിശിൽ തൂക്കി. ഞാൻ ചൊരിഞ്ഞ രക്തംകൊണ്ട് പിതാവിന്റെ ദേഷ്യം മാറി).

മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ച- ക്കബറി-ന്നെഴുന്നേറ്റാൻ
പാപത്തെക്കൊലയാൽ കൊന്നാൻ- മൃതിയെ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റക്കുന്ത - ത്താൽ നീക്കി
തൻ കബറാൽ- തീർത്താൻ കബർനാശം
തന്നുദ്ധാ-നാലിങ്ങുയിരേകി
ഏറ്റിവ താൻ പോക്കി വഴിത്തെ-റ്റല്ലാം ഞങ്ങളുടെ

(വി. സഭേ നമ്മുടെ കർത്താവ് മൂന്നാം നാളിൽ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ സന്തോഷിക്ക. തന്റെ മരണത്താൽ മരണത്തെ താൻ ഇല്ലാതാക്കി. തന്റെ മരണത്താൽ പാപത്തേയും ഇല്ലാതാക്കി. താനേറ്റ കുന്തത്താൽ ദൈവകോപവും ഇല്ലാതാക്കി. തന്റെ കബറാൽ കബറിൽ കൂടിയുള്ള നാശവും ഒഴിവാക്കി. തന്റെ ഉയർത്തെഴുന്നേൽപ്പിനാൽ ജീവനും നൽകി. ഞങ്ങളുടെ എല്ലാ കുറ്റവും അവൻ ഏറ്റ് പരിഹാരം നേടിതന്നു). (ക്യംതാ- സന്ധ്യാഗീതങ്ങൾ)

മേൽപ്പറഞ്ഞ കാരണങ്ങളാൽ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പീഡാനുഭവവും കുരിശുമരണവും അനിവാര്യ ഘടകങ്ങളാകുന്നു. ●

---


## ക്നാനായ ഫാമിലി ഡയറക്ടറേറ്റ്

2025 ഏപ്രിൽ 11, 12 തീയതികളിൽ നോമ്പിലെ നാൽപതാം വെള്ളിയാഴ്ചയും ലാസറിന്റെ ശനിയാഴ്ചയും ആയതിനാൽ ഫാമിലി ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ഉള്ള വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല. പകരം ഏപ്രിൽ 4, 5 (വെള്ളി, ശനി) തീയതികളിൽ വിവാഹ ഒരുക്ക സെമിനാർ നടത്തുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

ഡയറക്ടർ
**ഫാ. രാജൻ ഏബ്രഹാം** കുളമടയിൽ
Ph: 9446913633, 9074210501

സെക്രട്ടറി
**ഫാ. ജിജി പുന്നൂസ്** പുത്തൻപുരയ്ക്കൽ
Ph: 9447119918

## വസ്തു വില്പനയ്ക്ക്

**പള്ളത്ത് മുനിസിപ്പാലിറ്റി റോഡ് സൈഡിൽ വീട് വയ്ക്കാൻ പറ്റിയ 10 സെന്റ് തെങ്ങിൻ പുരയിടം വില്പനയ്ക്ക്**

**Ph. 9846151287**

## ക്നാനായ സെന്ററിൽ മിതമായ നിരക്കിൽ ഹോസ്റ്റൽ സൗകര്യം

എറണാകുളം (മാമംഗലം) ക്നാനായ പള്ളിയിൽ പ്രവർത്തിക്കുന്ന ക്നാനായ സെന്ററിൽ മിതമായ നിരക്കിൽ ഹോസ്റ്റൽ സൗകര്യം (Male only) ലഭ്യമാണ്. താല്പര്യം ഉള്ളവർ പള്ളി ഭാരവാഹികളുമായി ബന്ധപ്പെടുക. ഹോസ്റ്റലിൽ താമസിക്കാൻ ആഗ്രഹിക്കുന്നവർ ഇടവക വികാരിയുടെ letter കരുതണം. ഫാമിലിക്ക് താമസിക്കുവാൻ Gust room സൗകര്യവും ലഭ്യമാണ്.

Jacob Korah 7720043973
Kochuthomman Mathew- 9742110007




# "നല്ല ദേവനേ ഞങ്ങൾ എല്ലാവരെയും" ഗാന രചയിതാവ് ജോൺ ഈശോ മുല്ലശേരി

**എബി**

'നല്ല ദേവനേ ഞങ്ങളെല്ലാവരെയും നല്ലതാക്കി നിന്നിഷ്ടത്തെ ചെയ്തീടേണമേ.'

എന്നാൽ 'നിന്നിഷ്ടത്തെ ചൊല്ലീടേണമേ' എന്നാണ് ഇപ്പോഴുള്ള പുസ്തകങ്ങളിൽ കാണുന്നത്. അതുപോലെ 'നല്ല ദേവനേ' എന്നല്ല നല്ല ദൈ വമേ എന്നാണ് വേണ്ടതെന്ന് പലരും പറഞ്ഞു. കാര ണം ക്രിസ്ത്യാനികൾക്ക് ദേവനല്ല ദൈവമാണുള്ള തെന്നായിരുന്നു അവരുടെ ന്യായീകരണം. എന്നാൽ ഗാനരചയിതാവ് ജോൺ ഈശോ മാറിയെഴുതാൻ തയ്യാറായില്ല. അദ്ദേഹം ദേവനിൽതന്നെ ഉറച്ചു നിന്നു എന്നാണ് അറിയുന്നത്.

ഏതാണ്ട് 75 വർഷം മുമ്പ് ജോൺ ഈശോ മുല്ലശ്ശേരിയാണ് ഈ ഗാനം രചിച്ചത്. അദ്ദേഹത്തിന്റെ 150-ാം ജന്മദിനമാണ് ഈയിടെ കഴിഞ്ഞുപോയത്. ചെങ്ങന്നൂർ പാണ്ടനാട് പകലോമറ്റം തറവാട്ടിലാണ് ജോൺ ഈശോ ജനിച്ചത്. മുല്ലശ്ശേരിൽ തൊമ്മിയോഹന്നാനും തെക്കേതിൽ മറിയാമ്മയുമാണ് മാതാപിതാക്കൾ. 1874 ഒക്ടോബർ 17 ന് ആയിരുന്നു അത്. 92 ലേറെ ക്രിസ്തീയ ഗാനങ്ങൾ ജോൺ ഈശോ രചിച്ചിട്ടുണ്ട്. 'നല്ല ദേവനേ' 'സ്തോത്രം ചെയ്യും ഞാനെന്നും' അതിൽ പ്രധാനപ്പെട്ടതാണ്. ദൈവകൃപയുടെ പച്ചയായ പുല്പുറങ്ങളിലേക്ക് വിശ്വാസികളെ കൈപിടിച്ച് നടത്തിയതാണ് ഈ ഗാനങ്ങളെല്ലാം.

നാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കി ഊട്ടിയിൽ പ്ലേഗ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചു. അവിടെ വച്ച് പല യൂറോപ്യൻ മിഷനറിമാരുമായും പരിചയത്തിലായി. ക്രമേണ അവരുമൊത്ത് ഇംഗ്ലീഷ് ആരാധനയിൽ പങ്കെടുക്കാൻ തുടങ്ങി. ഈ ബന്ധമാണ് ജോണിനെ ഗാനരചനയിലേക്ക് നയിച്ചത്. യൂറോപ്യൻ മിഷനറിമാരുമായുള്ള സഹവാസം അവരുടെ വേഷവും സംസ്കാരവും ഉൾക്കൊള്ളാൻ ജോണിന് പ്രചോദനമായി. അങ്ങനെയിരിക്കെ ജോൺ തൃശൂരുള്ള സ്പെൻസർ കമ്പനിയുടെ മാനേജരായി. പിന്നീട് അദ്ദേഹം മദ്രാസ് ഗവൺമെന്റ് സെൻട്രൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂ ട്ടിൽനിന്ന് ബുക്ക് കീപ്പിംഗിലും സ്റ്റെനോഗ്രാഫിയിലും ഉന്നത വിജയം നേടി. അതോടെ ഫെഡറേറ്റഡ് മലയാ സ്റ്റേറ്റിന്റെ ഇമിഗ്രേഷൻ ഇൻസ്പെക്ടറായി കോഴിക്കോട്ടേക്കു മാറി.

മലയാള ഗാനരചയിതാവായ ജർമ്മൻ മിഷനറി വി നാഗലുമായുള്ള ബന്ധം പാട്ടുകൾ എഴുതാൻ ജോണിനു പ്രേരണ നൽകി.

'സമയമാം രഥത്തിൽ' എന്ന പ്രശസ്തമായ ഗാനം നാഗലു എഴുതിയതാണ്. ക്രിസ്തീയ ഭവനങ്ങളിലെ ശവസംസ്ക്കാര ചടങ്ങിൽ ഈ ഗാനം ഇന്ന് ഒഴിച്ചുകൂടാൻ വയ്യാത്തതായി തീർന്നിരിക്കുന്നു.

എങ്കിലും ഈ അനശ്വരഗാനത്തിന്റെ രചയിതാവ് ഒരു ജർമ്മൻ മിനഷറിയാണെന്നുള്ള യാഥാർത്ഥ്യം പലർക്കും അറിഞ്ഞുകൂടാ. ഇതെഴുതിയത് കൊച്ചു കുഞ്ഞ് ഉപദേശിയാണെന്ന് പലരും പ്രസംഗിക്കുന്നത് ഈ ലേഖകൻ കേട്ടിട്ടുണ്ട്. ഇതൊരു വിലാപഗാനമായി എഴുതപ്പെട്ടതല്ല. ശരിക്കും പറഞ്ഞാൽ ഒരു പ്രത്യാശഗാനമായിട്ടാണ് നാഗൽ എഴുതിയത് ഗാനം മലയാളത്തിലാണെങ്കിലും എഴുതിയ നാഗൽ മലയാളിയായ ഒരു റെയിൽവേ സ്റ്റേഷൻ മാസ്റ്ററുടെ ജർമ്മൻ മരുമകനാണ്.

കാളവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കാളവണ്ടി ചക്രത്തിന്റെ ശബ്ദത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് നാഗൽ ആ വരികളെഴുതിയത്. ക്ഷണികമായ ലോകജീവിതത്തിൽ നിന്നും സ്വർഗ്ഗീയ അനുഭവത്തിന്റെ പ്രത്യാശ ഉണർത്തുന്ന ഗാനമാണത്. എന്തായാലും 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന നാഗലിന്റെ ഗാനം മലയാളികളുടെ മരണവീടുകളിൽ ഒരു വിലാപഗാനമായിട്ടാണ് ഇന്ന് പാടുന്നത്.

അതുപോലെതന്നെയാണ് 'നല്ലദേവനെ ഞങ്ങളെല്ലാവരെയും എന്ന ഗാനവും. ക്രിസ്തീയ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനയിൽ ഈ ഗാനവും ഒരു അവിഭാജ്യഘടകമായി മാറിയിട്ടുണ്ട്. 23-ാം സങ്കീർത്തനത്തെ അടിസ്ഥാനമാക്കിയാണ് ജോൺ ഈ ഗാനം രചിച്ചിരിക്കുന്നത്.

വിരമിച്ചശേഷം ഭാര്യ ശോശാമ്മയോടൊപ്പം ജോൺ ഈശോ ചെങ്ങന്നൂർ പാണ്ടനാട് എത്തി. പിന്നീടാണ് "ക്രിസ്ത്യാത്മീയഗീതം" എന്ന സമാഹാരം പ്രസിദ്ധീകരിച്ചത്. അതിനുശേഷം 1954- ഫെബ്രുവരി 15-ന് 80-ാം മത്തെ വയസിൽ നിര്യാതനായി. പാണ്ടനാട് ഇമ്മാനുവേൽ മാർത്തോമ്മ ഇടവക സെമിത്തേരിയിൽ ജോൺ ഈശോയുടെ ശവകുടീരം കാണാം.

പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും 'നല്ലദേവനേ ഞങ്ങളെല്ലാവരേയും നല്ലതാക്കി' എന്ന ഗാനം ഒരു സങ്കീർത്തനം പോലെ മലയാളി മനസ്സുകളിൽ ഇപ്പോഴും ഈണമിട്ടു നിൽക്കുന്നു.




## വരനെ ആവശ്യമുണ്ട്

**M. 446**

Occupational Therapy ൽ Degree (BOT) പാസ്സായി Abudhabi Govt. ൽ Selection ആയി പേപ്പർ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നതും നിലവിൽ U.K. Registration ഉള്ളതും ഇപ്പോൾ Occupational Therapist ആയി പ്രവർത്തിക്കുന്നതും ( One year U.K. experience ഉണ്ട്) നല്ല സാമ്പത്തികശേഷിയും ദൈവഭയവുമുള്ള ക്നാനായ യുവതിയ്ക്ക് (25/163 cm) അനുയോജ്യരായ ദൈവഭയവുമുള്ള Professionally qualified ആയ സ്വദേശത്തോ വിദേശത്തോ ജോലിയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9446708439, 9995214140

**M. 447**

Knanaya girl Born and brought up in US (28/5'1) Education: Healthcare Administration. Pursuing Master's in Business Adminstration. Job: Healthcare Adminstration in US. Seeking alliance from Knanaya boy from US, India or abroad.

Ph: + 17733684113 (Whats app)

**M. 448**

AC CA & B.Com കഴിഞ്ഞ് Hydrebad ൽ Senior Financial Anlayst ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/161 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9447761884, 9400299189

**M. 449**

ബാംഗ്ലൂരിൽ IT Company ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/172 cm, MBA) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ബാംഗ്ലൂരിൽ ജോലിയുള്ളവർക്ക് മുൻഗണന) Ph: 8970362529, 9961224643

**M. 450**

B.Sc Nursing പാസ്സായി ഒരു പ്രമുഖ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/157 cm) വിദേശത്ത് ജോലിയുള്ള Family status ഉള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. OET പാസ്സായതാണ്.

Ph: 8078064240

**M. 451**

Knanaya parents invite proposal for their daughter (25/160 cm) completed BDS and is currently working as a dentist. Inviting proposals from BDS, MDS, MBBS, CA and Professionally qualified Individuals preferably from UK, Australia and USA. Ph: 9074696967

**M. 452**

Knanaya parents invite proposals for their daughter (28/160 cm) MSW (Medical and Psychiatry) & PG Diploma in Child and Adolescent Counselling. Working as Voluntary PRO in a reputed hospital. Seeking alliance from parents of God fearing and Professionally qualified Boys. Mob: 9447418130

## വധുവിനെ ആവശ്യമുണ്ട്

**M. 453**

B.C.A., Diploma in Mechanical Engineering കഴിഞ്ഞ് സൗദിയിൽ Office Admister ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/5'10") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8075193748, 9744991913

**M. 453**

Automobile Engineering കഴിഞ്ഞ് ബഹ്റൈനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/178 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9961025233, 7559915233

**M. 455**

ജർമ്മനിയിൽ Development Engineer in Bio Mechanics (Research & Development) (Masters in Mechanical Engineering from Germany) ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Whats app No. + 49 176 34642228, 7356747306

**M. 456**

B.Tech Mechanical Engineering കഴിഞ്ഞ് ദുബായിൽ Engineer ആയി ജോലി ചെയ്യുന്ന ക്നാനായ

യുവാവിന് (27/176 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (B.Sc നേഴ്സുമാർക്ക് മുൻഗണന).

Ph: 9495877139, 9188336560

**M. 457**

Knanaya parents invite proposals for their son (27/175 cm) B.Tech and completed his masters (Mechanical Engineering) in UK. We are seeking alliance from parents of qualifying employed from abroad and God fearing girls.

Mob: 9495145552

**M. 458**

ഷാർജയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/5'10", B.Tech, IT). അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഡിമാന്റുകൾ ഒന്നുമില്ല) Ph: 9947119395

**M. 459**

Knanaya parents invite proposals for their son (30/176 cm) (B.Sc Radiology and imaging technology, UK hcpc registration) currently in UK with student visa. Seeking alliance from parents of well qualified girls from Knanaya community, preferably from UK.

Mob: +61 488 634 503, 9567592555

**M. 460**

C.A Intermediate പാസ്സായി ദുബായിൽ Financial Auditor ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 8547231035, 9188203772

**M. 461**

കൊച്ചി Infopark ൽ Senior Software Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/178 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9495063653

**M. 462**

ഇപ്പോൾ മലേഷ്യയിൽ പഠനത്തോടൊപ്പം ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/5'8") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: +91 9446169250
+61 459737697 whats app only

**M. 463**

നാട്ടിൽ ഒരു പ്രമുഖ കമ്പനിയിൽ മെയിന്റനൻസ് ടെക്നീഷ്യനായി ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (33/5'10) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph:8547130845

**M. 464**

Knanaya parents invite proposals for our son (31/175 cm) B.Tech computer Science currently working as IT Engineering, Canada, Permanent resident. We are seeking alliance from God fearing girls. no demands.

contact number, 9746081776
7034627287, 7559813091

**M. 465**

Knanaya parents invite proposals for our son (29 years, 180 cm), a Mechanical Engineer with an MBA, currently engaged in the family-run industry. We are seeking a compatible alliance.

Contact details +91 96054 65077
+91 94470 24476

**M. 466**

യൂണിവേഴ്സിറ്റി അദ്ധ്യാപകനായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് B.Sc, MA, MSW, PhD. (39/168cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു പുനർവിവാഹിതരെയും പരിഗണിക്കും. നേഴ്സുമാർക്കും ജോലി ഉള്ളവർക്കും മുൻഗണന.

Ph: 8592839765, 8277696509

**M. 467**

കോട്ടയത്ത് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph:7902698364

**M. 468**

സിവിൽ ഡിപ്ലോമ കഴിഞ്ഞ് ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9745034710, 9605430576

**M. 469**

കേരളത്തിനു വെളിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (39/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 8086523387, 9446766522

## പുനർവിവാഹം

**M. 470**

**വരനെ ആവശ്യമുണ്ട്**

നിയമപരമായി വിവാഹബന്ധം വേർപെട്ടതും Central Goverment Hospital- ൽ B.Sc Nurse ആയി ജോലി ചെയ്യുന്നതുമായ ക്നാനായ യുവതിയ്ക്ക് (34/155cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9415691377

## ശുഭചിന്തകൾ

**ആത്മവിശ്വാസം ഇല്ലാതെ
വിജയത്തിന്റെ ദിശയിലേക്ക്
ഒരു പടിയും നീങ്ങാൻ കഴിയില്ല**

# നോഹയുടെ പെട്ടകം

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

സങ്കീ. 34:10-15 ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല. മക്കളെ വന്നു എനിക്ക് ചെവി തരുവീൻ. യഹോവയോട് ഉള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം. ജീവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതിനും ദീർഘായുസ്സ് ഇച്ഛിക്കുകയും ചെയ്യുന്നവൻ ആർ? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊള്ളുക. ദോഷം വിട്ടകന്നും ഗുണം ചെയ്യുക. സമാധാനം അന്വേഷിച്ചു പിൻതുടരുക. യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.

നോഹയുടെ പെട്ടകത്തെക്കുറിച്ച് അധികം ആരും ചിന്തിക്കാറില്ല. നോഹയുടെ പെട്ടകത്തിന് 625 അടി നീളവും 104 അടി വീതിയും അറുപത്തി രണ്ടര അടി ഉയരവും ഉണ്ടായിരുന്നു. ഭൂമിയിൽ ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ച സകല ജീവജാലങ്ങളിൽ നിന്നു രണ്ടു വീതം പെട്ടകത്തിൽ പാർപ്പിക്കാൻ സ്ഥലം ഉണ്ടോ? എന്ന് ചിലരെങ്കിലും സംശയിച്ചേക്കാവുന്നതു കൊണ്ടാണ് പെട്ടകത്തിന്റെ വലിപ്പം വിശദീകരിക്കുന്നത്. കീടങ്ങൾ, ഈച്ചകൾ തുടങ്ങിയ വിവിധതരം പറക്കുന്ന പ്രാണികൾ ചിലന്തികൾ, പല്ലികൾ തുടങ്ങിയവയ്ക്ക് പരിമിതമായ സ്ഥലം മതിയാകും. വിവിധതരം ഇഴജന്തുക്കൾക്കും വിശാലമായ സ്ഥലം ആവശ്യമായിരുന്നില്ല. വിവിധതരം പറവജാതികളെ തട്ടിൻ പുറങ്ങളിലും തൂക്കിയിട്ട തത്തകൂടുകളിലും പാർപ്പിച്ചിരുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിന് ഉള്ള സ്ഥലവും അവയ്ക്ക് 382 ദിവസം ഭക്ഷിക്കുന്നതിന് ഉള്ള പുല്ലുകളും വൈക്കോലും നോഹ കരുതിയിരുന്നു. തുടർന്ന് ആഹാരവും സൂക്ഷിക്കുന്നതിനുള്ള വിവിധ തരം അറകളും നോഹ പെട്ടകത്തിൽ കരുതിയിരുന്നു. ഇന്നത്തെ ആധുനികയുടെ ശാസ്ത്രജ്ഞൻമാർ ഗവേഷകർക്കും നോഹയുടെ പെട്ടകം നിഷേധിക്കാൻ ആവാത്ത ഒരു സത്യമായി ഇന്നും അവശേഷിക്കുന്നു. എന്തെന്നാൽ അത് ദൈവത്താൽ പണിത ഒരു പെട്ടകം ആയിരുന്നു.

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചതിനാൽ അവന്റെ ഹൃദയം എല്ലായിപ്പോഴും ദോഷത്തിലേക്ക് ആകുന്നു എന്നു ദൈവം കണ്ടു. ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതിനാൽ ദൈവം വളരെ വേദനിച്ചു. അനന്തരം യഹോവ നോഹയോട് ഇപ്രകാരം അരുളി ചെയ്തു നീ ഗോഫർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കി നീ സർവ്വ കുടുംബത്തോടൊപ്പം അതിൽ പ്രവേശിക്ക. ഞാൻ നിന്നെ ഈ തലമുറ മുൻപാകെ നീതിമാനായി കണ്ടിരിക്കുന്നു. ഇനി ഏഴു ദിവസം കഴിഞ്ഞ് ഈ ഭൂമിയിൽ 40 രാവും 40 പകലും മഴ ചെയ്യും. ഞാൻ സൃഷ്ടിച്ചതായ സകല ജീവജാലകത്തെയും ഈ ഭൂമിയിൽ നിന്നു തുടച്ചു കളയും. ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ എല്ലാ ജീവജാലങ്ങളെയും ഈ രണ്ടായി നീ പെട്ടകത്തിൽ കയറ്റണം. ഭൂമിയിൽ ജലപ്രളയം ഉണ്ടായപ്പോൾ നോഹയ്ക്ക് 600 വയസ്സ് ആയിരുന്നു. നോഹയും, ഭാര്യയും, പുത്രന്മാരും, പുത്രഭാര്യമാരും പെട്ടകത്തിൽ പ്രവേശിച്ചു. യഹോവയായ ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചു. എന്നാൽ ഭൂമിയിൽ 40 ദിവസം ജലപ്രളയം വർദ്ധിച്ചപ്പോൾ പെട്ടകം ഭൂമിയിൽ നിന്നു ഉയർന്നു പൊങ്ങി തുടങ്ങി. വെള്ളം ഭൂമിയിൽ വളരെയധികം വർദ്ധിച്ചു. പർവ്വതങ്ങൾ എല്ലാം തന്നെ മൂടിപ്പോയി. സകല മനുഷ്യരും കന്നുകാലികളും പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും പറവജാതികളും ഭൂമിയിൽ ചത്ത് ഒടുങ്ങി. നോഹയും അവനോട് കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നവരും മാത്രം ശേഷിച്ചു. അനന്തരം യഹോവയായ ദൈവം തെക്കൻ കാറ്റ് ഭൂമിയിൽ അടിപ്പിച്ച് മഴയെ ശമിപ്പിച്ചു. ഭൂമിയിൽ എങ്ങും വലിയ ശാന്തത വന്നു. വെള്ളപ്പൊക്കം നിലച്ചു.അഗാധങ്ങളിലെ ഉറവകളും ആകാശത്തിന്റെ കിളിവാതിലും അടഞ്ഞു. ആകാശത്തിൽ നിന്ന് ഉള്ള മഴയും നിന്നു. ഏകദേശം 150 ദിവസങ്ങൾക്കും ശേഷം വെള്ളം ഭൂമിയിൽ കുറഞ്ഞു തുടങ്ങി. നോഹയുടെ പെട്ടകം 7-ാം മാസം 17-ാം തീയതി അറാറാത്തു പർവ്വതത്തിൽ ഉറച്ചു.10-ാം മാസം വരെ വെള്ളം ഭൂമിയിൽ നിരന്തരം കുറഞ്ഞുകൊണ്ടിരുന്നു. 40 ദിവസത്തിനുശേഷം നോഹ പെട്ടകത്തിന്റെ കിളിവാതിൽ തുറന്നു. ഒരു മലങ്കാക്കയെ പുറത്തേക്ക് അയച്ചു. ഭൂമിയിൽ വെള്ളം വറ്റുന്നതുവരെ അതു വരുകയും പോകുകയും ചെയ്തുകൊണ്ടിരുന്നു. ഭൂമിയിൽ വെള്ളം ഇറങ്ങിയോ എന്ന് വീണ്ടും അറിയുന്നതിന് നോഹ ഒരു പ്രാവിനെ ഇറക്കി വിട്ടു. അതു ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് കാൽ കുത്തുവാൻ ഇടയില്ലാ എന്നറിഞ്ഞപ്പോൾ അത് വീണ്ടും പെട്ടകത്തിലേക്ക് തിരികെ വന്നു. നോഹ അതിനെ പിടിച്ച് പെട്ടകത്തിൽ കയറ്റി. വീണ്ടും ഏഴുദിവസം കഴിഞ്ഞപ്പോൾ നോഹ പ്രാവിനെ ഇറക്കി വിട്ടു. അത് വൈകുന്നേരം ആയപ്പോൾ ഒരു ഒലിവ് ഇലകൊത്തി കൊണ്ടു വന്നു. ഭൂമിയിൽ വെള്ളം കുറഞ്ഞു എന്ന് നോഹയ്ക്ക് മനസ്സിലായി. 60-ാം വർഷം 1-ാം മാസം മൂന്നാം തീയതി ഭൂമിയിൽ വെള്ളം തീരെ വറ്റി. നോഹ പെട്ടകത്തിന്റെ മേൽത്തട്ട് നീക്കി ഉണങ്ങിയ നിലം കണ്ടു. രണ്ടാം മാസം 21-ാം തീയതി ആയപ്പോൾ ഭൂമി തീർത്തും ഉണങ്ങി കഴിഞ്ഞിരുന്നു. നീയും നിന്റെ ഭാര്യയും പുത്രൻമാരും പുത്രഭാര്യമാരും പെട്ടകത്തിൽ നിന്ന് ഇറങ്ങുവാൻ യഹോവയായ ദൈവം കല്പിച്ചു. നോഹ അത് അനുസരിച്ചു. അങ്ങനെ നോഹയും അവന്റെ ഭാര്യയും അവന്റെ പുത്രൻമാരും ഭാര്യമാരും പെട്ടകത്തിൽ നിന്ന് പുറത്ത് ഇറങ്ങി. ഇല പഴുത്ത് തല കുനിച്ച് നിൽക്കുന്നതായ വൃക്ഷങ്ങൾ, വീർപ്പ് മുട്ടി ചത്തു കിടക്കുന്നതായ കാട്ടു മൃഗങ്ങളും നാട്ടു മൃഗങ്ങളും തൂവൽ പൊഴിഞ്ഞ് അവിടവിടങ്ങളിലായി വിറങ്ങലിച്ചു കിടക്കുന്നു. പക്ഷിക്കൂട്ടങ്ങൾ ചത്തൊടുങ്ങിയതായ ഉരഗവർഗ്ഗങ്ങൾ, ഇഴജന്തുക്കൾ കണ്ണുകൾ തുറിച്ച് വീർപ്പ് മുട്ടി കിടക്കുന്നതായ മനുഷ്യകോലങ്ങൾ തകർന്നടിഞ്ഞ് കിടക്കുന്നതായ കുടിലുകൾ എല്ലാം കണ്ടപ്പോൾ നോഹയുടെ പിതൃസഹജമായ ഹൃദയം വിങ്ങിപ്പൊട്ടി. എന്നാൽ ദൈവം നോഹ

യോട് നീ ഒരു യാഗപീഠം പണിതു ശുദ്ധിയുള്ള മൃഗത്തിൽ നിന്നും പക്ഷികളിൽ നിന്നും ഓരോന്നിനെ എടുത്തു യാഗ പീഠത്തിൽ ഹോമയാഗം അർപ്പിക്കാ എന്നു പറഞ്ഞു. പിന്നീട് ദൈവം നോഹയോട് ഇനി മനുഷ്യൻ നിമിത്തം ഞാൻ ഭൂമിയെ നശിപ്പിക്കുകയില്ല. എന്തെന്നാൽ മനുഷ്യന്റെ നിരൂപണം ബാല്യം മുതൽ ദോഷം ഉള്ളതാകുന്നു. ഭൂമി നില നിൽക്കുന്നടത്തോളം കാലം വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും രാവും പകലും മഴയും മഞ്ഞും നിന്നുപോകുകയില്ല എന്നും അരുളിച്ചെയ്തു. പിന്നീട് യഹോവയായ ദൈവം നോഹയോട് ഒരു ഉടമ്പടി വച്ചു. എനിക്കും നിങ്ങൾക്കും മദ്ധ്യേ കല്പിക്കുന്നത് ജലപ്രളയത്താൽ ഇനി ഞാൻ ഭൂമിയെ നശിപ്പിക്കുകയില്ല "ഞാൻ മേഘത്തിൽ എന്റെ വില്ല് സ്ഥാപിക്കുന്നു' അത് നിങ്ങൾ ക്കും ഭൂമിക്കും മദ്ധ്യേ ഉള്ള അടയാളം ആകുന്നു. മഴവില്ല് മേഘത്തിൽ ദൃശ്യമാകുമ്പോൾ ഞാൻ അതിനെ നോക്കുകയും ദൈവം സകല ജീവജാലങ്ങളുമായി ഉള്ള ഉടമ്പടിയെ ഓർക്കുകയും ചെയ്യും. ആയതിനാൽ കർത്താവിന്റെ വരവ് എറ്റവും സംജാതം ആയി രിക്കുന്നു ഈ വേളയിൽ ഞെട്ടിപ്പിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഈ ലോകത്തിൽ നടമാടുമ്പോൾ നാം നമ്മേ സൃഷ്ടിച്ച ദൈവത്തെ ഓർക്കുകയും നമ്മുടെ പിതാക്കന്മാർ നമുക്ക് നൽകിയ അനുഗ്രഹങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയുള്ളൂ. നോഹ യഹോവയായ ദൈവത്തിനു ഹോമയാഗം അർപ്പിച്ചതുപോലെ നമുക്ക് കുഞ്ഞുങ്ങളോടും കുടുംബങ്ങളോടും ചേർന്ന് പാടാം.

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബ്രഹാം തൻ ബലിയും കൈക്കൊണ്ട- കർത്താവേ!
നോമ്പും പ്രാർത്ഥനയും-കൈക്കൊ-
ണ്ടൻപാലടിയാരെ - കാക്ക

# സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം

**അനൂബ് ജോൺ**
(നല്ലപാഠം കോഡിനേറ്റർ, കമ്മ്യൂണിറ്റി പോലീസ് ഓഫീസർ SPC പ്രോജക്ട്)

സമൂഹത്തിലെ അക്രമ വാസനകൾ കുട്ടികളെ സ്വാധീനിക്കുന്നുണ്ട്. യുവ തലമുറ ഏറ്റവും കൂടുതൽ സമയം ചെലവിടുന്നത് സമൂഹ മാധ്യമങ്ങളിൽ ആണ്.സമൂഹ മാധ്യമങ്ങൾക്ക് ഒപ്പം തന്നെ ന്യൂ ജെൻ സിനിമകളും കുട്ടികളെ വല്ലാതെ ആകർഷിക്കുന്നുണ്ട്.

കുടുംബത്തെയും പൊതു സമൂഹത്തെയും ആകർഷിച്ചിരുന്ന ഒരു യുവ തലമുറയിൽ നിന്നുള്ള വലിയ മാറ്റം ഇന്നത്തെ കുട്ടികൾ പ്രകടമാണ്. കുടുംബം സമൂഹം ഇവരോടുള്ള കടപ്പാടിന് അപ്പുറം സ്വന്തം താൽപര്യങ്ങൾ മാത്രം എന്നതിലേക്ക് പുതു സമൂഹം വഴിമാറുന്നു എന്നത് വലിയ വിപത്തിന്റെ സൂചനകൾ ആണ് നമുക്ക് നൽകുന്നത്. ലഹരി നമ്മുടെ സമൂഹത്തെ നിയന്ത്രിക്കുന്ന കാലം അതി വിദൂരമല്ല. അവിടെ അധ്യാപകനെ രക്ഷിതാവിനോ മതത്തിനോ സമൂഹത്തിനോ ഒരു സ്ഥാനവുമില്ല എന്ന് നാം തിരിച്ചറിയണം. വരാൻ പോകുന്ന സാമൂഹിക വിപത്തിന് എതിരെ നാം ഒരുമിക്കണം. ആരാന്റെ അമ്മക്ക് പ്രാന്തു വന്ന എനിക്ക് എന്ത് എന്ന ചിന്ത നാം മാറ്റി വെക്കണം. എനിക്കും ഇത് സംഭവിക്കും എന്ന് നാം കരുതണം.

ചെറു പ്രായത്തിലേ നന്മയുള്ള മക്കളെ നാം സൃഷ്ടിക്കണം. നൻമയുടെ നല്ല വിത്തുകൾ നാം പാകണം. വിദ്യാഭ്യാസത്തിലൂടെ അറിവ് നാം ആർജിക്കുമ്പോൾ അതിനു അപ്പുറം തിരിച്ചറിവ് നൽകാൻ നമുക്ക് കഴിയണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അപ്പുറത്ത് മനുഷ്യ മനസിനെ സ്വാധീനിക്കുന്ന പാഠങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം.


സാമൂഹിക പ്രതിബദ്ധത വളർത്തുന്ന നിയമബോധം സ്വമേധയാ ഉൾകൊള്ളുന്ന പരിസ്ഥിതിയെ സംരക്ഷിക്കാൻ മനസുള്ള സേവന സന്നദ്ധരായ യുവതലമുറയെ വാർത്തെടുക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികൾ എല്ലാ സ്കൂളുകളിലേക്ക് വ്യാപിക്കുക വഴി നമയുള്ള നല്ല പാഠം ചെറുപ്പത്തിലേ കുട്ടികളിൽ എത്തിക്കുവാൻ ഒരു പരിധി വരെ സാധിക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ചെറു യൂണിറ്റുകൾ എൽ.പി,യു.പി. ക്ലാസുകളിൽ തുടങ്ങുക. എറണാകുളം റൂറൽ ജില്ലയിലെ രാമമംഗലം ഹൈസ്കൂളിൽ നടത്തിയ സത്യ സന്ധതയുടെ പീടിക നല്ല മാതൃക ആയിരുന്നു. സത്യ സന്ധതയുടെ പാഠം സ്വന്തം അനുഭവങ്ങളിലൂടെ ആർജിക്കുകയായിരുന്നു ഇവിടുത്തെ കുട്ടികൾ. പഠിച്ചെടുക്കുകയല്ല സ്വന്തം അനുഭവങ്ങളിലൂടെ ആർജിച്ചെടുക്കുന്ന തരത്തിൽ വിദ്യാഭ്യാസം സമ്പ്രദായം പൊളിച്ചെടുക്കണം. സ്കൗട്ട് ആൻഡ് ഗൈഡ് റെഡ് ക്രോസ് പോലുള്ള സന്നദ്ധ സംഘടനകൾ സജീവമായി പ്രവർത്തിക്കണം.

നന്മയുടെ നല്ല മാതൃകകൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. സമൂഹ സേവനം നിർബന്ധമാക്കണം. ചെറുക്ലാസുകളിൽ സിലബസ് പഠിപ്പിച്ച് തീർക്കുന്നതിന്റെ അപ്പുറം നല്ല മനുഷ്യനായി വളരാൻ പഠിപ്പിക്കുക. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കണം. വർഷത്തിൽ 3 തവണ എങ്കിലും കുട്ടിയുടെ ഭവനം അധ്യാപകൻ സന്ദർശിക്കണം. അതുവഴി കുട്ടിയെ അടുത്ത് അറിയാൻ അധ്യാപകർക്ക് കഴിയുന്നു. അവനൊപ്പം ചേർന്ന് നിൽക്കാനും ചേർത്ത് നിർത്താനും അധ്യാപകന് കഴിയണം. എന്ത് പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ കഴിയുന്ന ഉത്തമനായ രക്ഷിതാവ് ആവാൻ മാതാപിതാക്കൾക്ക് കഴിയണം. എന്തും സാധിച്ചുകൊടുക്കുന്ന രക്ഷിതാവ് അല്ല മറിച്ച് നന്മയെയും തിന്മയെയും പറഞ്ഞു മനസ്സിലാക്കാൻ കഴിയുന്ന രക്ഷിതാവ് ആണ് യഥാർത്ഥ രക്ഷിതാവ്.

അധ്യാപകരും രക്ഷിതാക്കളും പൊതു സമൂഹവും ഒരുമിച്ച് നിന്ന് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താം. സ്റ്റീഫൻ ഗ്രെല്ലേറ്റ് പറഞ്ഞപോലെ ചുറ്റുമുള്ളവരുടെ നന്മ കാണുവാനും മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യുവാനും നമുക്ക് കഴിയണം. കാരണം ഇത് വഴി ഇനി വരുമോ ഇല്ലയോ എന്ന് എനിക് അറിയില്ല.

നമുക്ക് ഒരുമിച്ചു നിൽക്കാം നന്മയുള്ള പുതു തലമുറക്ക് വേണ്ടി...


**08 – ാം ചരമവാർഷികം**
**06-03-2025**



## റ്റി. കെ. ജോയി
**പടിഞ്ഞാറെതോപ്പിൽ**
**കുറ്റൂർ, തിരുവല്ല**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**14 – ാം ചരമവാർഷികം**
**09-03-2025**



## കെ.സി. ഏബ്രഹാം (പാപ്പച്ചൻ)
**കരിപ്പാൽ**
**ചെറുകുളഞ്ഞി, അഞ്ചാനി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 – ാം ചരമവാർഷികം**
**20-03-2025**



## ഷാജി ഏബ്രഹാം
**ഇരണയ്ക്കൽ,**
**തുരുത്തിക്കാട്, മല്ലപ്പള്ളി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


**19 – ാം ചരമവാർഷികം**
**11-03-2025**



## പി.എ. ഐസക്ക്
**കാവനാൽ, തിരുവനന്തപുരം**

***സന്തപ്ത കുടുംബാംഗങ്ങൾ***

**23 –ാം ചരമവാർഷികം**
**20-03-2025**



**പി. റ്റി. സ്റ്റീഫൻ** (ബേബി)
**ഇടശ്ശേരിൽ, നടുക്കേമുറിയിൽ**
**ഒഴുവൻപാറ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


**35 –ാം ചരമവാർഷികം**
**05-03-2025**



**പി. കെ. ഏബ്രഹാം** (കുഞ്ഞവറാച്ചൻ)
**പ്ലാന്തോടത്തിൽ, ഇരവിപേരൂർ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**06 –ാം ചരമവാർഷികം**
**11-03-2025**



**എ. കുര്യൻ ഇട്ടി** (കുഞ്ഞുമോൻ)
**അടയ്ക്കാകുളത്തിൽ**
**പടിഞ്ഞാറ്റോതറ, തിരുവല്ല**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**32 –ാം ചരമവാർഷികം** **11 –ാം ചരമവാർഷികം**
**25-03-2025** **26-04- 2025**



**Saji Kuriakose** **Baby Kuriakose**
(Forest Contractor) (Forest Contractor)

**Kavumkal, Angadi, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

*സ്നേഹസ്മരണയ്ക്ക്*

20 – ാം ചരമവാർഷികം 26-03-2025

24 – ാം ചരമവാർഷികം 29- 03-2025



M. K. Abraham Sosamma Abraham

**Maliyil**
**Vadasserikara**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

03 – ാം ചരമവാർഷികം 05- 04-2025

14 – ാം ചരമവാർഷികം 18-01-2025




കെ. യു. മാത്യു ചാച്ചിക്കുട്ടി മാത്യു

**കടയ്ക്കേത്ത (മുരിക്കേത്ത്)**
**പുല്ലുപ്രം, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

12 – ാം ചരമവാർഷികം 25-03-2025

28 – ാം ചരമവാർഷികം 19-01- 2025



Abraham Pappen M. P. Raju

**Mepparath**
**Blockpadi, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

1 – ാം ചരമവാർഷികം
18-03-2025



**ജോസ് ഫിലിപ്പ്** (ജെയിംസ് )
**ഇളപ്പുങ്കൽ, വെണ്ണിക്കുളം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 8th Death Anniversary

30-3-2025



25-03-1938 - 30-03-2017

### E.T. ABRAHAM (Avarachen)

Ezhumayil, Chingavanam

*A Loving father, tender and kind, what a beautiful memory you left behind*

Valsa Abraham
Dr Manoj, Dr Sina, Irene & Abigail
Dr Manju, Santhosh, Dr. Lydia & Asher

Advt -O

## 1st Death Anniversary

07-03-2025



### Ammini Chacko

Melayil, Kallissery

Advt -O

## 1st Death Anniversary

26-03-2025



### Thomas Thankan

**Puthuchira, Panampilly Nagar, Kadavanthara**

"Hoping to meet again on the shores of eternity with memories that never die"

By Sorrowing Family

Advt - O

## 9 – ാം ചരമവാർഷികം

24–03–2025



### പി. എം. ചെറിയാൻ (ഏലിയാസ്)

കട്ടയിൽ, പൂവൻതുരുത്ത്, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt- O

1 – ാം ചരമവാർഷികം

29 – 03 – 2025



# കെ.കെ. ബേബി

കൂർക്കകാലായിൽ, ചിങ്ങവനം

1 – ാം ചരമവാർഷികം

08 – 03 – 2025



# സാറാമ്മ സ്കറിയ

ഇടയപറമ്പിൽ, അഞ്ചാനി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R



## 5th Death Anniversary

06 – 05 – 1933 – 11 – 04 – 2020

"He will wipe every tear from their eyes. There will be no more death' or mourning or crying or pain, for the old order of things has passed away."
Revelation 21:4

# C. A. George
# (Aniyachen)

*"To live in the hearts of those we love is to never die.*
*You may no longer be with us physically but in our hearts you always are and forever will be."*

Chirayil Family, Chennai

Advt -O

## 2nd Birthday in Heaven

14-3-2025



**Saji P. Kuruvilla**

**Chakkummoottil, Kallisserry**

"If we live, we live for the Lord, and if we die, we die for the Lord. Therefore, whether we live or die, we belong to God."
Romans 14:8

By Sorrowing Family

Advt - O

## 13-ാം ചരമവാർഷികം

10-03-2025



**കുഞ്ഞൂഞ്ഞമ്മ പുന്നൂസ്**

**പനച്ചമൂട്ടിൽ, മാന്നാർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1-ാം ചരമവാർഷികം

20-03-2025



**കെ.കെ. ഏബ്രഹാം**

**കളരിക്കൽ, നെല്ലിയ്ക്കൽ, കുഴിമറ്റം**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാം എന്ന പ്രത്യാശയോടെ

*കുടുംബാംഗങ്ങൾ*

Advt - R

**The Cross of Christ has conquered Death**

## 8th Birthday In Heaven

**02-04-2025**



**JOSE MATHEWS (MONCEY)**

**Elayasseril, Kuttoor, Thiruvalla**

**Living with us, in our hearts, always...**
**Everloving family**

Advt - S

31 – ാം ചരമവാർഷികം

10 – 04 – 2025



K. A. ഏബ്രഹാം

6 – ാം ചരമവാർഷികം

8 – 2 – 2025



ശോശാമ്മ ഏബ്രഹാം

കണ്ണൻകേരിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

8th Death Anniversary

02 - 4 - 2025



K.I. ABRAHAM

2nd Death Anniversary

17 - 3 - 2025



ACHAMMA ABRAHAM

Kodinjoor House,
Kaviyoor, Thiruvalla

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt - S

10 – ാം ചരമവാർഷികം

25 – 3 – 2025



കെ. ഒ. സഖറിയ (കറിയാച്ചൻ)


കടക്കേത്ത്, തോട്ടമൺ,
റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - S

04 – ാം ചരമവാർഷികം
14- 02- 2025



പുന്നൂസ് മാത്യു

06 – ാം ചരമവാർഷികം
13- 02- 2025



ശോശാമ്മ മാത്യു

09 – ാം ചരമവാർഷികം
19- 03- 2025




തോമസ് മാത്യു

**അഴകത്ത് കാലായിൽ**
**പുല്ലുപ്രം, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

03 – ാം ചരമവാർഷികം
02-03-2025



**കെ.പി. തോമസ്** (തോമസ്സുകുട്ടി)
**കാരിമറ്റത്തിൽ, ചാന്നാനിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**ഭാര്യ: സാലമ്മ**
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

**28th Death Anniversary**
**13-03-2025**



**Loolu Philip**
**Edavazhickal**
(Former Headmistress - St. Mary Magdalene's Girls High School, Kurichy)
**Kottayam**
**Inserted by Sorrowing Family**

# 50 – ാം ചരമവാർഷികം



## അഡ്വ. വി.ഒ. മർക്കോസ്

വാതക്കാട്ട്, കോട്ടയം.

(1890 – 1975)

തിരുവിതാംകൂർ - കൊച്ചി നിയമസഭാ മുൻ മന്ത്രി
പറവൂർ ടി.കെ. നാരായണപിള്ള മന്ത്രിസഭ

കോട്ടയം മുൻ എം.എൽ.എ.

കോട്ടയം മുനിസിപ്പാലിറ്റി മുൻ മുനിസിപ്പൽ ചെയർമാൻ

കോട്ടയം ഡിസിസി മുൻ പ്രസിഡന്റ്


മലങ്കര സുറിയാനി ക്നാനായ അസോസിയേഷൻ മുൻ അംഗം

കോട്ടയം പബ്ലിക് ലൈബ്രറി മുൻ പ്രസിഡന്റ്

*സ്നേഹസ്മരണകളോടെ,*
*വാതക്കാട്ട് കുടുംബാംഗങ്ങൾ*

21 – ാം ചരമവാർഷികം

**29- 03-2025**



**എൻ. പി. ചാണ്ടി** (ജോയി)

**നെയ്ച്ചേരിൽ, കുടമാളൂർ, കോട്ടയം**

സന്തപ്ത കുടുംബാംഗങ്ങൾ

15 – ാം ചരമവാർഷികം

**02-3-2025**



**ചിന്നമ്മ ഉതുപ്പാൻ**

**മടുക്കമൂട്ടിൽ, പൂവൻതുരുത്ത്**

സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
11-03-2025




**കെ.സി. തോമസ്** (സണ്ണി)
**വല്ല്യത്തിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

34th DEATH ANNIVERSARY
24-03-2025



**Rev. Fr. K. I. ABRAHAM COR-EPISCOPA**
**Kizhakkemuriyil**
**Aythala, Ranny.**

Loving Family


**In loving memory**


51st Death Anniverary
27-03-2025

33rd Death Anniverary
16-03-2025


23rd Death Anniverary
04-05-2025

11th Death Anniverary
28-10-2025









**P. K. Joseph**
(അനിയൻകുഞ്ഞ്)

**K.P. Kuriakose & Mariakutty Kuriakose**

**P. K. Mathewkutty**
(ബാബുകുട്ടൻ)

**Kalarithara Puthenpurayil**
**Veliyanadu**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**കുടുംബാംഗങ്ങൾ**



## 38th Death Anniversary
**21-03-2025**

# P. T. ZACHARIAH
## MARY GIRI ESTATE
## VADAKKENCHERRY,
## PALAKKAD


**(Peedikaparampil)**

**Chingavanam**

**BY SORROWING FAMILY**

18 – ാം ചരമവാർഷികം
**11- 03- 2025**

01 – ാം ചരമവാർഷികം
**09-03-2025**






**ഉതുപ്പാൻ സ്ക്കറിയ** **കുഞ്ഞുഞ്ഞമ്മ സ്ക്കറിയ**

**മേപ്പുറത്ത്**
**അഞ്ചാനി (ചെറുകുളഞ്ഞി)**

സന്തപ്ത കുടുംബാംഗങ്ങൾ

21 – ാം ചരമവാർഷികം
**18-03-2025**




**എ.എം ഫിലിപ്പ്**

**ഇരണയ്ക്കൽ,**
**തുരുത്തിക്കാട്, മല്ലപ്പള്ളി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
26-03-2025



**ഇ.എം. തോമസ്**
**ഇടയപറമ്പിൽ**
**അഞ്ചാനി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


15 – ാം ചരമവാർഷികം
22-03-2024



**പ്രകാശ് ഏബ്രഹാം**
(സിവിൽ കോൺട്രാക്ടർ)
**നടുവിലേപറമ്പിൽ, വാകത്താനം**

**സന്തപ്ത കുടുംബാംഗങ്ങൾ**


46 – ാം ചരമവാർഷികം
06-03-2025



**വി.യു. ആൻഡ്രൂസ്** (പാപ്പച്ചൻ)
**ചെറുനാട്ടായ പല്ലാട്ട്**
**ചെങ്ങളം**

**സന്തപ്ത കുടുംബാംഗങ്ങൾ**


10 – ാം ചരമവാർഷികം
03-03-2025



**ഉതുപ്പാൻ മാത്യു** (കുഞ്ഞുമോൻ)
**പ്ലാംകൂട്ടത്തിൽ, കോട്ടയം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


**05 –ാം ചരമവാർഷികം**
**18-03-2025**



## കെ.സി ഏബ്രഹാം
**കൈതോലിൽ, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**37 –ാം ചരമവാർഷികം**
**26-03-2025**



## കെ.സി. സ്കറിയ (കറിയാച്ചൻ)
**കല്ലുകുളം, ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**10 –ാം ചരമവാർഷികം**
**17-04 -2025**



## ചിന്നമ്മ ഏബ്രഹാം
**കൊല്ലംപറമ്പിൽ**
**ചാന്നാനിക്കാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**07 –ാം ചരമവാർഷികം** **10 –ാം ചരമവാർഷികം**
**16- 04-2025** **04-03-2025**




## K.S. Mathew
**(Tomy)**

## Litto K. Mathew

**Kdaithara**
**Chingavavam**

**by Sorrowing Family**

21 – ാം ചരമവാർഷികം
**12-10-2025**

02 – ാം ചരമവാർഷികം
**31-03-2025**




**പി.കെ. മാത്യു**
(തങ്കച്ചൻ)

**അന്നാമ്മ മാത്യു**

**പാലക്കുടിയിൽ**
**ചിങ്ങവനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


01 – ാം ചരമവാർഷികം
**16-04-2025**



**അച്ചാമ്മ തോമസ് (മോളി)**
**ഇഞ്ചൻതുരുത്തിൽ**
**മാമ്പുഴക്കരി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


22 – ാം ചരമവാർഷികം
**12-03-2025**



**എം. റ്റി. ഏബ്രഹാം (തങ്കച്ചൻ)**
**മൂഴിപ്പെരുമേത്ത്**
**തിരുവനന്തപുരം**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

16 – ാം ചരമവാർഷികം
**26-03-2025**



**T.C. JACOB**
**(Kuttapai)**
**Thondukuzhiyil**
**Chingavanam**
സന്തപ്ത കുടുംബാംഗങ്ങൾ


32 – ാം ചരമവാർഷികം
**06-03-2025**



**എം.ഒ. മർക്കോസ്**
**മണിമലപാറയിൽ**
**ചിങ്ങവനം**
സന്തപ്ത കുടുംബാംഗങ്ങൾ

**"കരുണനിറഞ്ഞവനെ**
**പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ**
**പുതുതാക്കീടണമെ"**

16 –ാം ചരമവാർഷികം
25 - 03- 2025



കെ.സി. തോമസ് (പാപ്പൂട്ടി)
കീച്ചേരിൽ
ചാന്നാനിക്കാട്

*സന്തപ്ത കുടുംബാംഗങ്ങൾ*

15 –ാം ചരമവാർഷികം
27-03-2025



**V. J. Joseph** (Kunjumon)
**Vadakemuriyil**
**Aythala, Ranny**

*സന്തപ്ത കുടുംബാംഗങ്ങൾ*


19 –ാം ചരമവാർഷികം
19- 03- 2025



തോമസ് ചാണ്ടി
നെയ്പള്ളിയൂഴത്തിൽ
ഇരവിപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


**9th Death Anniversary**
**24-03-2025**



**P. C. ABRAHAM**
**Puthuparampil**
**Aythala, Ranny**

*സന്തപ്ത കുടുംബാംഗങ്ങൾ*


27 –ാം ചരമവാർഷികം
21-03-2025



റ്റി.പി. ഏബ്രഹാം
തോമ്പുമണ്ണിൽ
ഇടക്കുളം, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

13 –ാം ചരമവാർഷികം
19 -03 - 2025



പി.സി ചാക്കോ (തങ്കച്ചൻ)
കൈപ്പുഴമുള്ളാനിൽ
സീതത്തോട്, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


12 –ാം ചരമവാർഷികം
03-04-2025



അന്നമ്മ മാത്യു
മേമനകളീയ്ക്കൽ
തിരുവൻവണ്ടൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

15 –ാം ചരമവാർഷികം
20-03-2025



കുര്യൻ തോമസ്
ഉതിനിൽക്കുന്നതിൽ
കുറ്റൂർ
Sorrowing Family


29 –ാം ചരമവാർഷികം
23-03-2025



പുന്നൂസ് (കുഞ്ഞച്ചൻ)
കടുംങ്ങോത്ത്
പഴയകളം, കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

23 –ാം ചരമവാർഷികം
02-04-2025



എം.എസ്. തോമസ്
മാക്കോന്ത്ര
കുഴിമറ്റം

*സന്തപ്ത കുടുംബാംഗങ്ങൾ*


41 –ാം ചരമദിനം
25-03-2025



മറിയാമ്മ ജോസഫ്
കാലായിൽ
വെള്ളുത്തുരുത്തി

*സന്തപ്ത കുടുംബാംഗങ്ങൾ*

25 –ാം ചരമവാർഷികം
01-03-2025



പി.റ്റി. ജേക്കബ്
പരപ്പൂത്ര
നീലംപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

# വേർപാടിന്റെ 5 – ാം വാർഷികം

06 – 04 – 2025



## സെനി ചാക്കോ

കണ്ടല്ലൂമണ്ണിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

Registered No. KL/CHC/29/2024-26
Published on 15 March 2025

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 36, Issue: 3 ₹ 10




Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**